THE MALANKARA SABHA

മലങ്കരസഭ

The Official Media of Malankara Orthodox Syrian Church

ഡിസംബർ 2015

Rs : 15

MY LORD AND MY GOD

മനുഷ്യാവതാരം
പുതുജീവന്റെ സദ്‌വാർത്ത

സൈൻ–ഓഫ്

SIGN OFF

Merry Christmas

HAPPY NEW YEAR

മലങ്കരയുടെ വലിയ ബാവാ

പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ

52-ാം ഓർമ്മപ്പെരുന്നാൾ

2016 ജനുവരി 2, 3
(ശനി, ഞായർ) തീയതികളിൽ
കുറിച്ചി വലിയ പള്ളിയിൽ

- അഖിലമലങ്കര പ്രസംഗമത്സരം
- വി. മാർത്തോമ്മാശ്ലീഹായുടെ ദുഖ്റോനോ-പുഴുക്കുനേർച്ച
- എക്യുമെനിക്കൽ റാലി
- പെരുന്നാൾ റാസ
- വി. മൂന്നിന്മേൽ കുർബ്ബാന
- പ. ഗീവർഗീസ് ദ്വിതീയൻ അനുസ്മരണ പൊതുസമ്മേളനം
- മലങ്കരസഭ മാസികയുടെ സപ്തതി ഉദ്ഘാടനം
- തീർത്ഥാടക സംഗമം
- ശ്രാദ്ധ സദ്യ
- തീർത്ഥയാത്ര



പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ മദ്ധ്യസ്ഥതയിൽ നാനാജാതി മതസ്ഥർക്ക് അനുഭവസാക്ഷ്യമായ ഈ പുണ്യഭൂമി, അനുഗ്രഹത്തിന്റെ തീർത്ഥാടന കേന്ദ്രമായി പരിലസിക്കുന്നു...

എല്ലാ മാസവും;
ആദ്യവെള്ളിയാഴ്ച ധ്യാനവും, പ. ഗീവർഗീസ് ദ്വിതീയൻ ബാവായോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയും.
രോഗികൾക്കും വിവിധ ആവശ്യങ്ങൾക്കു വേണ്ടിയും പ്രത്യേക പ്രാർത്ഥന.

മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കു പേരു നൽകുവാൻ:
kurichybava@yahoo.com,
www.facebook.com/Kurichy-Valiyapally



ഫാ. വി.എം.ഏബ്രഹാം വാഴയ്ക്കൽ, (വികാരി)
ഫോൺ: 9446384402

St. Peters & St. Paul's Orthodox Church (Kurichy Valiyapally),
Neelamperoor P.O., Kurichy-686534
kurichybava@yahoo.com, Mob. 9497222463

ഫാ. ജോൺ ശങ്കരത്തിൽ
(ജനറൽ കൺവീനർ)
ഫോൺ: 9847478894



മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

www.malankarasabhaonline.in
malankarasabha1946@gmail.com
sabhamasika@yahoo.com

ലക്കം 12, പുസ്തകം 72, ഡിസംബർ 2015

5 മഹാപുരോഹിത സന്ദേശം

6 എഡിറ്റോറിയൽ
സപ്തതി നിറവിൽ
- ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ

8 പഴയ സെമിനാരിയുടെ സ്ഥാനം..
ദ്വിശതാബ്ദി
- കേരളാ ഗവർണർ ജസ്റ്റിസ് പി. സദാശിവം

10 മനുഷ്യാവതാരം...
ക്രിസ്തുമസ്
- ഫാ. ഡോ. ബിജേഷ് ഫിലിപ്പ്

14 ദൂതൻ ഗബ്രിയേൽ
പഠനം
- ജോസ് പി. റ്റി. നല്ലില

18 മാർത്തോമ്മാ ശ്ലീഹാ..
പഠനം
- ഡോ. പുന്നൂസ് യു. പാണൂർ

23 കൂനൻ കുരിശ്..
ചരിത്രം
- ഫാ. ഡോ. ജോസ് ജോൺ

33 തീർത്ഥയാത്രയും...
വിശകലനം
- ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

40 ദേവലോകത്തെ പിതാക്കന്മാർ
അനുസ്മരണം
- ഫാ. എം.കെ. കുര്യൻ

43 മഹാനായ ദീവന്നാസിയോസ്
സ്മരണ
- ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ



പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 52-ാം ഓർമ്മ ജനുവരി 3, 4 തീയതികളിൽ ദേവലോകം അരമനയിൽ

President
Dr. Zacharias Mar Aprem
Chief Editor
Fr. Dr. John Thomas Karingattil

Printed and Published by
Fr. Deepu Philip for Orthodox Viswasa Paripalana Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam Kottayam-04;

Malankara Sabha
For Subscription queries
sabhamasika@yahoo.com
For Editorial queries
malankarasabha1946@gmail.com

www.malankarasabhaonline.in

Devalokam Kottayam-04;
Ph:0481-2573234

Rs. 15/-

BRIEFLY

മലങ്കരസഭാ മാസികയുടെ സപ്തതി പ്രഭാഷണ പരമ്പരയുടെ ഉദ്ഘാടനം ഡിസം. 27-ന് ഞായറാഴ്ച രാവിലെ 10.30-ന് മലങ്കരസഭ മാസികയുടെ സ്ഥാപക പിതാവ് പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ മാതൃദേവാലയമായ കുറിച്ചി വലിയ പള്ളിയിൽ വച്ച് നടത്തും.

എം.ജി.ഒ.സി.എസ്.എം. 107-മത് വാർഷിക കോൺഫ്രൻസ് ഡിസം. 22 മുതൽ 26 വരെ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ നടത്തും.

മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷൻ വർഷം തോറും നൽകിവരുന്ന വിദ്യാഭ്യാസ, ചികിത്സാ സഹായത്തിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാഫോറത്തിനായി സെക്രട്ടറി, മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷൻ, ഓർത്തഡോക്സ് സെമിനാരി, പി. ബി. നമ്പർ 98, കോട്ടയം - 1 എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

എറികാട് ഇ.ജെ. ജോസഫ് സ്മാരക ക്വിസ് മത്സരം ഡിസം. 26-ന് ഉച്ചയ്ക്ക് കോട്ടയം താഴത്തങ്ങാടി പള്ളിയിൽ നടത്തും. 10,000, 7500, 5000 രൂപാ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനത്തിനു നൽകും. 22-ന് മുമ്പ് രജിസ്റ്റർ ചെയ്യണം. ഫോൺ: 9447112293, 9846663260

അഖില മലങ്കര ബാലസമാജം വാർഷിക ക്യാമ്പ് 2016 ജനുവരി 15 മുതൽ 17 വരെ പാമ്പാടി ദയറായിൽ നടത്തും.

'മലങ്കരസഭാ വാർത്തകൾ' സഭയുടെ ഔദ്യോഗിക വെബ്സൈറ്റായ കാതോലിക്കേറ്റ് ന്യൂസിലേക്ക് അയച്ചു തരണം. വിലാസം : www.catholicatenews.in

വായിക്കുക പ്രചരിപ്പിക്കുക വരിക്കാരാവുക
മലങ്കരസഭ മാസിക
70 വർഷത്തെ അക്ഷര വെളിച്ചം
www.malankarasabhaonline.in

മലങ്കരസഭ

10 ഡിസംബർ 2015

എല്ലാ മാസവും മലങ്കരസഭയുടെ
അക്ഷര പ്രകാശം

EDITORIAL BOARD

പ്രസിഡന്റ്
ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ
Phone: 0481-2578500, 2578499

ചീഫ് എഡിറ്റർ
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 9447141639

മാനേജിംഗ് എഡിറ്റർ
ഫാ. ദീപു ഫിലിപ്പ്
Mob:- 9446996224

സബ് എഡിറ്റർ
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

സർക്കുലേഷൻ മാനേജർ
കെ. എ. ജോൺ
Mob:- 9744648617

അംഗങ്ങൾ
ഫാ. ഡോ. റ്റി. ജെ. ജോഷ്വ
ഫാ. എബ്രഹാം തോമസ് കടക്കാമണ്ണിൽ
ഫാ. സഖറിയ നൈനാൻ
ഡോ. ജോർജ് ജോസഫ്
പ്രൊഫ. തോമസ് കുരുവിള
ജിജി ജോൺസൺ

Cover & Graphic Designing:-
Jinto Kurichy at
Malankara Sabha

www.malankarasabhaonline.in

വരിസംഖ്യ

ഇന്ത്യയിൽ
ഒറ്റപ്രതി:15 രൂപ
ഒരുവർഷം: 180 രൂപ
2 വർഷം : 360 രൂപ
4 വർഷം: 700 രൂപ
6 വർഷം: 1000 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

www.facebook.com:
malankarasabha

ഗുരുമൊഴി



ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്ത

പൗരസ്ത്യ ക്രൈസ്തവ സന്യാസ പാരമ്പര്യവും ക്രൈസ്തവ ആധ്യാത്മികാനുഭവവും കോർത്തിണക്കി പൗരോഹിത്യ ശ്രേണിയുടെ അത്യുന്ന തലത്തിൽ എത്തിച്ചേർന്ന പിതാക്കന്മാരാണ് പരിശുദ്ധ ബസേലിയസ് ഗീവർഗീസ് ദ്വിതീയൻ, പരിശുദ്ധ ബസേലിയസ് ഔഗേൻ പ്രഥമൻ, പരിശുദ്ധ ബസേലിയസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ എന്നി കാതോലിക്കാ ബാവാമാർ. തപശ്ചര്യയിലൂന്നിയ ജീവിത ശൈലിയിലൂടെയും കൂദാശാനുഷ്ഠാനത്തിലൂടെ ആർജിച്ചെടുത്ത ദിവ്യശോഭയിലൂടെയും ദൈവീകരണം നേടിയെടുത്ത ഈ പുണ്യാത്മാക്കൾ കലവറയുടെ കാവൽക്കാരായിരുന്നു. ഉത്തമരും വിശ്വസ്തരുമായ കാര്യവിചാരകരായിരുന്നു.

മൂന്ന് വ്യത്യസ്ത തലങ്ങളിൽ നിന്നുകൊണ്ട് ഈ മൂന്ന് പിതാക്കൻമാരെ നോക്കിക്കാണുവാനാണ് ശ്രമിക്കുന്നത്. തേജസ്സാർന്ന വ്യക്തിപ്രഭാത്തിലൂടെ പരിശുദ്ധിയുടെ തെളിച്ചം സഭയ്ക്ക് നൽകിയ ബസേലിയസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ, ലാളിത്യവും നൈർമല്യവും നിറഞ്ഞുനിന്ന പാണ്ഡിത്യത്തിലൂടെ വിശ്വാസ സമൂഹത്തിന്റെ ആരാധനാ പൈതൃകത്തെ സമ്പുഷ്ടമാക്കിയ ബസേലിയസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ, ഗാംഭീര്യമാർന്ന നേതൃശേഷിയിലൂടെ ശക്തമായ ഭരണക്രമം സഭയ്ക്ക് നൽകി കെട്ടുറപ്പുള്ള ഒരു ഘടന രൂപികരിച്ച ബസേലിയസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ, ഈ മൂന്ന് പിതാക്കൻമാർ ഇരുപതാം നൂറ്റാണ്ടിൽ സഭയ്ക്ക് നൽകപ്പെട്ട വിലയേറിയ രത്നങ്ങളായിരുന്നു.

ഭാരതീയ ഋഷി പൈതൃകം പിൻതുടർന്ന പരുമല തിരുമേനിയുടെ ശിക്ഷണത്തിലൂടെ കരുപ്പിടിപ്പിച്ച ജീവിതവിശുദ്ധിയും രഹസ്യാത്മകമായ അനുഭൂതികളിലൂടെ വളർത്തിയെടുത്ത ദൈവ വിജ്ഞാനീയവും ഗീവർഗീസ് ദ്വിതീയൻ ബാവായുടെ സവിശേഷതകളായിരുന്നു. അത്ര ശാന്തമല്ലാതിരുന്ന സഭാന്തരീക്ഷത്തിൽ വിശ്വാസ സമൂഹത്തിന്റെ ഊർജകേന്ദ്രമാകുവാൻ അദ്ദേഹത്തിനു സാധിച്ചു. അഭൗമികമായ ഊർജപ്രസരണത്തിലൂടെ സഭയിലും സമൂഹത്തിലും വിശുദ്ധിയുടെ സ്ഫുരണങ്ങൾ ഉയർത്തിയ പിതാവ് ഒരു ദൈവദൂതനെപ്പോലെ സമാധാനത്തിന്റെ പ്രഘോഷകനായി.

മോശയുടെ നേതൃത്വപാടവവും അഹറോന്റെ പൗരോഹിത്യ ശൈലിയും സമന്വയിക്കപ്പെട്ടതുപോലെയുള്ള അസാധാരണ വ്യക്തിത്വമായിരുന്നു ആ പുണ്യാത്മാവിന്റേത്. പരിശുദ്ധനായ പരുമല തിരുമേനിയും പരിശുദ്ധനായ വട്ടശേരിൽ പിതാവും പകർന്നുകൊടുത്ത തെളിമയാർന്ന ജീവിതക്രമം അതിജീവനത്തിന്റെ തലങ്ങളിൽ പരിശുദ്ധിയുടെ പരിമളം പരത്തുവാൻ ഈ പിതാവിനെ സഹായിച്ചു.

മോഹനീയവും അതീവ രഹസ്യാത്മകവുമായ ആത്മസൗന്ദര്യവും സൗരഭ്യവുമാണു പരിശുദ്ധി എന്ന താത്വിക നിർവചനത്തിന്റെ വ്യക്തിഭാവമായിരുന്ന 'വലിയ ബാവ' വിശുദ്ധിയിലൂന്നിയ ആ വശ്യതയിലേക്ക് ആകൃഷ്ടമായത് ഒരു കാലഘട്ടവും ഒരു സമൂഹവുമായിരുന്നു. എന്നാൽ കാലഘട്ടത്തിന്റെ പരിമിതികളെ മറികടക്കുവാൻ അദ്ദേഹം എപ്പോഴും ശ്രദ്ധിച്ചിരുന്നു. ആന്തരിക സൗന്ദര്യം ദാനം ചെയ്ത സ്വാതന്ത്ര്യബോധം സഭയെ സംബന്ധിക്കുന്ന ഒരു വിശാല കാഴ്ചപ്പാടിലേക്ക് അദ്ദേഹത്തെ എത്തിച്ചു. ഈ വിശാല കാഴ്ചപ്പാടും പരിശുദ്ധി നൽകുന്ന സ്വാതന്ത്ര്യവുമായിരുന്നു 1958ലെ സഭാ സമാധാനം. മലങ്കരസഭാ ചരിത്രത്തിലെ ആ മധുര സ്മരണയുടെ ശിൽപിയുടെ വിശുദ്ധമായ ദീപ്ത സ്പന്ദനമാണ് സഭയെ സംബന്ധിച്ചിടത്തോളം ജനുവരിയുടെ സൗന്ദര്യം.

ഓർത്തഡോക്സ് സഭയുടെ ഇരുപതാം നൂറ്റാണ്ടിലെ ചരിത്രം പ്രധാനമായും രചിച്ചത് ഈ വിശുദ്ധ പിതാക്കൻമാർ രൂപംകൊടുത്ത രീതിശാസ്ത്രത്തിലൂന്നിയായിരുന്നു. ആത്മീയാനുഭൂതിയുടെയും ദൈവസാക്ഷാത്കാരത്തിന്റെയും മൂന്നു വ്യത്യസ്ത ഭാവങ്ങളായിരുന്നു ഇവർ മൂവരും. അതിമഹത്തും അതീവരഹസ്യപൂർണവും ബഹുലഭാവങ്ങളും ഉള്ള സ്വർഗീയ കലവറയുടെ കാവൽക്കാരായിരുന്നു ഈ പരിശുദ്ധ പിതാക്കന്മാർ.

മഹാപുരോഹിത സന്ദേശം

മലങ്കര ഓർത്തഡോക്സ് സഭയുടെ ഹൃദയം എന്നു വിശേഷിപ്പിക്കാവുന്ന പുണ്യ ഭൂമിയാണ് പഴയസെമിനാരി. 200 വർഷങ്ങൾക്ക് മുമ്പ് ഒരു ആചാര്യശ്രേഷ്ഠൻ, 'പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ', ജനിച്ച നാടും വളർന്ന വീടും വിട്ട് സഭയുടെ സിരാകേന്ദ്രമായി മാറിയ ഈ അക്ഷരനഗരിയിലേക്ക് വന്നു. പ. സഭയെ എങ്ങനെ രൂപപ്പെടുത്തി എടുക്കണമെന്ന് മനസിൽ സ്വപ്നം കണ്ട്, ഇച്ഛാശക്തിയോടെ ദൈവകരുണയിൽ ആശ്രയിച്ച് സർക്കാരിന്റെയും മിഷണറിമാരുടെയും സ്നേഹ ആദരവുകൾ നേടി, ഈ മഹത്തായ സ്ഥാപനം പടുത്തുയർത്തി. ഈ പുണ്യഭൂമി, മലങ്കരസഭയുടെ ഹൃദയമാണ്, സിരാകേന്ദ്രമാണ്.

സഭയുടെ വഴികാട്ടികളായ വൈദികരെ വാർത്തെടുക്കുവാനുള്ള പഠിത്തവീട് അഥവാ പരിശീലന കേന്ദ്രം സഭയ്ക്ക് മുഴുവനായി ആരംഭിക്കുവാനുള്ള ദീർഘവീക്ഷണം അദ്ദേഹത്തിന് ഉണ്ടായിരുന്നു. മാത്രമല്ല ഇംഗ്ലീഷ് വിദ്യാഭ്യാസം ഇവിടെ ആരംഭിക്കണ്ടത് സമൂഹത്തിന്റെ വളർച്ചക്ക് ആവശ്യമാണെന്നും അദ്ദേഹം തിരിച്ചറിഞ്ഞു.

മിഷണറിമാരുമായി അദ്ദേഹത്തിനുള്ള ബന്ധം മലങ്കരസഭയ്ക്ക് ഒരിക്കലും മറക്കുവാൻ കഴിയുന്നതല്ല. പഠിത്തവീട് ഇവിടെ സ്ഥാപിക്കുവാനുള്ള അദ്ദേഹത്തിന്റെ ഇച്ഛാശക്തി വളരെ ശക്തമായിരുന്നു. എന്തിനു വേണ്ടിയാണിത് സ്ഥാപിച്ചത്? സഭയിൽ വിശ്വാസികളുമായുള്ള ആത്മബന്ധം പുലർത്തുന്നത് വൈദിക ശ്രേഷ്ഠരാണ്. അവരുടെ അറിവും ആരാധനയും ജീവിതാനുഭവവും കൊണ്ട് സാധാരണ വിശ്വാസികൾക്ക് ആദ്ധ്യാത്മിക ജീവിതം വളർത്തണമെന്ന് അവരെ ബോധവൽക്കരിക്കുകയും വഴി നടത്തുകയും ചെയ്യുന്ന വൈദികരെ പാകപ്പെടുത്തിയെടുക്കുക എന്നത് ഈ സെമിനാരിയുടെ സ്ഥാപനത്തിന്റെ മുഖ്യ ലക്ഷ്യമായിരുന്നു.

മലങ്കര സഭ നിലനിന്നത് ആരാധനയുടെ അടിത്തറയിലാണ്. പഴയ സെമിനാരിയിലേക്ക് വരുമ്പോൾ ഒരു ആത്മീയ ചൈതന്യം നമ്മേ ആശ്ലേഷിക്കുന്നുണ്ട്. ഇവിടെ എന്നും ആരാധന നടത്തുന്ന ഒരു ദേവാലയം ഉണ്ട്. ആ ദേവാലയത്തിലെ ദിവ്യത്വം എന്നെ പലപ്പോഴും സന്തോഷിപ്പിച്ചിട്ടുണ്ട്. ലോകത്തിന് വെളിച്ചം പകരുവാൻ ഈ പഠിത്ത വീടിലൂടെ അനേക ആചാര്യശ്രേഷ്ഠർക്ക് കഴിഞ്ഞിട്ടുണ്ട്. പഴയ സെമിനാരി വലിയ പ്രകാശ ഗോപുരമായി പരിലസിക്കുമ്പോൾ 20 വർഷം പ്രായമായ ഒരു സെമിനാരിയും നാഗ്പൂരിൽ പ്രവർത്തിക്കുന്നുണ്ട്.

ഒരു കാലഘട്ടത്തിൽ മലങ്കര സഭ കേരളത്തിൽ മാത്രം നിലനിന്നു. ഇന്ന് മലങ്കരസഭ ലോകം മുഴുവൻ വ്യാപിച്ചിട്ടുണ്ട്. വിവിധ സ്ഥലങ്ങളിലുള്ള വിശ്വാസികളെ ആരാധനയിലൂടെ സഭയുടെ വിശ്വാസവും പാരമ്പര്യവും എന്താണെന്ന് ബോധ്യപ്പെടുത്തുവാൻ സാധിക്കുന്നു. മാത്രമല്ല, വൈദിക സെമിനാരി മുഖാന്തിരം ആയിരക്കണക്കിന് അത്മായ പ്രമുഖരെ വേദശാസ്ത്രം, ആരാധനാ സംഗീതം, കൗൺസിലിങ്ങ് എന്നിവയിൽ പരിശീലനം നൽകി പ്രബോധിപ്പിക്കുന്നു. വേദശാസ്ത്രത്തിൽ മാത്രമല്ല ആരാധനയുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്ന ജീവിത വിശുദ്ധിയിലൂടെ മാത്രമേ ഭൗതിക ശക്തിയെ കീഴ്പ്പെടുത്തുവാൻ കഴിയുകയുള്ളു എന്ന സന്ദേശവും ഇവിടെ നിന്നും ലഭ്യമാകുന്നു.

വൈദിക സെമിനാരിയുടെ 200-ാം വാർഷികം ആഘോഷിക്കുമ്പോൾ പഠിത്തവീട് തുടങ്ങിയിടത്തല്ല നാം എത്തിനിൽക്കുന്നത്. പുതിയ നൂറ്റാണ്ടിന്റെ സാമൂഹിക വെല്ലുവിളികൾ വ്യത്യസ്ത സാഹചര്യങ്ങളിൽ ഏറ്റെടുക്കുവാൻ പര്യാപ്തമായി, സെമിനാരി വളർന്ന് വികസിച്ചുകൊണ്ടിരിക്കുകയാണ്. ഈ പഠിത്ത വീട് ആരംഭിച്ച പിതാവിന്റെ ദീർഘ വീക്ഷണവും ഇച്ഛാശക്തിയും ദൈവാശ്രയവും എത്രയോ മഹത്തരമാണ്.



ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

(പഴയ സെമിനാരിയിൽ നടന്ന ദ്വിശതാബ്ദി സമ്മേളനത്തിലെ അദ്ധ്യക്ഷപ്രസംഗ സംഗ്രഹം, 26-11-2015)

EDITORIAL

MALANKARASABHA

സപ്തതി നിറവിൽ



MALANKARA SABHA & THE FOURTH ESTATE

പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 1946-ലെ ദർശനമാണ് മലങ്കരസഭ മാസിക.

‘നമ്മുടെ സഭയുടെ പുരോഗമന പരമായ പ്രവർത്തനങ്ങൾക്ക് സഹായകരമായിരിപ്പാൻ *മലങ്കരസഭ* എന്ന പേരിൽ ഒരു പുതിയ മാസിക പ്രസിദ്ധം ചെയ്യുന്നതിൽ നാം സന്തോഷിക്കുന്നു. നമ്മുടെ എല്ലാ പള്ളി യോഗങ്ങളിലും, വായനായോഗം, സൺഡേസ്കൂൾ മുതലായ സ്ഥാപനങ്ങളിലും, എല്ലാ ഭവനങ്ങളിലും ഈ മാസിക വരുത്തി വായിക്കുന്നത് നമ്മുടെ ആത്മീയ മക്കൾക്ക് സഭയോടുള്ള താൽപര്യത്തിനും വിശ്വാസ സ്ഥിരതയ്ക്കും ആത്മീയ അഭിവൃദ്ധിക്കും സഹായകരമായിരിക്കും.

– പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ (1946, തുലാം 12, 1122)

* * *

മലയാളത്തിലെ പത്രപ്രവർത്തനത്തിന് അടിസ്ഥാനശിലയിട്ടത് ക്രൈസ്തവരാണ്. വിദേശിയരുടെ സഹായികളായി പത്രരംഗത്തെത്തിയ ഇവർ പിന്നീട് പത്രസ്ഥാപനങ്ങൾ തന്നെ ആരംഭിച്ചു. എന്നാൽ ഓർത്തഡോക്സ് സഭ പത്രപ്രവർത്തനത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയിരുന്നില്ലെങ്കിലും ഓർത്തഡോക്സ് സഭയിലെ പ്രബുദ്ധരായ അംഗങ്ങൾ ഇതിന്റെ ഗൗരവം ഗ്രഹിച്ചിരുന്നു.

– ഡോ. കെ. എം. തരകൻ

* * *

പത്ര വിപ്ലവം തീർച്ചയായും ഇന്ത്യയിൽ ഒരുതരം പൊതുമണ്ഡലം സൃഷ്ടിക്കുന്നുണ്ട്. അച്ചടി മാധ്യമത്തെ ഉപയോഗിക്കുവാനുള്ള ശേഷിയിൽ നിന്നാണ് രാഷ്ട്രീയത്തിന്റെയും മതത്തിന്റെയും സാധ്യതയും സ്വഭാവവും മാറുന്നത്.

– റോബിൻ ജെഫ്രി

* * * ’

മലങ്കര സഭയിലെ മാധ്യമ ചരിത്രം സഭാ ചരിത്രത്തോടും മലയാള ഭാഷയോടും അഭേദ്യമായി ബന്ധപ്പെട്ടതാണ്. മലയാള സാഹിത്യത്തിലെ നൂതന പ്രവണതകൾക്കും സമീകൃതമായ ഗദ്യ ശൈലിക്കും പത്രപ്രവർത്തനവും ഭാഷാപഠനവും വളരെയധികം സഹായിച്ചു. സംവേദനരംഗത്ത് വിസ്ഫോടനവും സാങ്കേതിക രംഗത്ത് കുതിച്ചുചാട്ടവും ഉണ്ടാക്കിയ മാധ്യമ സംവേദന പ്രക്രിയ സാമൂഹിക-മതരംഗത്ത് നിരവധി മാറ്റങ്ങൾ സൃഷ്ടിച്ചു.

19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ മലങ്കരസഭയ്ക്ക് സ്വന്തമായി പത്രമാധ്യമങ്ങൾ ഉണ്ടാകണമെന്ന ബോധ്യം ശക്തമായി. വിവിധ പത്രമാധ്യമങ്ങൾ സുറിയാനി സമുദായത്തിന്റെ വിശ്വാസപ്രമാണങ്ങൾ ചോദ്യം ചെയ്ത സാഹചര്യമാണ് പത്രമാധ്യമങ്ങളുടെ ശക്തി സഭ തിരിച്ചറിഞ്ഞത്. സഭയുടെ സ്വത്വത്തെയും വിശ്വാസത്തേയും തകർക്കുവാൻ ഗൂഢശ്രമം പത്രങ്ങൾ വഴി കേന്ദ്രീകൃതമായി നടപ്പാക്കുവാൻ പ്രൊട്ടസ്റ്റന്റ് മിഷനറിമാർ ശ്രമിച്ചപ്പോൾ അതേ സമ്പ്രദായത്തിൽ പ്രതിരോധിക്കുവാൻ മലങ്കരസഭയ്ക്ക് കഴിഞ്ഞത് മലങ്കരസഭയുടെ പത്രചരിത്രത്തിലെ സുപ്രധാന നേട്ടമാണ്. മലങ്കരസഭയിലെ ആദ്യകാല പ്രസിദ്ധീകരണങ്ങളിൽ പ്രതിഫലിക്കുന്നത് സാമുദായിക പ്രതിബദ്ധതയാണ്. ഇതാണ് സഭാ പ്രസിദ്ധീകരണ രംഗത്തെ കർമ്മോന്മുഖമാക്കുവാൻ സഹായിച്ച ഘടകം. കാലഘട്ടത്തിനനുസൃതമായി പത്രമാസികകൾ ആരംഭിക്കുന്നതിനും വിശ്വാസികളെ സ്വാധീനിക്കുന്നതിനും വേദവിപരീതികളെ തളയ്ക്കുന്നതിനും തൂലിക വിനിയോഗിച്ച സഭാപ്രസിദ്ധീകരണങ്ങളുടെ പ്രതിബദ്ധത അതുല്യമത്രെ.

മലങ്കരസഭയിലെ ആദ്യകാല മാധ്യമ ചരിത്രത്തിൽ നിർണ്ണായക പങ്കാളിത്തം വഹിച്ചത് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് അഞ്ചാമനാണ്. കേരള പതാക (1872), ഇടവക പത്രിക (1892), സുറിയാനി സുവിശേഷകൻ (1907) എന്നിവ അദ്ദേഹം ആരംഭിച്ചു. ദീപിക, മലയാള മനോരമ തുടങ്ങിയ മലയാള പത്രങ്ങളുടെ വളർച്ചയിൽ നിർണ്ണായക സ്വാധീനവും സൃഷ്ടിച്ചു.

വിശ്വാസത്തിന്റെയും പാരമ്പര്യത്തിന്റെയും തീവ്രമായ ഭക്തിയും കൂറും ആദ്യകാലത്തെ മാസികകളിൽ മുറുകെ പിടിക്കുന്നു. വേദവിപരീതികളെ സഭാ പ്രസിദ്ധീകരണങ്ങൾ ശക്തമായ അക്ഷരങ്ങളിലൂടെ നേരിട്ട് വിശ്വാസികളെ സഭാബന്ധത്തിൽ ഉറപ്പിച്ചു. ‘ഇടവകപത്രിക’ (1892), ‘കാതോലിക സഭ’ (1910), ‘ഓർത്തഡോക്സ് സഭ’ (1938), ‘മലങ്കര സഭ’ (1946) എന്നിവ സഭയുടെ മുഖപത്രങ്ങളാണ്. ഒരു പ്രത്യേക കാലഘട്ടത്തിൽ ആരംഭിച്ച്,

EDITORIAL

ശക്തിപ്പെട്ട് പിന്നീട് ശിഥിലമാകുന്ന പാരമ്പര്യമാണ് മലങ്കര സഭയിലെ ആദ്യകാല പത്രമാധ്യമങ്ങൾക്കുള്ളത്. മലങ്കരസഭാ മാസിക മാത്രമാണ് ഒരു ലക്കവും മുടങ്ങാതെ 70 വർഷമായി പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്നത്. ഇത് സഭാംഗങ്ങളുടെ സ്നേഹപൂർവ്വമായ കൈത്താങ്ങലുകൾ കൊണ്ടുമാത്രമാണ്.

മലങ്കരസഭയിലെ പത്രമാധ്യമങ്ങൾക്ക് ഒന്നര നൂറ്റാണ്ടിലധികം പാരമ്പര്യമുണ്ട്. ആദ്യകാല പത്രങ്ങൾ സഭയുടെ വിശ്വാസ-പാരമ്പര്യങ്ങൾ സുസ്ഥിരമാക്കുന്നതിന് യത്നിച്ചു. പിന്നീട് സഭാചരിത്രത്തിനും കക്ഷിവഴക്കിനും പ്രാധാന്യം നൽകി, മാധ്യമങ്ങളുടെ ഉള്ളടക്കം നിറച്ചു. എന്നാൽ പുതിയ തലമുറയിലെ പത്രമാധ്യമങ്ങൾ അധികവും പ്രാദേശിക വിവരണങ്ങളുടെ പ്രചരണത്തിനുള്ളതാണ്.

ഇന്ത്യയുടെ സ്വാതന്ത്ര്യാനന്തരഘട്ടം സമൂഹത്തിൽ മലയാള പത്രമാധ്യമരംഗത്ത് നവോത്ഥാനം ഉണ്ടായ കാലമാണ്. മുദ്രണരംഗത്തുണ്ടായ മുന്നേറ്റവും ഓഫ്സെറ്റ് അച്ചടിയും പത്രമാധ്യമങ്ങളുടെ ഉള്ളടക്കവും അവതരണവും ബഹുവർണ്ണമാക്കി. കമ്പ്യൂട്ടർ സങ്കേതങ്ങൾ, പത്രമാധ്യമങ്ങളുടെ രൂപഘടനയിൽ നൂതനത്വവും വൈവിധ്യവും സൃഷ്ടിച്ചു. ബഹുജന പ്രസിദ്ധീകരണങ്ങൾ *ജനകീയ സർവ്വകലാശാല*കളായി. വിജ്ഞാനവിഭവങ്ങൾ പങ്കിടുന്ന പൊതുതാൽപര്യങ്ങളുടെ കലവറയായി അച്ചടിമാധ്യമങ്ങൾ. ഇവ കോപ്പികളുടെ ഉൽപാദനവും പ്രചരണവും വർദ്ധിപ്പിച്ച് ബഹുജന മാധ്യമങ്ങളായിത്തീർന്നു. എന്നാൽ മലങ്കര സഭയിലെ പ്രസിദ്ധീകരണങ്ങൾ അച്ചടിയുടെയും പത്രപ്രവർത്തനത്തിന്റെയും ആദ്യപാഠങ്ങൾ തിരിച്ചറിയാതെ ശൈശവത്തിൽ തന്നെ സ്ഥിതിചെയ്യുന്ന കാലഘട്ടമാണിത്. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി, മാധ്യമ മാനേജ്മെന്റ്, മാർക്കറ്റിംഗ് ടെക്നിക്ക് എന്നിവയിലുള്ള അകാര്യക്ഷമത, ഉള്ളടക്കത്തിലെ അനാകർഷകത്വം, മാധ്യമപരിശീലനം നേടിയവരുടെ അഭാവം എന്നിവ മലങ്കരസഭയിലെ പത്രമാധ്യമങ്ങളെ അതിശക്തമായി ബാധിച്ചു. എങ്കിലും നിരവധി മലയാള പത്രമാധ്യമങ്ങൾ മലങ്കര സഭയുടെ വിവിധ തലങ്ങളിൽ നിന്നും പ്രസിദ്ധീകരിച്ചു. 2015-ലെ കണക്കിൻ പ്രകാരം അമ്പതിൽപ്പരം ഔദ്യോഗിക പത്രമാധ്യമങ്ങളാണ് മലങ്കരസഭയുടെ വിവിധ ഭദ്രാസനവും പ്രസ്ഥാനവും പ്രസിദ്ധീകരിക്കുന്നത്.

മലങ്കര ഓർത്തഡോക്സ് സഭയിൽ ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന അമ്പതിൽപ്പരം പത്രമാധ്യമങ്ങൾ വിശകലനം ചെയ്താൽ ഇവ പ്രചരിപ്പിക്കുന്നത് സഭയുടെ ദേശീയമോ ഏകമോ ആയ ദർശനമല്ല. പകരം പ്രാദേശികതയെ ശക്തിപ്പെടുത്തുന്ന സമീപനമാണ്. 'മലങ്കരസഭ' എന്ന ദർശനത്തിന് വേണ്ടത്ര ശക്തിയും പ്രചാരവും ലഭ്യമാകാതെയും പോകുന്നു.

മലങ്കര സഭയിലെ പല മാധ്യമങ്ങൾക്കും ഉള്ളടക്ക നിർവ്വഹണത്തിലോ അവതരണമികവിലോ, പൊതുജന സ്വാധീനത്തിലോ വേണ്ടത്ര ശക്തിയും ദർശനവും ഇല്ലാതെ പോകുന്നു. അതിനാൽ കാലത്തിന്റെ വെല്ലുവിളികൾ മനസ്സിലാക്കി വിവര സാങ്കേതികതയുടെയും നവമാധ്യമങ്ങളുടെയും സാധ്യത തിരിച്ചറിഞ്ഞ് ഉള്ളടക്കത്തിലും അവതരണത്തിലും കാലികമായ മാറ്റങ്ങൾ ഉൾക്കൊള്ളുവാൻ സാധിക്കണം. വിവരസാങ്കേതികതയുടെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് മാധ്യമങ്ങളിലൂടെയുള്ള സഭാ ദൗത്യം സുസജ്ജമാക്കുവാൻ ഒരു മാധ്യമ സംഘം തന്നെയുണ്ടാകണം. പത്രമാധ്യമരംഗത്ത് പ്രവർത്തിക്കുവാൻ കഴിവുറ്റ ഒരു നേതൃസംഘത്തെ പരിശീലിപ്പിക്കുകയും അവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യണം. 'മാധ്യമപ്രവർത്തനം സഭയുടെ ദൗത്യം' എന്ന സമീപനം വളർത്തി, ആവശ്യമായ സാമ്പത്തികവും സാമൂഹിക പ്രവർത്തന സംവിധാനങ്ങളും കേന്ദ്രതലത്തിൽ രൂപപ്പെടുത്തണം. പത്രമാധ്യമരംഗത്തും, ടെലിവിഷൻ ചാനലുകളിലും, സാമൂഹിക മാധ്യമങ്ങളിലും പ്രവർത്തിക്കുവാൻ കരുത്തുറ്റ പ്രതിഭകളെ കണ്ടെത്തുക എന്നതാണ് സഭയുടെ പരമ പ്രധാനമായ കർത്തവ്യം. പത്രമാധ്യമ രംഗത്തും സാങ്കേതിക രംഗത്തും സർഗ്ഗപ്രതിഭകളെ പരിശീലിപ്പിച്ച് കേന്ദ്രീകൃത രീതിയിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. അനുദിനം അനന്ത സാധ്യതകൾ പ്രദാനം ചെയ്യുന്ന നവീനമാധ്യമങ്ങളുടെ അന്വേഷണവും പരിശീലനവും ശാസ്ത്രീയമായി ഉൾക്കൊള്ളുവാൻ സഭയ്ക്ക് കഴിയണം.

മലങ്കരസഭയിലെ പത്രമാധ്യമ നിർവ്വഹണത്തിൽ ഫലപ്രദമായ കാര്യക്ഷമത ഉണ്ടാകുന്നതിനുള്ള ശാസ്ത്രീയമായ അന്വേഷണവും പഠനവും *മാധ്യമ സാക്ഷരത*യിൽ അനിവാര്യമാണ്. മലങ്കരസഭാ ചരിത്രത്തിന്റെ കാണാപ്പുറങ്ങളുടെ സാക്ഷ്യപത്രമാണ് പത്രമാധ്യമങ്ങളിൽ പ്രതിഫലിക്കുന്നത്. അതിനാൽ ഇവ മലങ്കര സഭാ ചരിത്രത്തിന്റെ വിഭവ സമാഹരണത്തിനുള്ള ഉത്തമ സ്രോതസ്സാണ്. പത്രമാധ്യമങ്ങളുടെ ശേഖരണവും സംഭരണവും ശാസ്ത്രീയമായി പരിപാലിക്കപ്പെടണം. വൈദഗ്ദ്ധ്യമുള്ള മാധ്യമ പ്രവർത്തകരെ പരിശീലിപ്പിച്ചെടുക്കണം. സത്യത്തിന്റെയും നീതിയുടെയും നന്മയുടെയും കണ്ണാടിയാകണം സഭാ മാധ്യമങ്ങൾ. എങ്കിൽ മാത്രമേ അവസ്ഥാ ഘടനകൾക്ക് വിമോചനത്തിന്റെയും ശക്തീകരണത്തിന്റെയും ദർശനങ്ങൾ പങ്കിടുവാൻ കഴിയൂ. പൊതുസമൂഹത്തിൽ മാധ്യമങ്ങളുടെ ശക്തിയും സ്വാധീനവും തിരിച്ചറിയുവാൻ കഴിയണം.

“മലങ്കരസഭയിലെ മാസികകൾ നവസാങ്കേതികതയുടെയും മാധ്യമ സിദ്ധാന്തങ്ങളുടെയും അടിസ്ഥാനത്തിൽ പുനർനിർണ്ണയിച്ച് ജനകീയമാക്കിയെങ്കിൽ മാത്രമേ പൊതുസമൂഹത്തിലും വിശ്വാസ സമൂഹത്തിലും സ്വാധീനം സൃഷ്ടിക്കുവാൻ കഴിയൂ.”

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
ചീഫ് എഡിറ്റർ
karingattilachan@gmail.com



പഴയ സെമി നാരി ദ്വിശതാബ്ദി സമാപനവും സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ ചരമ ദ്വിശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനവും കേരളാ ഗവർണർ ജസ്റ്റിസ് പി. സദാശിവം നിർവ്വഹിക്കുന്നു.

പഴയ സെമിനാരിയുടെ സ്ഥാനം അതുല്യം

■ കേരളാ ഗവർണർ ജസ്റ്റിസ് പി. സദാശിവം

കോട്ടയം: കേരളത്തിന്റെ വിദ്യാഭ്യാസ-ആരോഗ്യ സാമൂഹിക രംഗങ്ങളിൽ ക്രൈസ്തവ സഭകളും മിഷണറിമാരും വലിയ പങ്കു വഹിച്ചിട്ടുണ്ടെന്ന് കേരളാ ഗവർണർ ജസ്റ്റീസ് പി. സദാശിവം പ്രസ്താവിച്ചു.

കേരളത്തിന്റെ സാംസ്കാരിക വിദ്യാഭ്യാസ നവോത്ഥാനത്തിൽ നിർണ്ണായക പങ്കാളിത്തം വഹിച്ച പഴയ സെമിനാരി ദ്വിശതാബ്ദി സമാപനവും സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ ചരമ ദ്വിശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനവും നിർവ്വഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സമുദായ സൗഹാർദ്ദത്തിനും മതമൈത്രിക്കും കേരളം ഇന്ത്യയ്ക്കു മാതൃകയാണ്. മത സൗഹാർദ്ദത്തിലും സാക്ഷരതയിലും മുന്നിട്ടു നിൽക്കുന്ന കേരളത്തിന്റെ ഗവർണറാകാൻ കഴിഞ്ഞതിൽ അഭിമാനിക്കുന്നതായി ജസ്റ്റീസ് പി. സദാശിവം പറഞ്ഞു.

ചരിത്രപരവും മതപരവുമായി, ഒട്ടേറെ പ്രാധാന്യമുള്ള 'പഠിത്തവീട്' എന്നറിയപ്പെടുന്ന പഴയ സെമിനാരി ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനും മത സൗഹാർദ്ദത്തിനും നൽകിയ സംഭാവന പുതിയ കാലഘട്ടത്തിൽ വളരെയധികം പ്രസക്തമാണ്. മതസൗഹാർദ്ദം കാത്തുസൂക്ഷിക്കുന്നതിൽ കേരളം മുൻപന്തിയിലാണ്. ഇത് കേരളത്തെ വ്യത്യസ്തമാക്കുന്നു. അറിവ് പകരുന്നതിനും നേടുന്നതിനും വേണ്ടിയുള്ള സ്ഥാപനമായിട്ടാണ് സെമിനാരിക്ക് പ്രാരംഭമിട്ടത്. പ്രാരംഭത്തിൽ തന്നെ വിവിധ ഭാഷകൾ ഇവിടെ പഠിപ്പിച്ചിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസവും അച്ചടിയും ആരംഭിച്ചത് ഇവിടെയാണ്. ഇത് അഭിമാനകരമായ നേട്ടമാണ്. അതിനാൽ പഴയ സെമിനാരിയുടെ സ്ഥാനം അതുല്യമാണ്. കേരളത്തിന്റെ വിദ്യാഭ്യാസ, സാംസ്ക്കാരിക സഭാചരിത്രത്തിൽ പഴയസെമിനാരിക്ക് സുപ്രധാനസ്ഥാനമുണ്ടെന്ന് ജസ്റ്റിസ് പി. സദാശിവം പറഞ്ഞു.

* * *

പഴയസെമിനാരിയിൽ നടന്ന സമ്മേളനത്തിൽ പരി. ബസേലി യോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ചു.

സഭയുടെ ദൗത്യമെന്താണെന്ന് ചിന്തിക്കുകയും ആത്മ പരിശോധന നടത്തുകയും ചെയ്യേണ്ട സമയമാണിതെന്ന് ചീഫ് സെക്രട്ടറി ജിജി തോംസൺ മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു. 'ലോകമെമ്പാടും സുവിശേഷ ദൗത്യം അറിയിക്കുവാനുള്ള ഉത്തരവാദിത്വം ഏവരും ഏറ്റെടുക്കണം. ക്രൈസ്തവ സഭകളുടെ ഏറ്റവും വലിയ ദൗത്യം സുവിശേഷം പ്രചരിപ്പിക്കലാണ്. ഗോസ്പൽ എന്ന വാക്ക് പരിശോധിച്ചാൽ 'ഗോ' ആൻഡ് 'സ്പെൽ' എന്നാണ് അതിന്റെ അർത്ഥം. സുവിശേഷം പ്രചരിപ്പിക്കുക എന്നത് ഓരോരുത്തരുടെയും ദൗത്യം. അത് യാഥാർ

ത്ഥ്യമാക്കുവാൻ മൂന്ന് മാർഗ്ഗമുണ്ട്. പേഴ്സണൽ ഇവാഞ്ചലിസം, ചർച്ച് ഇവാഞ്ചലിസം, മാസ് ഇവാഞ്ചലിസം എന്നിവയാണത്. കേരളമെമ്പാടും വചന പ്രഘോഷണങ്ങളുടെ നീണ്ട പരമ്പര 'മാസ് ഇവാഞ്ചലിസം' ആണെന്ന് നമുക്കറിയാം. ക്രിസ്തുവിന്റെ സുവിശേഷം ജനങ്ങളിൽ എത്തിക്കുന്നതിന് ശക്തി പകരുന്നതാണ് പേഴ്സണൽ ഇവാഞ്ചലിസം. സഭയും പള്ളിയും ദുഃഖിതരുടെ വേദനകളിൽ പങ്ക് ചേരുമ്പോഴും ഹൃദയം തുറന്ന് സംവേദിക്കുമ്പോഴും ലഭിക്കുന്നതാണ് 'ചർച്ച് ഇവാഞ്ചലിസം'. ബൈബിൾ ദൗത്യം പ്രചരിപ്പിച്ച് ക്രിസ്തുവിന്റെ പൂർണ ശിഷ്യന്മാരായി തീരുമ്പോഴാണ് ക്രിസ്തീയ സുവിശേഷം യാഥാർത്ഥ്യമാകുന്നത്. 'ക്രിസ്ത്യാനി' എന്നു പറയുവാൻ മടിക്കേണ്ടകാര്യമില്ല.

ഈ മഹാവേദിയിൽ ഞാൻ നിൽക്കുന്നത് കേരളത്തിന്റെ ചീഫ് സെക്രട്ടറി എന്ന നിലയിലല്ല. മലങ്കര ഓർത്തഡോക്സ് സഭയുടെ അരുമസന്താനമെന്ന നിലയിലാണെന്ന് ചീഫ് സെക്രട്ടറി ജിജി തോംസൺ പറഞ്ഞാണ് പ്രഭാഷണം ആരംഭിച്ചത്.

അമേരിക്കൻ ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ ശ്രേഷ്ഠ റ്റിക്കോൺ മെത്രാപ്പോലീത്ത, മുൻ പ്രിൻസിപ്പാൾ ഫാ. ഡോ. ജേക്കബ് കുര്യൻ, പ്രിൻസിപ്പാൾ ഫാ. ഡോ. ഒ. തോമസ്, വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, എന്നിവർ പ്രസംഗിച്ചു. ഫാ. ഡോ. ജോൺ ബേർ (ഡീൻ, സെന്റ് വ്ളാഡിമർ സെമിനാരി, ന്യൂയോർക്ക്), ഫാ. ഡോ. സ്റ്റീവൻ വൊയ്തോവിച്ച് (ഡീൻ, സെന്റ് റ്റിക്കോൺ സെമിനാരി) എന്നിവരും സഭയിലെ എല്ലാ തിരുമേനിമാരും സമ്മേളനത്തിൽ പങ്കു ചേർന്നു.

രാവിലെ 10നു നടന്ന വേദശാസ്ത്ര സമ്മേളനം അഹമ്മദാബാദ് ഭദ്രാസനാധിപൻ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് ഉദ്ഘാടനം ചെയ്തു. പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. മാത്യൂസ് മാർ സേവേറിയോസ് അദ്ധ്യക്ഷത വഹിച്ചു. ഫാ. ഡോ. ടി. ജെ. ജോഷ്വാ മുഖ്യപ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ ഫാ. ഡോ. ഒ. തോമസ്, പഴയസെമിനാരി മാനേജർ കെ. സഖറിയാ റമ്പാൻ, ഫാ. ഡോ. നൈനാൻ കെ. ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.

* * *

"ഏകദേശം രണ്ടായിരം വർഷത്തെ ചരിത്രമുള്ള നമ്മുടെ സഭയിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള ദേവാലയങ്ങളുണ്ട്. എന്നാൽ അത്രയും പഴക്കമുള്ള സ്ഥാപനങ്ങൾ നമുക്കില്ല. ഉള്ളതിൽ ഏറ്റം പഴക്കം ചെന്ന സ്ഥാപനമാണ് പഴയസെമിനാരി എന്ന പഠിത്തവീട്. 'കോട്ടയം കോളേജ്' എന്നൊരുകാലത്ത് അറിയപ്പെട്ടിരുന്നു. എന്തുകൊണ്ടെന്നാൽ ഇംഗ്ലീഷ് വിദ്യാഭ്യാസം തിരുവിതാംകൂറിൽ ആദ്യം ആരംഭിച്ചത് പഴയസെമിനാരിയുടെ മണ്ണിലാണ്. 1813ൽ പണിതുടങ്ങി 1815ൽ പൂർത്തിയാക്കിയ ഈ സ്ഥാപനം ഇപ്പോൾ 200 വർഷം പിന്നിടുന്നു. ഈ സ്ഥാപനം ഉണ്ടായതിനുശേഷമുള്ള സഭയുടെ ചരിത്രം അഭേദ്യമായി ഇതുമായി ബന്ധപ്പെട്ടു നിൽക്കുന്നു.

ഇംഗ്ലീഷ് വിദ്യാഭ്യാസം കേരളത്തിന്റെ നവോത്ഥാനത്തിന് വഴിതെളിച്ചു എങ്കിൽ അതിന്റെ അമരത്തു നിൽക്കുന്നത് കോട്ടയത്തെ ഈ പഠിത്തവീടാണ്. ഇവിടെയാണ് ഇംഗ്ലീഷ് ഭാഷയുടെ ആദ്യാക്ഷരങ്ങൾ മനുഷ്യ മനസ്സുകളിൽ കോറിയിടുവാൻ തുടങ്ങിയത്. ഈ ഉദ്യമത്തിൽ പാശ്ചാത്യ മിഷനറിമാരുടെ സഹായം ആദ്യം ഉണ്ടായിരുന്നുവെങ്കിലും, വിശ്വാസ കാര്യങ്ങളിൽ സഭയെ നവീകരിക്കുന്നതിനുള്ള അവരുടെ ഉദ്യമത്തെ ചെറുക്കുവാൻ ഇടയായതിനാൽ അവരുമായുള്ള സഖ്യം 1840 ഓടുകൂടി ഉപേക്ഷിച്ചു.

സെമിനാരി ദ്വിശതാബ്ദിയോടനുബന്ധിച്ച് ഒട്ടേറെ പദ്ധതികൾക്ക് രൂപം നൽകുകയുണ്ടായി. 2014 ഫെബ്രുവരി 2-ന് കേരളാ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ദ്വിശതാബ്ദി പരിപാടികളുടെ ഉദ്ഘാടനം നടത്തി. ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ നാമധേയത്തിൽ സെമിനാരി വിദ്യാർത്ഥികൾക്കായുള്ള ശ്രേയസ്സ് എന്ന ഹോസ്റ്റൽ, തിരുവചനഭാഷ്യം പരിഷ്ക്കരിച്ച പതിപ്പ് ഇൻഡ്യൻ പ്രസിഡന്റ് ബഹു. പ്രണബ് മുഖർജി ഉദ്ഘാടനം ചെയ്ത് പുറത്തിറക്കിയ പഴയ സെമിനാരിയുടെ പോസ്റ്റൽ സ്റ്റാംപ്, സെറാംപൂർ കോൺവൊക്കേഷൻ തുടങ്ങിയവ ദ്വിശതാബ്ദി പരിപാടികളിൽ ചിലതു മാത്രമാണ്".

200 വർഷത്തെയും ഇനിയുമുള്ള സഭയുടെ ചരിത്രവും പഴയസെമിനാരിയുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ സഭാമക്കളുടെ മുഴുവനായ പ്രാർത്ഥനയും സഹായ സഹകരണങ്ങളും എന്നാളും സെമിനാരിയ്ക്കുണ്ടാവണമെന്ന് പ്രിൻസിപ്പാൾ ഫാ. ഡോ. ഒ. തോമസ് അറിയിച്ചു. ദ്വിശതാബ്ദി പദ്ധതികളിലും സമ്മേളനങ്ങളിലും സഹകരിച്ച എല്ലാവരോടും അദ്ദേഹം നന്ദി പറഞ്ഞു. ■

പരിശുദ്ധ കാതോലിക്കാ ബാവായെ സന്ദർശിച്ചു

കോട്ടയം:- അമേരിക്കൻ ഓർത്തഡോക്സ് സഭ അദ്ധ്യക്ഷൻ ശ്രേഷ്ഠ റ്റിക്കോൺ മെത്രാപ്പോലീത്ത ന്യൂയോർക്ക് സെന്റ് വ്ളാഡിമർ സെമിനാരി ഡീൻ ഡോ. ജോൺ ബെർ, സെന്റ് ടിക്കോൺ സെമിനാരി ഡീൻ ഡോ. സ്റ്റീഫൻ വൊയ്റ്റോവിച്ച് എന്നിവരടങ്ങുന്ന പ്രതി നിധിസംഘം ദേവലോകം കാതോലി ക്കേറ്റ് അരമനയിലെത്തി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായെ സന്ദർശിച്ചു.

സ്വീകരണ സമ്മേളനത്തിൽ ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഗീവർഗീസ് മാർ കൂറിലോസ്, സഖറിയാ മാർ നിക്കോളാവാസ്, ഡോ. ഗീവർഗീസ് മാർ യൂലിയോസ്, ഫാ. ഡോ. കെ.എം. ജോർജ്, ഫാ.ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, ഫാ. ഡോ. ഒ. തോമസ്, ഫാ. ഏബ്രഹാം തോമസ്, ജേക്കബ് മാത്യൂ കുളഞ്ഞിക്കൊമ്പിൽ (മലേഷ്യ) എന്നിവർ പ്രസംഗിച്ചു.

www.mosc.in പുതിയ വെബ്സൈറ്റ്

കോട്ടയം:- ഓർത്തഡോക്സ് സഭയുടെ നവീകരിച്ച ഔദ്യോഗിക വെബ് സൈറ്റിന്റെയും ആൻഡ്രോയിഡ് ആപ്ലിക്കേഷന്റെയും ഉദ്ഘാടനം ശ്രേഷ്ഠ ടിക്കോൺ മെത്രാപ്പോലീത്താ നിർവ്വഹിച്ചു. റെസ്പോൺസീവ് രൂപകല്പനയോടെ നവീകരിച്ചിരിക്കുന്ന വെബ്സൈറ്റിൽ സഭയുടെ പൊതുവിവരങ്ങൾക്ക് പുറമെ ഡയറക്ടറിയും, ആരാധനാ കലണ്ടറും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ആൻഡ്രോയിഡ് പ്ലാറ്റ്ഫോമിലുള്ള സ്മാർട്ട് ഫോണു കളിൽ ഉപയോഗിക്കുന്ന ആപ്ലിക്കേ ഷന്റെ ഉദ്ഘാടനവും നടന്നു. സഭയുടെ ഔദ്യോഗിക വിവരങ്ങൾ അടങ്ങിയ ഹാൻഡ് ബുക്കിന്റെ പ്രകാശനം ആദ്യപ്രതി ടിക്കോൺ മെത്രാപ്പോലീ ത്തായ്ക്ക് നൽകി പരിശുദ്ധ കാതോ ലിക്കാ ബാവാ നിർവ്വഹിച്ചു. കൂടുതൽ വിവരങ്ങൾ www.mosc.in എന്ന വിലാസത്തിൽ ലഭിക്കും.

CHRISTMAS THOUGHTS

ദൈവപുത്രന്റെ മനുഷ്യാവതാരം ത്യാഗപൂർണ്ണമായ ദൈവസ്നേഹത്തിന്റെ സാക്ഷ്യമാണ്. സ്വാർത്ഥതയും അക്രമവും അനീതിയും മൂലം വേദനിക്കുന്ന ലോകത്തിനു സൗഖ്യവും നീതിയും പകരുന്ന സ്നേഹസ്പർശനത്തിനുള്ള ശക്തി ക്രിസ്തുവിൽ നിന്നും ലഭിക്കുന്നു

മനുഷ്യാവതാരം

അനുഭവവും സാക്ഷ്യവും

■ ഫാ. ഡോ. ബിജേഷ് ഫിലിപ്പ്

എഴുത്തും സംസാരവുമൊക്കെ ഒരത്ഥത്തിൽ അവതാരമാണ്. ചിന്തയുടെ തലത്തിൽ ആയിരിക്കുന്നത് അദൃശ്യമാണെങ്കിൽ വാക്കിലൂടെയോ ഇതര സൃഷ്ടിയിലൂടെയോ ഉള്ള അവയുടെ അവതരിപ്പിക്കൽ ദൃശ്യവൽക്കരണമാണ്. കലാവിഷ്കാരം കലാകാരന്റെ മാനസികതലത്തിൽ നിന്ന് സകലർക്കും അനുഭവവേദ്യമാകുന്ന തലത്തിലേയ്ക്കുള്ള നീക്കമാണല്ലോ. അദൃശ്യനായ ദൈവത്തെ അനുഭവവേദ്യമാക്കിയ മനുഷ്യാവതാര സംഭവത്തിന്റെ തുടക്കത്തിന്റെ ആഘോഷ പൂർവ്വമായ ഓർമ്മയാണല്ലോ ക്രിസ്സ്മസ്.

ശാസ്ത്രചിന്തയിൽ 1400 കോടി വർഷങ്ങൾക്കപ്പുറം ഈ പ്രപഞ്ചമാകുന്ന കലാസൃഷ്ടിക്ക് ആരംഭം കുറിച്ചു. ഇന്നത്തേക്ക് 460 അറുപത് കോടി വർഷങ്ങൾക്കു മുമ്പ് ഈ ഭൂമിയും നാനൂറ് കോടി വർഷങ്ങൾക്കു മുമ്പ് ജീവനും ഈ പ്രപഞ്ചത്തിൽ രൂപപ്പെട്ടു. ഈ സുന്ദരകലാ സൃഷ്ടി അനുഭവിച്ചറിയുവാനുള്ളവർ പിന്നെയും കോടിക്കണക്കിനു വർഷങ്ങൾ കഴിഞ്ഞു ആവിഷ്ക്കരിക്കപ്പെടുവാൻ. ഇതിലുമെല്ലാം അത്ഭുതാവഹമാണ് പ്രപഞ്ചകലാകാരൻ തന്റെ കലാ സൃഷ്ടിയുടെ ഭാഗമായി 2000 വർഷങ്ങൾക്കുമുമ്പ് മനുഷ്യാവതാരം ചെയ്തു എന്നത്. നിർമ്മിതാവും സംവിധായകനുമായ ആൾ തന്റെ ചിത്രത്തിലെ കഥാപാത്രമായിത്തീരുന്നു. !

ക്രിസ്തുവിനെ അനുഭവിച്ചു തുടങ്ങിയവർക്ക് ക്രമേണ അദൃശ്യമായിരുന്ന പ്രപഞ്ച രഹസ്യത്തിന്റെ ചുരുളഴിയുന്നതായി ബോധ്യപ്പെട്ടു. അവരിലൊരാൾ "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്നും മറ്റൊരാൾ "അവനിൽ ദൈവത്തിന്റെ സകല സമ്പൂർണ്ണതയും ദേഹ രൂപത്തിൽ വസിക്കുന്നു" എന്നും ഒക്കെ ക്രിസ്തുവിനെക്കുറിച്ചു പ്രസ്താ വിച്ചു. നാലാം നൂറ്റാണ്ടിൽ സഭ വിശ്വാസ പ്രമാണത്തിൽ പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുളള സത്യദൈവവും എന്നെഴുതിയത് നിത്യേന നാം ഉരുവിടുന്നു. നാസിയാൻയാൻസിലെ ഗ്രീഗോറിയോസ് ക്രിസ്തുവിന് നിതൃതയിൽ മാതാവില്ലെന്നും ചരിത്രത്തിൽ പിതാവില്ലെന്നും എഴുതി. 'പടുവൃദ്ധനു കന്യക ജന്മം നൽകി' എന്നതും 'മലകളെ യേന്തും ബലവാനെ ബാലിക ലാളിച്ചു' എന്നതും 'സകലർക്കും ഭക്ഷണം നൽകുന്നയാൾ കന്യകമറിയാമിൽ നിന്നു പാലുകുടിച്ചു' എന്നതുമെല്ലാം സുറിയാനി പിതാക്കന്മാരുടെ കാവ്യഭാഷ. 'യേശുക്രിസ്തു മനുഷ്യനായിത്തീർന്ന അതുല്യനായ ദൈവപുത്രനാണെന്നും ഇതര വിശ്വാസ മുള്ളവരോടുള്ള നല്ല ബന്ധത്തിന്റെ പേരിൽ ഈ വിശ്വാസത്തെ നിസ്സാരവത്ക്കരിയുകയില്ല എന്നും പൗലോസ് മാർ ഗ്രീഗോറിയോസ് തീരുമേനിയേപ്പോലുള്ളവർ ആധുനികാലത്ത്' എഴുതി.

ദൈവം, ബ്രഹ്മൻ, അള്ളാ തുടങ്ങി വിവിധ പേരുകൾ ഉപയോഗിച്ചാലും കാണപ്പെടുന്നതും കാണപ്പെടാത്തവയുമായ സകലത്തിന്റെയും പിന്നിലെ കാരണവും രഹസ്യവും 'ഒരുവൻ' തന്നെ ആ ഒരുവൻ നിത്യമായ സമൂഹമാണെന്നും സമ്പൂർണ്ണ സ്നേഹമാണെന്നും ക്രിസ്തുവിൽ കൂടുതൽ വ്യക്തമായി വെളിപ്പെട്ടു. മസ്തിഷ്ക്കവും ഞരമ്പും കൈയും ഒരുമിച്ച് പ്രവർത്തിച്ച് ഒരു ലേഖനമെഴുതുകയോ ചിത്രം വരയ്ക്കുകയോ ചെയ്യുന്നതുപോലെ പിതാവും പുത്രനും പരിശുദ്ധറൂഹായും ഒരുമിച്ചുചേർന്നുള്ള പ്രവർത്തന മാണല്ലോ ലോകസൃഷ്ടിയും രക്ഷയും പൂർത്തീകരണവുമെല്ലാം. ഇതിൽ ദൈവപുത്രൻ തന്റെ സൃഷ്ടിയുടെ ഭാഗമായി തീർന്നു കൊണ്ട് ദൈവ സ്നേഹം വെളിപ്പെടുത്തി. പുത്രന്റെ എല്ലാ പ്രവർത്തനങ്ങളിലും സ്വർഗ്ഗീയ പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും സഹവാസവും സഹകരണവും ഉണ്ടായിരുന്നു.

ഒരു ശാസ്ത്രജ്ഞനായ പിതാവ് തന്റെ ഒന്നാംക്ലാസ് വിദ്യാർത്ഥിയായിരിക്കുന്ന മകനെ പഠിപ്പിക്കുവാൻ ശ്രമിക്കുമ്പോൾ തന്റെ സാധാരണയായ സാങ്കേതിക ഭാഷയും ശൈലിയും മാറ്റി മകന്റെ തലത്തിലേക്ക് താണിറങ്ങി സംസാരിക്കും. ക്രമേണ മകനും തന്റെ തലത്തിലേയ്ക്ക് ഉയരുന്നതിനേക്കുറിച്ച് ആ പിതാവ് ആഗ്രഹിക്കു ന്നതും സ്വാഭാവികമാണ്. ഇതുപോലെ മനുഷ്യനോടുള്ള കാര്യക്ഷമമായ സംവേദനത്തിനും ഇടപെടലിനുമായി ദൈവപുത്രൻ പൂർണ്ണമനുഷ്യനായി. അങ്ങനെ ചരിത്രത്തിൽ ദൈവമനു ഷ്യനായ ക്രിസ്തു ദൈവസ്വഭാവം വെളിപ്പെടുത്തുകയും ചെയ്തു. ദൈവം മനുഷ്യാനായത് മനുഷ്യനെ ദൈവീകരിക്കാനാണ് എന്ന് പ. ഐറേനിയോസും പ. അത്താനോസ്യോസും പ. കപ്പദോക്യാൻ പിതാക്കന്മാർമാരും ഒക്കെ പറഞ്ഞിരിക്കുന്നത് നമ്മുടെ ഞായറാഴ്ച്ച പ്രഭാതനമസ്കാരത്തിൽ ഓർമ്മിപ്പിക്കുന്നത് "തൻ സാമ്യം നാം പൂണ്ടിടുവാൻ നമ്മുടെ സാമ്യമവൻ പൂണ്ടു " എന്നു പറഞ്ഞാണല്ലോ. പ. അത്തനാസ്യോസ് ദൈവപുത്രന്റെ മർത്തീകരണത്തെക്കുറിച്ച് എഴുതിയിട്ടുള്ള പ്രസിദ്ധമായ പ്രബന്ധത്തിൽ ഉപയോഗിക്കുന്ന ഒരു ഉപമയിങ്ങനെയാണ് : ചെളിപിടിച്ച് വികൃതമായ ഒരു ഛായാചിത്രം പുതുക്കിയെടുക്കുവാൻ വളരെ പ്രയാസപ്പെടുമ്പോൾ ആരെ നോക്കി ഒരു ചിത്രം ആദ്യം വരച്ചുവോ അയാൾ തന്നെ നേരിട്ട് വന്ന് നിന്ന് അതു പുനരുദ്ധരിക്കുവാൻ സഹായിക്കുന്നു. ഇതുപോലെ ദൈവസാദൃശ്യത്തിൽ അഥവാ ക്രിസ്തു സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ തിന്മമൂലം വികലമാക്കപ്പെട്ടപ്പോൾ യഥാർത്ഥ മനുഷ്യൻ ആരെന്നു വെളിപ്പെടുത്തുവാനും ആ സൗന്ദര്യം വീണ്ടെടുത്തു തരുവാനുമാണ് ദൈവപുത്രൻ മനുഷ്യനായി വന്നത്.

ക്രിസ്തുവിനോടുബന്ധപ്പെട്ടും അവനെ അനുഭവിച്ചും ക്രിസ്തുവിന്റെ സാക്ഷി യാകുവാനുമുള്ള വിളി മനുഷ്യജീവിതത്തിന് അർത്ഥവും ലക്ഷ്യവും നൽകുന്നു. ക്രിസ്തു തന്നെ തന്റെ സാക്ഷിയാകുന്നതിനെക്കുറിച്ച് ഓർമ്മിപ്പിക്കുന്നുണ്ടല്ലോ; (അപ്പോ. 1:8, യോഹ. 20:21) നേരിട്ടു കാണുവാൻ കഴിയാത്ത ഒന്നിന്റെ സത്യാവസ്ഥ ഉറപ്പിച്ചു തെളിയിക്കുന്ന ആളാണല്ലോ സാക്ഷി. ക്രിസ്തുവെളി



ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ

ജനന പെരുന്നാൾ - തീജ്വാല ശുശ്രൂഷ

കർത്താവിന്റെ ജനനപെരുന്നാളിന്റെ രാത്രിയിലാണ് തീജ്വാല ശുശ്രൂഷ നടത്തുന്നത്. ദൈവം ലോകത്തിന്റെ വെളിച്ചം ആണ്. ആ വെളിച്ചം ലോകത്തിലേയ്ക്ക് വന്നു. (വി. യോഹ: 1-ാം അദ്ധ്യായം). സർവ്വ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന പ്രകാശം ലോകത്തിലേക്ക് വന്നു. ആ പ്രകാശമാണ് ക്രിസ്തു. അതുകൊണ്ട് പ്രകാശത്തെ സ്വീകരിക്കുന്നതിനും, വെളിച്ചം ആകുന്ന ക്രിസ്തുവിനെ ഓർമ്മിക്കുന്നതിനും വേണ്ടി ആണ് തീജ്വാല ശുശ്രൂഷ നടത്തുന്നത്. പ്രകാശമായ ദൈവം ലോകത്തിൽ മനുഷ്യനായി അവതരിച്ച സന്ദേശം കേട്ട് സന്ദർശിക്കുവാൻ ആട്ടിടയന്മാർ ചെന്നതിന്റെ ഓർമയിലാണ് തീജ്വാല ശുശ്രൂഷയുടെ പ്രദിക്ഷിണം നടത്തുന്നത്. സർവ്വ ലോകത്തിന്റെ രക്ഷകൻ യേശുവാണ് എന്നതിനാൽ പ്രകാശം മനുഷ്യന്റെ രക്ഷയ്ക്ക് നിദാനമായിരിക്കുന്നു. ആ രക്ഷ മനുഷ്യനെ മാത്രമല്ല, പ്രപഞ്ചത്തിനു മുഴുവാനായിട്ടാണ് എന്നതിനാൽ ഈ ശുശ്രൂഷ മുറ്റത്ത് സൗകര്യമായി നടത്തുന്നു.

കുന്തിരിക്കം ഇടുന്നത്.

കുന്തിരിക്കം വിശ്വാസികളുടെ പ്രാർത്ഥന സ്വർഗ്ഗത്തിലേക്ക് കയറുന്നതിന്റെ അടയാളമായി അർപ്പിക്കുന്നു. യേശുവിന്റെ സുഗന്ധം ലോകത്തിനെല്ലാം രക്ഷയുടെ സുഗന്ധമായി തീരുന്നതിന്റെ അടയാളം അതുപോലെ നമ്മുടെ പ്രാർത്ഥന ദൈവസന്നിധിയിൽ അണയ്ക്കുന്നതിന്റെയും നമ്മുടെ പ്രാർത്ഥനകൾ പരിശുദ്ധാത്മ കൃപയിൽ സ്വർഗത്തിലേക്ക് ഉയരുകയും ചെയ്യുന്നതിന്റെ അടയാളമായിട്ടാണ് കുന്തിരിക്കം സമർപ്പിക്കുന്നത് കണക്കാക്കുന്നത്. വാഴ്ത്തപ്പെട്ട കുരുത്തോല വീട്ടിൽ വച്ച് അലക്ഷ്യമാകാതിരിക്കാൻ വേണ്ടികത്തിച്ചു കളയുന്നു. വിശുദ്ധമായതിനെ അശുദ്ധമാകാതിരിക്കാൻ വേണ്ടി ചെയ്യുന്നു.

ദനഹ വെള്ളം വാഴ്വ്

ലോകത്തിലെ വെള്ളവും, പ്രപഞ്ചവും മനുഷ്യന്റെ പാപം മുഖാന്തിരം അശുദ്ധമായി. യേശുവിന്റെ കാലുകൾ വെള്ളത്തിൽ സ്പർശിച്ചപ്പോൾ ലോകത്തിലെ വെള്ളം മുഴുവൻ ശുദ്ധീകരിക്കപ്പെടുന്നു. ആ അർത്ഥത്തിൽ കർത്താവിന്റെ സാന്നിധ്യത്തിൽ പ്രപഞ്ചത്തിലെ എല്ലാ വെള്ളവും വീണ്ടും വീണ്ടും ശുദ്ധീകരിക്കപ്പെടുന്നു. അതുകൊണ്ട് പ്രപഞ്ചത്തിന്റെ ഭാഗമായി നാം കുപ്പിയിൽ വെള്ളം വെയ്ക്കുന്നു. അതിന്റെ തലയ്ക്കൽ വയ്ക്കുന്ന കുരിശ് വെള്ളത്തിൽ. കർത്താവിന്റെ കാലുകൾ വെള്ളത്തിൽ സ്പർശിച്ചപ്പോൾ ലോകത്തിലെ വെള്ളം മുഴുവൻ ശുദ്ധീകരിക്കപ്പെട്ടതിനെ സൂചിപ്പിക്കുന്നു. കർത്താവിന്റെ സ്നാനം, പ്രപഞ്ചത്തിലെ വെള്ളം മുഴുവനേയും, കർത്താവ് വാഴ്ത്തിയതിന്റെ അടയാളമാണ് ദനഹായിലെ വെള്ളം വാഴ്വ്.

പ്പെടുത്തിയ കാര്യങ്ങൾ സത്യമാണെന്ന് തങ്ങളുടെ ജീവനർപ്പിച്ചുപോലും തെളിയിക്കാൻ ശ്രമിച്ചവരാണല്ലോ രക്തസാക്ഷികൾ. ക്രിസ്തുവിന്റെ അനുയായികൾ അടിസ്ഥാനപരമായി സാക്ഷികളാണ്. വ്യക്തി ജീവിതത്തിലും കുടുംബജീവിതത്തിലും ഔദ്യോഗിക ജീവിതത്തിലും സാമൂഹ്യജീവിതത്തിലുമെല്ലാം ക്രിസ്തുവിന്റെ പ്രബോധനമുൾക്കൊണ്ട് ചിന്തിക്കുകയും സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ആ വ്യക്തിയുടെ ജീവിതം മുഴുവൻ അദൃശ്യനായ ക്രിസ്തുവിനു സാക്ഷ്യമാകും. ഈ സാക്ഷ്യം ഗൗരവമായി കരുതുന്നവർ ശ്രദ്ധ പതിപ്പിക്കുന്ന ചില തലങ്ങൾ നോക്കാം:

1. ആത്മനിയന്ത്രണത്തിലൂടെയുള്ള സാക്ഷ്യം :

നാൾതോറും കുരിശെടുത്ത് തന്നെ അനുഗമിക്കുവാനും (ലൂക്കാസ് 9:22) ഇടുക്കവും ഞെരുക്കവുമുള്ള വാതിലും വഴിയുമാണ് അത്യന്തിക വിജയം നൽകുന്നതെന്നും പഠിപ്പിച്ച ക്രിസ്തു സ്വാർത്ഥമോഹങ്ങളെ നിയന്ത്രണ വിധേയമാക്കാനുള്ള വെളിച്ചവും ശക്തിയും പകരുന്നു എന്നത് എങ്ങനെയാണ് സാക്ഷിക്കേണ്ടത്? തനിക്കു തന്നെയോ തന്റെ ദേശക്കാർക്കോ നിയന്ത്രിക്കുവാൻ കഴിയാതിരുന്ന ഭൂതബാധിതനു ക്രിസ്തു നൽകിയ സ്വാതന്ത്ര്യത്തിനുശേഷം അദ്ദേഹം ഗദരദേശത്ത് ക്രിസ്തുവിന്റെ സാക്ഷിയാകുന്നതിന്റെ കഥ ഏതു വ്യക്തിയിലും ഏതു കാലത്തും ആവർത്തിക്കേണ്ട കഥയാണ് (വി. മർക്കോസ് 5 : 1-20). നമ്മുടെ മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്ന ആക്രമം, യുദ്ധം, വർഗ്ഗീയത, മതഭ്രാന്ത്, ബലാൽസംഗം, റാംഗിംഗ്, ആഗോള ഉഷ്ണീകരണം മലിനീകരണം, തുടങ്ങിയവയുടെ വാർത്തകളുടെ അന്തസത്ത മനുഷ്യന് തന്റെ നിയന്ത്രണം നഷ്ടപ്പെടുന്നു എന്നും അഹങ്കാരം, വിദ്വേഷം, അസൂയ, ജഡമോഹം കോപം, ആർത്തി തുടങ്ങിയ വികാരങ്ങൾ മനുഷ്യനെ നിയന്ത്രിക്കുകയും അടിമയാക്കുകയും ചെയ്യുന്നു എന്നുമുള്ളതാണ്. തങ്ങളുടെ അടിസ്ഥാന വികാരങ്ങളെ മാത്രം അനുസരിച്ച് ജീവിക്കുന്ന മൃഗങ്ങളെപ്പോലെ മനുഷ്യനും ജീവിക്കാൻ ആധുനിക കാലത്ത് ഡാർവിൻമാരുടെയും ഫ്രോയിഡു മാരുടെയു മൊക്കെ ചിന്തകൾ പ്രചോദനമായി. ഇത് പരിധിവിട്ടു പോകുമ്പോൾ നിയന്ത്രണത്തിലൂടെയേ വിജയമുള്ളു എന്ന പുരാതന മത ചിന്ത പുത്തൻ രൂപത്തിൽ അവതരിപ്പിക്കു വാൻ ഗുരുക്കൻമാരും രാഷ്ട്രീയ നേതാക്കളും മാതാപിതാക്കളുമെല്ലാം കിണഞ്ഞുശ്രമിക്കുന്നു. ദൈവ സംസർഗ്ഗത്തിൽ വികാരവിചാരങ്ങളുടെ നിയന്ത്രണം ചുവന്ന രക്തസാക്ഷിത്വം പോലെയുള്ള ഒരു 'പച്ച' സാക്ഷ്യം ആണ്. ഭക്ഷണത്തിൽ മാത്രമല്ല സാങ്കേതിക ഉപകരണങ്ങളുടെ കാര്യത്തിൽ പോലുമുള്ള നോമ്പും ഉപവാസവും സന്യാസികൾക്കു മാത്രമല്ല ഏതു മനുഷ്യനും ഉള്ള അടിസ്ഥാന ആവശ്യമാണ്. ആഗ്രഹങ്ങളെയും ആർത്തിയേയും വർദ്ധിപ്പിക്കുവാനുള്ള ഉപഭോഗ സംസ്കാരത്തോടുള്ള എതിർപ്പും വെല്ലുവിളിയുമാണിത്.

2. കരുണയിൻ കർമ്മത്തിന്റെ 'വെളുത്ത' സാക്ഷ്യം:

ദൈവപുത്രന്റെ മനുഷ്യാവതാരം ത്യാഗപൂർണ്ണമായ ദൈവസ്നേഹത്തിന്റെ സാക്ഷ്യമാണ്. സ്വാർത്ഥതയും അക്രമവും അനീതിയും മൂലം വേദനിക്കുന്ന ലോകത്തിനു സൗഖ്യവും നീതിയും പകരുന്ന സ്നേഹസ്പർശനത്തിനുള്ള ശക്തി ക്രിസ്തുവിൽ ലഭിക്കുന്നു എന്നതിനു സാക്ഷികളാകാനുള്ള നിയോഗമാണ് മാമ്മോദീസായിൽ ലഭിക്കുന്നതും വി.കുർബ്ബാനയിൽ ദൃഢമാക്കപ്പെടുന്നതും. രാപകൽ സ്നേഹപ്രവർത്തികളിൽ മുഴുകിയും ലോകത്തിനുമുഴുവനായി തന്നെത്തന്നെ ബലിയായി സമർപ്പിക്കുകയും ചെയ്ത ക്രിസ്തു 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ' (യോഹ:15:12) എന്നു പ്രബോധിപ്പിക്കുന്നത് അനുസരിക്കുമ്പോൾ 'വെളുത്ത' രക്തസാക്ഷിത്വമാകും. 'അവനോടുകൂടി മരിക്കേണ്ടതിന് നാമും പോക' എന്ന് ക്രിസ്തുസ്നേഹത്തിൽ ധീരതയോടുപറഞ്ഞ മർത്തോമ്മാശ്ലീഹായുടെ പൈതൃകം അഭിമാനപൂർവ്വം പറയുന്ന മലങ്കര സഭാമക്കൾ ദാരിദ്ര്യത്തിൽ വീർപ്പുമുട്ടുന്ന ഉത്തരേന്ത്യൻ ഗ്രാമങ്ങളിലേക്കും മറ്റും കടന്നുചെന്നു പ്രവർത്തിക്കണമെന്ന് അഭി. സ്തേഫാനോസ് മാർ തേവോദോസ്യോസ് തിരുമേനി നിരന്തരം പ്രബോധിപ്പിച്ചിരുന്നത് ഓരോവർഷവും ആയിരക്കണക്കിന് കർഷകരുടെ ആത്മഹത്യകൾ നടക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഏറെ പ്രസക്തമായിരിക്കുകയാണ്. ഓരോ പ്രമുഖപള്ളിയും ഓരോ പ്രധാന പട്ടണങ്ങളിലെ സ്കൂളും ഒരു ഗ്രാമമെങ്കിലും ദത്തെടുത്ത് ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതുൾപ്പെടെയുള്ള വെളുത്ത സാക്ഷ്യത്തിനു കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതാണ്. വർഗ്ഗീയതയുടെയും വിഭാഗീയതയുടെയും ഇരുൾവ്യാപിക്കുന്ന സാഹചര്യത്തിൽ സമാധാനത്തിന്റെയും ഐക്യത്തിന്റെയും പ്രവർത്തനങ്ങളുടെ സാക്ഷ്യം ഏറെ അത്യാവശ്യമാണ്.

3. സുവിശേഷസംസാരത്തിന്റെ സാക്ഷ്യം :-

ഒരാൾ വീടിന്റെ മുറ്റത്തെ ചെടിയുടെ ഇലകഴിച്ച് പ്രമേഹത്തിനു സുഖം ലഭിച്ചാൽ ആ സദ്വാർത്ത എത്രയും

REPORT

ഞാലിയാകുഴി മാർ ബസേലിയോസ് ദയറായോട് അനുബന്ധിച്ച് നടത്തപ്പെടുന്ന സോപാന ഓർത്തഡോക്സ് അക്കാദമിയുടെ ഉദ്ഘാടനം 2015 നവംബർ 24ന് ഓർത്തഡോക്സ് ചർച്ച് ഓഫ് അമേരിക്കയുടെ അദ്ധ്യക്ഷൻ ശ്രേഷ്ഠ റ്റിക്കോൺ മെത്രാപ്പോലീത്ത നിർവ്വഹിച്ചു.

വേദശാസ്ത്രവും സംസ്കാരവും സമന്വയിപ്പിച്ചുള്ള ജീവിതശൈലി അവലംബിക്കുകയാണ് ആധുനിക ലോകത്തിന്റെ വെല്ലുവിളികളെ അഭിമുഖീകരിക്കുവാനുള്ള മാർഗ്ഗമെന്ന് ശ്രേഷ്ഠ റ്റിക്കോൺ മെത്രാപ്പോലീത്താ അഭിപ്രായപ്പെട്ടു. സമ്മേളനത്തിൽ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമാ പൗലൂസ് ദ്വിതീയൻ കാതോലിക്കാബാവാ അദ്ധ്യക്ഷത വഹിച്ചു. ഭാഗ്യസ്മരണാർഹനായ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനി യുടെ ദർശന സാക്ഷാത്ക്കാരമായ സോപാന അക്കാദമി ഓർത്തഡോക്സ് ആരാധനാ പാരമ്പര്യം, ആദ്ധ്യാത്മികത, പൈതൃക ദൈവശാസ്ത്രവും, എന്നിവയുടെ അടിസ്ഥാനത്തിൽ ആനുകാലിക സാമൂഹ്യ-സാംസ്കാരിക വിഷയങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിനും പഠനഗവേഷണങ്ങൾ നടത്തുന്നതിനുമുള്ള വേദിയായി പരിണമിക്കട്ടെ എന്ന് പരിശുദ്ധ ബാവാ ആശംസിച്ചു.

സോപാനം എന്ന വാക്കിനർത്ഥം 'ചവിട്ടുപടി', 'ഗോവണി' എന്നൊക്കെയാണെന്നും ആരാധനാപൂർവ്വം പ്രാർത്ഥിച്ചും ചിന്തിച്ചും കൂട്ടായി ചർച്ച ചെയ്തും പ്രവർത്തിച്ചും ഒന്നൊന്നായി പടികൾ ചവിട്ടി ദൈവ സന്നിധിയിലേയ്ക്ക് നാം തീർത്ഥാടനം നടത്തുന്നതിനെയാണ് ആ വാക്ക് സൂചിപ്പിക്കുന്നതെന്നും സ്വാഗതപ്രസംഗത്തിൻ സോപാനാ അക്കാദമി ഡയറക്ടർ ഫാ. ഡോ. കെ. എം. ജോർജ് വിശദീകരിച്ചു. ഫാ. ഡോ. ജോൺ

സോപാന ഓർത്തഡോക്സ് അക്കാദമി ഉദ്ഘാടനം ചെയ്തു

ബേർ (ഡീൻ, സെന്റ് വ്ളാഡിമർ സെമിനാരി, ന്യൂയോർക്ക്), ഫാ. ഡോ. സ്റ്റീവൻ വൊയ്തോവിച്ച് (ഡീൻ, സെന്റ് റ്റിക്കോൺ സെമിനാരി), ഫാ.ഡോ.ഒ. തോമസ് (പ്രിൻസിപ്പാൾ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി), ഫാ. ഡോ. ബിജേഷ് ഫിലിപ്പ് (പ്രിൻസിപ്പാൾ, സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരി, നാഗ്പൂർ), ഫാ. ജോർജ് ഫിലിപ്പ് (ആശ്രമാധിപൻ), എന്നിവർ ആശംസകൾ അർപ്പിച്ചു. സമ്മേളനത്തിന് ഫാ. സഖറിയാ നൈനാൻ കൃതജ്ഞത അർപ്പിച്ചു. അക്കാദമിയോടനുബന്ധിച്ചുള്ള ലൈബ്രറിയുടെ ഉദ്ഘാടനം ശ്രേഷ്ഠ റ്റിക്കോൺ മെത്രാപ്പോലീത്ത നിർവ്വഹിച്ചു.

ഓർത്തഡോക്സ് വിശ്വാസവും, അദ്ധ്യാത്മികത തുടങ്ങിയവയെക്കുറിച്ച് പഠനങ്ങളും ഗവേഷണങ്ങളും നടത്തുവാൻ താൽപര്യമുള്ള വിദ്യാർത്ഥികളെയും ഗവേഷണ താൽപര്യമുള്ള യുവജനങ്ങളെയും മാർ ബസേലിയോസ് ദയറായുടെ ധ്യാനാന്തരീക്ഷത്തിൽ ചില ദിനങ്ങൾ ചെലവിടുന്നതിന് അഗ്രഹിക്കുന്നവരെയും സോപാനാ അക്കാദമിയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക്, ഡയറക്ടർ, സോപാനാ അക്കാദമി, ഫോൺ +914812462609, +914812462099, +919744062726, email: sopanaacademy@gmail.com

രോഗികളിൽ എത്തിക്കാൻ ശ്രമിക്കും. ക്രിസ്തു വിലും ക്രിസ്തു ബന്ധത്തിൽ പരിശുദ്ധാത്മശക്തിയി ലൂടെയും സ്വാതന്ത്ര്യവും സമാധാനവും മനുഷ്യസാദ്ധ്യത കളുടെ വികാസവും പ്രത്യാശയുമൊക്കെ അനുഭവിച്ച റിഞ്ഞ അപ്പസ്തോലന്മാരുൾപ്പെടെ അനേകർ ഈ സാദ്ധ്യത എല്ലാവർക്കുമായി പങ്കുവയ്ക്കുവാൻ പരിശ്രമിച്ച് ക്രിസ്തുവിന് സാക്ഷികളായി. ആരേയും അപമാനിക്കാതെ ക്രിസ്തുവിൽ ലഭ്യമാകുന്ന ഈ സന്തോഷത്തിന്റെ നല്ല വാർത്ത നേരിട്ടും സാങ്കേതിക വിദ്യകളുടെ സഹായത്തോടെയും ജീവിതത്തിന്റെ പിൻബലത്തോടെ പറഞ്ഞു കൊടുക്കുവാനുള്ള നിയോഗം ഏറ്റെടുക്കുന്നത് മതമൗലിക വാദമല്ല.

4. കഷ്ടതയോടുള്ള സർഗ്ഗാത്മക സമീപന സാക്ഷ്യം

അപമാനം അലക്ഷ്യമാക്കി ക്രൂശുസഹിക്കുകയും രോഗം പോലും ദൈവമഹത്വം വെളിപ്പെടാനുള്ള അവസരമാണെന്ന് പഠിപ്പിക്കുകയും ചെയ്ത ക്രിസ്തു മനുഷ്യനെന്ന നിലയിൽ ധൈര്യവും സുരക്ഷിതത്വ ബോധവും നൽകുന്ന ദൈവാശ്രയത്തിനും ദൈവസാമീപ്യത്തിനും സാക്ഷിയാകുകയായിരുന്നു. കഷ്ടനഷ്ടങ്ങളുടെയും രോഗത്തിന്റെയും മരണത്തിന്റെയുമൊക്കെ മുമ്പിൽ സമചിത്തതയോടും പ്രത്യാശയോടും പെരുമാറുന്നത് ക്രിസ്തുവിന് സാക്ഷിയാകുന്ന അനുഭവമാണ്. 'എന്നെ ശക്തനാക്കുന്ന ക്രിസ്തുമൂലം ഞാൻ സകലത്തിനും മതിയാകുന്നു' എന്ന് ജയിലിൽ കിടന്നെഴുതുന്ന പൗലോസ് ശ്ലീഹാ കഷ്ടത തന്നെ തളർത്തുകയല്ല, വളർത്തുകയാണെന്ന് സാക്ഷിക്കുന്നു. അപ്രതീക്ഷിത കഷ്ടനഷ്ടങ്ങളോടുള്ള സർഗ്ഗാത്മക സമീപനം ക്രിസ്തുവിനു സാക്ഷിയാകാനുള്ള നിയോഗത്തിന്റെ സാക്ഷാത്ക്കാരമാണ്.

5. സഭയുടെ ശാക്തീകരണത്തിന്റെ സാക്ഷ്യം :

ഏതൊരു വ്യക്തിത്വവും ദൃശ്യമാക്കുന്നതിൽ ശരീരം ഒരു പ്രധാനസഹായി ആകുന്നതുപോലെ ക്രിസ്തുവിനെ ഓരോ കാലത്തും ഓരോ പ്രദേശത്തും വെളിപ്പെടുത്തുന്നത് തന്റെ ശരീരമായ സഭയാണ്. ആ വിധത്തിൽ സഭ, പ്രത്യേകിച്ച് ഓരോ ഇടവകയും ദൈവപുത്രന്റെ മനുഷ്യാവതാരത്തിന്റെ തുടർച്ചയാണ്. ക്രിസ്തുവിനു സാക്ഷിയാകാൻ വിളിക്കപ്പെട്ടവർ സമൂഹം സഭയെ ബലപ്പെടുത്തുവാനുള്ള പരിശ്രമങ്ങളിലൂടെയും ഈ ദൗത്യം നിറവേറ്റുകയാണ്. സഭാരഹിതക്രിസ്തീയത പ്രസംഗിച്ചുകൊണ്ടിരുന്നവർ പോലും ഇന്ന് സഭയാരംഭിച്ച് വളർത്തുവാൻ ശ്രമിക്കുന്നത് ചിന്തോദ്ദീപകമാണ്. ആദിമ ക്രിസ്തീയ സഭയുടെ തുടർച്ചയും വികാസവുമായ ഓർത്തഡോക്സ് സഭകളുടെ മഹത്വം അറിയുകയും അനുഭവിക്കുകയും ചെയ്യുന്നവർ അതിന്റെ കൗദാശികജീവിതത്തിലും ആൽമീയ സംഘടനകളിലും വിശുദ്ധിയിലും മിഷനിലും ഒക്കെ സജീവ സാന്നിധ്യമായി അതിനെ ശക്തീകരിക്കും. സഭാമക്കൾ ക്രിസ്തു ഭാവത്തിൽ ആരോഗ്യത്തോടെ

ശേഷം 29-ാം പേജിൽ

‘ ദൈവകൃപയുടെയും വാഗ്ദാനങ്ങളുടെയും സന്ദേശവാഹകനാണ് ഗബ്രിയേൽ ദൂതൻ... തിരുവചന പ്രകാരം മാലാഖമാരുടെ എണ്ണം സംഖ്യാതീതമാണ്.

സദ്‌വാർത്താ ദൂതൻ ഗബ്രിയേൽ

■ ജോസ് പി. റ്റി. നല്ലില

മാലാഖമാർ അഥവാ ദൂതന്മാർ ദൈവത്താൽ സൃഷ്ടിക്കപ്പെട്ട സ്വർഗ്ഗീയ ജീവികളാണ്. മാലാഖമാർ യാഥാർത്ഥ്യങ്ങളാണെന്നും ദൈവീക സിംഹാസനത്തിലെ സൈന്യവ്യൂഹമാണെന്നും ദൈവജനത്തിനുവേണ്ടി അവർ അനവരതം ശുശ്രൂഷയിൽ ആയിരിക്കുന്നു എന്നും വിശുദ്ധ വേദപുസ്തകം വ്യക്തമാക്കുന്നു. ദൈവത്തിന്റെ ശക്തി നമ്മെ ഭരിക്കുവാൻ മതിയായതെങ്കിലും മനുഷ്യന്റെ ബലഹീനതയെക്കരുതി ദൈവം നമ്മെ സഹായിപ്പാൻ മാലാഖമാരെ നിയമിച്ചിരിക്കുന്നു എന്നാണ് ഒരു ക്രിസ്തുമത പണ്ഡിതൻ പറഞ്ഞിരിക്കുന്നത്.

ലോകസൃഷ്ടിക്കു മുമ്പേ മറ്റ് സൃഷ്ടികളുടെ മുമ്പാകെ ത്രീയേക ദൈവത്തെ പ്രതിനിധീകരിക്കുവാനും, സൃഷ്ടിയുടെ സൗന്ദര്യവും ദൈവ മഹത്വവും കാത്തുസൂക്ഷിക്കുവാനും ദൈവത്താൽ സൃഷ്ടിക്കപ്പെട്ട സ്വർഗ്ഗീയ ഗണങ്ങളായ ആത്മജീവികളാണ് മാലാഖമാർ. അശരീരികളായ മഹത്വ ശരീരികളും അമർത്യരും അരൂപികളും അദൃശ്യരുമാണ് ഇവർ. ഭൗതിക ശരീരമോ ബന്ധങ്ങളോ സൃഷ്ട്യനന്തരം ജനിമൃതികളോ ഇല്ലാത്ത വാനവൃന്ദം. നിയതമായ സ്ഥലത്തും സമയത്തും ദൈവീക സന്ദേശവുമായി പ്രത്യക്ഷപ്പെടുന്ന ദൈവ പ്രതിനിധികളായി ഇവരെ പിതാക്കന്മാർ വിവക്ഷിക്കുന്നു. സൃഷ്ടപ്രപഞ്ചത്തിന്റെ കാവൽക്കാരും (മത്താ.18:10), വാങ്ങിപ്പോയവരുടെ സ്വർഗ്ഗത്തിലേക്കുള്ള യാത്രയുടെ അകമ്പടി സേവകരും (ലൂക്കൊ.16:22), ന്യായവിധിക്കായി ഓരോരുത്തർക്കും വേണ്ടി സ്മരണ പുസ്തകത്തിൽ പേരെഴുതി വയ്ക്കുന്നവരും (മലാഖി 3:16/വെളി.20:12), ദൈവീക ന്യായവിധികളും ശിക്ഷാവിധികളും നടപ്പാക്കുന്നവരും (യെഹെ.5:6,9:1-6/സങ്കീ.33:4-6), മറ്റു സൃഷ്ടികളെ ദൈവത്തിലേക്ക് നയിക്കുന്നവരും (വെളി 22:8-9), അനുതപിക്കുന്ന പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ സന്തോഷിക്കുന്നവരും (ലൂക്കൊ.15:7) ആണ് ദൈവദൂതന്മാർ.

സൃഷ്ടികർത്താവായ ദൈവം സർവ്വ മഹത്വത്തിന്റെയും ഇടമായ സ്വർഗ്ഗീയ സിംഹാസനത്തിലിരുന്ന് സകല അഖിലാണ്ഡത്തെയും നിയന്ത്രിക്കുമ്പോൾ അനശ്വരമായ നിത്യതയിൽ വാഴുന്ന അനശ്വരനായ തങ്ങളുടെ സൃഷ്ടാവായ ആ ദൈവത്തെ സദാ സ്തുതിച്ചും സേവിച്ചും ആരാധിച്ചും കൊണ്ടിരിക്കുന്നവരാണ് സ്വർഗ്ഗീയ സ്തുതിപാഠകരും ശുശ്രൂഷകരുമായ മാലാഖമാർ. “യഹോവ തന്റെ സിംഹാസനത്തിൽ ഇരിക്കുന്നതും സ്വർഗ്ഗത്തിലെ സൈന്യമൊക്കെയും അവന്റെ അടുക്കൽ വലത്തും ഇടത്തും നിൽക്കുന്നതും ഞാൻ കണ്ടു” (1 രാജാ.22:19). ഈ സ്വർഗ്ഗീയ സൈന്യം മാലാഖമാരുടെ വലിയ വൃന്ദങ്ങളെയാണ് സൂചിപ്പിക്കുന്നത്. അതോടൊപ്പം തന്നെ മനുഷ്യരെയും മറ്റ് സൃഷ്ടികളെയും സഹായിക്കേണ്ടതിന് ദൈവത്താൽ നിയോഗിക്കപ്പെടുന്ന സേവകാത്മാക്കളുമാണ് ഇവർ എന്ന് എബ്രാ.1:14 ൽ വായിക്കുന്നു. ദൈവത്തിന് മനുഷ്യരോടുള്ള ദിവ്യവിചാരണയുടെ ശുശ്രൂഷകരും കാര്യനിർവാഹകരുമാണ് മാലാഖമാർ. അവർ ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ മദ്ധ്യവർത്തികളായും ദൂതുവാഹികളായും വർത്തിക്കുന്നു. “നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ നിന്നെക്കുറിച്ച് തന്റെ ദൂതന്മാരോട് കല്പിക്കും” (സങ്കീ. 91:11). “നിന്റെ കാൽ കല്ലിൽ തട്ടിപ്പോകാതിരിക്കേണ്ടതിന് ദൂതന്മാർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും (സങ്കീ.91:12). ക്രിസ്തുവിന്റെ ജനനത്തിലും, ജീവിതത്തിലും, മരണത്തിലും, ഉയർപ്പിലും, സ്വർഗ്ഗാരോഹണത്തിലും ദൂതസാന്നിദ്ധ്യം പ്രകടമായിരുന്നു. ഇനി തന്റെ തേജോപൂർണ്ണമായ രണ്ടാം വരവിലും അതുണ്ടാകും (1 തെസ്സ. 4:16/2 തെസ്സ. 1:6). ഈ ഭൂമിയിൽ ജനിച്ചുവീഴുന്ന ഓരോ പൈതലിനും അവരെ എക്കാലവും കാത്തു പരിപാ

ലിക്കാൻ ഒരു കാവൽ മാലാഖ ഉണ്ടാകുമെന്ന് വിശ്വാസം.

മാലാഖമാർ എത്ര പേരുണ്ട്? അവരുടെ സംഖ്യ എത്രയാണ്? ഈ ചോദ്യങ്ങൾക്ക് കൃത്യമായ എണ്ണം പറഞ്ഞുകൊണ്ടുള്ള ഉത്തരം തിരുവചനം നൽകുന്നില്ല. എന്നാൽ അവരുടെ എണ്ണം സംഖ്യാതീതമാണെന്ന് വേദപുസ്തകം സമർത്ഥിക്കുന്നു. “ഞാൻ സിംഹാസനത്തിന്റെയും ജീവികളുടെയും മൂപ്പന്മാരുടെയും ചുറ്റിലും ഏറിയ ദൂതന്മാരുടെ ശബ്ദം കേട്ടു. അവരുടെ എണ്ണം പതിനായിരം പതിനായിരവും ആയിരം ആയിരവുമായിരുന്നു” (വെളി. 5:11). ഇത് ഒരു നിശ്ചിത സംഖ്യ അല്ല. അക്കാലത്തെ ഏറ്റവും വലിയ സംഖ്യ പതിനായിരം ആയിരുന്നു, അതിനു മുകളിൽ വേറെ സംഖ്യ സങ്കല്പിക്കാൻ അവർക്ക് കഴിയുമായിരുന്നില്ല. അതുകൊണ്ടുതന്നെ എണ്ണിത്തിട്ടപ്പെടുത്തുക അസാദ്ധ്യം. ഇതേ ‘പതിനായിരങ്ങളുടെ പതിനായിരം’ എന്ന കണക്ക് ദാവീദും പറയുന്നുണ്ട്.

മാലാഖമാർക്ക് നമ്മുടെ സഭാ പാരമ്പര്യമനുസരിച്ച് ഒൻപതു വൃന്ദങ്ങളുണ്ട്. ഓരോ വൃന്ദങ്ങളിലും ആയിരക്കണക്കിന് മാലാഖമാരും ഉണ്ട്. (സ്രോപ്പേന്മാർ, ക്രോബേന്മാർ, മൗത്ത്ബേന്മാർ, മോറോവോസോന്മാർ, ഹൈലാവോസോന്മാർ, ശുൽത്തോനേന്മാർ, റീശൻവോസോന്മാർ അഥവാ അർക്കാവോസേന്മാർ, റീശൈ മാലാഖമാർ അഥവാ പ്രധാന ദൂതന്മാർ, മാലാഖമാർ) ബൈബിൾ സൊസൈറ്റിയുടെ സത്യവേദപുസ്തകത്തിൽ പേര് എടുത്തു പറഞ്ഞിരിക്കുന്ന 2 മാലാഖമാരേ കാണുന്നുള്ളൂ. (മീഖായേൽ, ഗബ്രിയേൽ). എങ്കിലും പാരമ്പര്യമനുസരിച്ച് ഏഴ് പ്രധാന ദൂതന്മാർ (Archangels) ആണുള്ളത്. അവർ സ്ഥാനക്രമനുസരിച്ച് മീഖായേൽ, ഗബ്രിയേൽ, റഫായേൽ, ഉറിയേൽ, റെഗുവേൽ, റെമിയേൽ, സറാക്കുവേൽ എന്നിവരാണ്. ഈ ഏഴ് പേരുകളും അപ്പൊക്രിഫാ വിഭാഗത്തിലെ ഹാനോക്കിന്റെ ഒന്നാം പുസ്തകം 20-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. തോബിത്തിന്റെ പുസ്തകത്തിൽ ‘ഏഴ് പ്രധാന ദൂതന്മാരിൽ ഒരുവനായ റാഫായേൽ’ എന്ന് വായിക്കുന്നതിൽ നിന്നും 7 പ്രധാന ദൂതന്മാരുണ്ട് എന്നുറപ്പാകുന്നു. 7 എന്നത് വ്യക്തമാണെങ്കിലും അപ്പൊക്രിഫായിലും, ദിവന്നാസ്യോസിയൻ എഴുത്തുകളിലും, സെന്റ് ഗ്രിഗറിയുടെ വീക്ഷണത്തിലും, കാത്തലിക്ക് പാരമ്പര്യത്തിലും,

വിശുദ്ധ കുർബ്ബാന

■ ഫാ. ഡോ. ജേക്കബ് കുര്യൻ

വി. കുർബ്ബാനാനുഷ്ഠാനത്തോട് ബന്ധപ്പെട്ട ഏറ്റവും പ്രധാന സ്ഥലങ്ങളും സാധന സാമഗ്രികളും അവയുടെ സൂചനകളും

ത്രോണോസ് : പദത്തിന്റെ അർത്ഥം ‘സിംഹാസനം’ എന്നാണ്, മിശിഹാ രാജാവ് എഴുന്നെള്ളിയിരിക്കുന്നിടം എന്നു സൂചന.

ക്ദുശ്കുദിശിൻ (ബെസ്കുദിശൊ) : “ശുദ്ധതയുടെ ശുദ്ധസ്ഥലം” - ത്രോണോസിരിക്കുന്ന ഭാഗം.

തബ്ലൈത്ത : പദത്തിന്റെ അർത്ഥം “പലക”. വി. കുർബ്ബാന അനുഷ്ഠിക്കുവാൻ ഉള്ള പ്രധാന പ്രതലമായി മൂറോനാൽ കൂദാശചെയ്യപ്പെട്ട തബ്ലൈത്ത പലക ഉപയോഗിക്കുന്നു.

ദർഗാ : പദത്തിന്റെ അർത്ഥം : “പദവി”. കയറിനിന്ന് ബലി അനുഷ്ഠിക്കുന്ന പദവി, അഥവാ പാദപീഠം.

ചിത്തോല : ത്രോണോസ് അലങ്കരിക്കുന്ന വിശേഷ വിരി.

വിരിക്കൂട്ട്: തബ്ലൈത്താമേൽ വിരിക്കുന്ന മൂന്നു നിറമുള്ള വിരി

കാസാ : വീഞ്ഞ് ഒഴിച്ചു വച്ചു വി. കുർബ്ബാന ചൊല്ലുന്ന വിശിഷ്ടമായ ലോഹകപ്പ്

പീലാസാ : അപ്പം ഒരുക്കി വച്ച് വി. കുർബ്ബാന ചൊല്ലുന്ന വിശിഷ്ഠമായ ലോഹപ്ലേറ്റ്.

മ്കബ്ലാനാ: കാസായും പീലാസായും മൂടുന്ന ചെറിയ വിരി; കാഴ്ച വസ്തു (അപ്പം) ജനങ്ങൾ കൊണ്ടുവരുമ്പോൾ സ്വീകരിക്കുന്ന തുണി എന്നയർത്ഥത്തിലാകാം മ്കബാലാനായ്ക്ക് “സ്വീകരിക്കുന്നത്” എന്നയർത്ഥം നൽകിയിരിക്കുന്നത്.

ഗ്മൂർത്തോ : ചെറിയ കുഷൻ പോലെയുള്ള “സ്പോഞ്ച്”, കാസായുടെ വക്ക് തുടയ്ക്കുവാൻ പ്രത്യേകിച്ച് ഉപയോഗിച്ചിരുന്നു.

തർവോദോ : കുർബ്ബാന കൊടുക്കുവാൻ ഉപയോഗിക്കുന്ന “സ്പൂൺ”

കൗക്ബോ: “നക്ഷത്രം” - നക്ഷത്രാകൃതിയിൽ, വിശുദ്ധഅപ്പത്തിനു മുകളിൽ പീലാസായിൽ ഉപയോഗിക്കുന്നത്. ബേത്‌ലഹേമിലെ നക്ഷത്രം, ജീവന്റെ അപ്പമായ യേശുവിനുമുകളിൽ കാണപ്പെട്ടതിനെ സൂചിപ്പിക്കുന്നു.

ധൂപക്കുറ്റി : സ്വർഗ്ഗം, ഭൂമി, സഭ എന്നിവയെല്ലാം പ്രതീകാത്മകമായി ഒന്നിപ്പിക്കുന്ന ധൂപകലശം.

മറ്വഹസ : “വിശറി” എന്നർത്ഥം. രാജസിംഹാസനത്തിന് അകമ്പടി നിൽക്കുന്നവർ വീശുന്നത്, സ്വർഗ്ഗീയ മാലാഖമാരുടെ സാന്നിദ്ധ്യം സൂചിപ്പിക്കുന്നു.

തക്സ : “ക്രമം”. വി. കുർബ്ബാനയുടെ അനുഷ്ഠാനക്രമം എഴുതിയ ഗ്രന്ഥം.

പള്ളിയുടെ പ്രധാന ഭാഗങ്ങൾ : പൂമുഖം (നാടകശാല), പ്രാകാരം (ഹൈക്‌ല), അഴിക്കകം, മദ്ബഹാ

ബെസ്ഗാസ : വി. കുർബ്ബാന സൂക്ഷിച്ചുവയ്ക്കുവാൻ ത്രോണോസിനടുത്തുള്ള അറ.

മെഴുകുതിരി : ലോകത്തിന് പ്രകാശം നൽകുവാൻ എരിഞ്ഞുകൊണ്ടിരിക്കുന്നവരെ എല്ലാം സൂചിപ്പിക്കുന്നു. പ്രധാന ത്രോണോസിൽ പന്ത്രണ്ട് അപ്പോസ്തോലന്മാരുടെ എണ്ണം പോലെ പന്ത്രണ്ടു മെഴുകുതിരികൾ കാണാം. ■

അഖില മലങ്കര പ്രസംഗ മത്സരം

പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ (കുറിച്ചി ബാവാ)യുടെ 52-ാം ഓർമ്മ പെരുനാളിനോടനുബന്ധിച്ച് പ. പിതാവിനെക്കുറിച്ച് അനുസ്മരിക്കുവാൻ ഒരു പ്രസംഗ മത്സരം സൺഡേ സ്ക്കൂൾ അഖില മലങ്കര അടിസ്ഥാനത്തിൽ **2015 ഡിസംബർ 27-ാം** തീയതി ഞായറാഴ്ച (27-12-15) 2.00 p.m.-ന് **കുറിച്ചി വലിയ പള്ളിയിൽ** വച്ച് നടത്തും.

വിഷയം: പരി. കുറിച്ചി ബാവായുടെ സാമൂഹിക ദർശനങ്ങൾ

നിബന്ധനകൾ: 1) സൺഡേസ്ക്കൂളിൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾ (VII-XII); 2) 20-12-2015-ന് മുൻപായി പേര് രജിസ്റ്റർ ചെയ്യണം; 4) പ്രസംഗ സമയം 5 മിനിറ്റ്. 5) ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക് 5000, 3000, 2000 രൂപാ സമ്മാനതുക നൽകുന്നതാണ്.

For Registration - Vicar, St. Peters & St. Paul's Orthodox Church, Neelamperoor P.O., Kurichy-686534, Ph: 9495912812, 9400833608, 9947124980 or kurichybava@yahoo.com

പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ

വാകത്താനം :- പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 87-ാം ഓർമ്മ ഡിസം. 17-ന് വള്ളിക്കാട്ട് ദയറായിൽ .

കൊരട്ടി :- യാക്കോബ് മാർ പോളികാർപ്പോസ് മെത്രാപ്പോലീത്തായുടെ 29-ാം ഓർമ്മ ഡിസം. 26-ന് കൊരട്ടി സീയോൻ സെമിനാരിയിൽ.

ദേവലോകം:- പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 52-ാം ഓർമ്മ. ജനു. 4-ന് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ.

പത്തനംതിട്ട:- ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ 7-ാം ഓർമ്മ, ജനു. 21-ന് പത്തനംതിട്ട ബേസിൽ ദയറായിൽ.

ശാസ്താംകോട്ട:- പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 10-ാം ഓർമ്മയും ജന്മശതാബ്ദിയും ജനു. 26-ന് ശാസ്താംകോട്ട ഹോറേബ് ആശ്രമത്തിൽ.

ബൈസന്റയിൻ ഓർത്തഡോക്സ് പാരമ്പര്യത്തിലും പേരുകൾ വ്യത്യസ്തമായി കാണുന്നുണ്ട്.

ഓർത്തഡോക്സ് വിശ്വാസത്തിലും പാരമ്പര്യത്തിലും കൂടുതൽ പ്രാധാന്യം നൽകുന്ന മാലാഖ സദ്വാർത്താ ദൂതനായ ഗബ്രിയേൽ ആണ്.

ഗബ്രിയേൽ - സദ്വാർത്താ ദൂതൻ

"ദൂതന്മാർ മുമ്പൻ
- ഗബ്രിയേലേ നിൻ
എരിതീവൈരാഗ്യം
- കെട്ടതുമെന്ത്?
ദുഷിയേൽക്കുന്നു
- നിന്നുടയോൻ സ്കീപ്പായിൽ
അഗ്നിമയാ മൗനംപൂണ്ടതുമെന്ത്?"

ഗബ്രിയേൽ - മാലാഖമാരിൽ ഏറ്റവും പ്രസിദ്ധമായ നാമം. വേദപുസ്തകപ്രകാരം മുഖ്യദൂതന്മാരിൽ ഉന്നത പദവിമൂലം പ്രധാനി മീഖായേൽ ആണെങ്കിലും ഗബ്രിയേലിന്റെ പ്രാധാന്യം ഒട്ടും കുറവല്ല. ഒന്നിലധികം ശ്രേഷ്ഠ ദൂതൻമാർ ഉള്ളതായി പൗലോസ് അപ്പോസ്തലൻ ഓർമ്മിപ്പിക്കുന്നുണ്ട് (1 തിമോ.5:21). പ്രധാന ദൂതൻമാരിൽ ഒരുത്തനെന്ന് മീഖായേലിനെക്കുറിച്ച് ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതിൽ നിന്നും (ദാനി.10:13) പ്രധാന ദൂതന്മാർ ഒന്നിലധികം ഉണ്ടെന്ന് വ്യക്തം. അതിനാൽ ഗബ്രിയേലും പ്രധാന ദൂതൻമാരിൽ ഒരുവൻ തന്നെ. പുതിയ നിയമത്തിൽ ഏറ്റവും കൂടുതലായി പേരെടുത്ത് പറഞ്ഞും പറയാതെയും ഈ ദൂതൻ കടന്നുവരുന്നു. 'ദൂതൻ' എന്നു മാത്രം പഴയ നിയമത്തിൽ പലപ്പോഴും സൂചിപ്പിക്കുന്നത് ഗബ്രിയേൽ ആണെന്ന് പഴയനിയമ അരാമ്യ താർഗുമുകൾ വ്യക്തമാക്കുന്നു.

'ഏൽ' എന്ന എബ്രായപദത്തിന് യഹോവ അഥവാ ദൈവം എന്നർത്ഥമുള്ളതിനാൽ എല്ലാ മാലാഖമാർക്കും അവരുടെ പേരിനൊപ്പം 'ദൈവത്തിന്റെ ദൂതൻ' എന്ന അർത്ഥത്തിൽ 'ഏൽ' ചേർത്തിരിക്കുന്നു. ഗബ്രി-ഏൽ, മീഖാ-ഏൽ എന്നിങ്ങനെ. അതുപോലെ 'ഗബ്രി അഥവാ ഗബ്രോ' എന്ന എബ്രായപദത്തിന് മനുഷ്യൻ എന്നർത്ഥമുണ്ട്. 'ഗബ്രി' മനുഷ്യനും 'ഏൽ' ദൈവവും ആകയാൽ ഗബ്രിയേൽ ദൈവത്തിന്റെ മനുഷ്യൻ ആകുന്നു. ഗബ്രിയേൽ എന്ന എബ്രായ നാമത്തിന് പൊതുവിൽ 'ദൈവത്തിന്റെ വീരപുരുഷൻ' എന്നാണ് അർത്ഥം. ദൈവത്തിന്റെ മനുഷ്യൻ, ദൈവത്തിന്റെ ശക്തി, ദൈവത്തിന്റെ വീരൻ, ദൈവം വലിയവൻ, ദൈവ പുരുഷൻ, ദൈവം എന്റെ ശക്തി, ദൈവം എന്റെ ബലം തുടങ്ങി പല അർത്ഥങ്ങളുമുണ്ട്. ഗബ്രിയേൽ എന്ന പദത്തിന് സമാനമായി ജിബ്രിൽ, ജിബ്രിയേൽ, ജിബ്രയിൽ, ഗാവ്രിയേൽ, ജാബ്രയിൽ തുടങ്ങി പല പേരുകളും യഹൂദാ പാരമ്പര്യത്തിൽ നിലവിലുണ്ട്.

ദൈവകൃപയുടെയും വാഗ്ദാനങ്ങളുടെയും സന്ദേശവാഹകനാണ് ഗബ്രിയേൽ എന്ന് സ്ട്രോങ് ഹോർ എന്ന എഴുത്തുകാരൻ അഭിപ്രായപ്പെടുന്നു. അതുപോലെ 'പറുദീസയുടെ മാലാഖ/പറുദീസയുടെ ഭരണാധികാരി' എന്നിങ്ങനെ ഗബ്രിയേലിനെ ഹാനോക്കിന്റെ പുസ്തകത്തിൽ വിശേഷിപ്പിച്ചിരിക്കുന്നു. ഗബ്രിയേൽ മാലാഖ 'Messanger of Allah' (അള്ളാഹുവിന്റെ ദൂതുവാഹി) എന്ന് മുസ്ലീം പാരമ്പര്യത്തിൽ കാണുന്നു. പ്രസിദ്ധ ഇംഗ്ലീഷ് എഴുത്തുകാരി റോസ്മേരി ഏയ്ലൻ ഗിലെ തന്റെ Encyclopedia of Angels എന്ന ഗ്രന്ഥത്തിൽ ഗബ്രിയേൽ മാലാഖയെ Angel of peace, Anegel of mercy, Angel of prayer, Angel of truth, Angel of announciation, Angel of great counsel, Angel of Earth, Angel of Destruction, Angel of the Lord of the spirits എന്നിങ്ങനെയെല്ലാം ചിത്രീകരിച്ചിരിക്കുന്നു. കൂടാതെ മനുഷ്യർ മരിച്ചാൽ അവരെ ദൈവസന്നിധിയിലേക്ക് ആനയിക്കുന്നത് ഗബ്രിയേൽ ദൂതനാണെന്നും ഗ്രന്ഥകാരി സൂചിപ്പിക്കുന്നു.

ദൈവീക നിർണ്ണയങ്ങൾ വെളിപ്പെടുത്തുന്ന ഗ്രബ്രിയേലിന്റെ നിരവധി പ്രത്യക്ഷതകൾ ബൈബിളിൽ കാണാം. "ഞാൻ ദൈവസന്നിധിയിൽ നിൽക്കുന്ന ഗബ്രിയേൽ ആകുന്നു" എന്ന് സ്വയം പരിചയപ്പെടുത്തുന്നതു കൂടാതെ ദേവാലയത്തിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന വൃദ്ധനായ സെഖര്യാവിനോട് നേരിട്ട് സംസാരിപ്പാനും സദ്വർത്തമാനം അറിയിപ്പാനും ദൈവം എന്നെ അയച്ചിരിക്കുന്നു എന്ന് ഗബ്രിയേൽ പറയുന്നു (ലൂക്കൊ.1:19). ഇവിടെ യോഹന്നാൻ സ്നാപകന്റെ ജനനത്തെക്കുറിച്ചുള്ള പ്രവചനം നൽകുന്നു. പിന്നീട് ലോകരക്ഷകന്റെ അൽഭുതജനനം എന്ന ഏറ്റവും മഹത്തായതും സന്തോഷകരവുമായ വാർത്ത ലോകത്തോട്

പ്രഘോഷിക്കുന്നതിലൂടെ പ്രതിഭാസിക ലോകത്തിന് ദൈവസ്നേഹം വെളിപ്പെടുത്തുന്നു. ഒരു പക്ഷേ ഗബ്രിയേൽ മാലാഖയുടെ ഏറ്റവും വലിയ ദൗത്യവും ഇതായിരുന്നിരിക്കാം. നസറേത്തിലെ ഗലീലയിൽ മറിയത്തിനു പ്രത്യക്ഷനായി 'നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും അവന് യേശു എന്ന് പേർ വിളിക്കണം' (ലൂക്കൊ. 1:31) എന്നറിയിക്കുന്നു. പിന്നീട് യോസേഫിനും, ഇടയന്മാർക്കും, വിദ്വാന്മാർക്കും ഒക്കെ പ്രത്യക്ഷനായി ലോകത്തിനുണ്ടാകുവാനുള്ള മഹാസന്തോഷം അറിയിക്കുന്നതും ഗബ്രിയേൽ അല്ലാതെ മറ്റാരുമല്ല. യോസേഫിന് മുന്നറിയിപ്പ് നൽകുന്നുമുണ്ട് (മത്താ 2:13). ഗെത്ശമെനാ തോട്ടത്തിൽ കർത്താവിന് ശക്തിപകരുന്ന സന്ദർഭവും ഗബ്രിയേൽ മാലാഖയുമായി ബന്ധപ്പെടുത്തിയാണ് ചിന്തിക്കാറുള്ളത്.

പഴയ നിയമത്തിൽ പേരിനാൽ ഗബ്രിയേൽ ആദ്യം കടന്നുവരുന്നത് ദാനിയേലിന്റെ പുസ്തകത്തിലാണ്. ഇവിടെ ദാനിയേലിന് അന്ത്യകാല ദർശനം വിശദീകരിക്കുന്ന മനുഷ്യരൂപമുള്ള ഒരുവൻ എന്ന നിലയിൽ കാണുന്നു (ദാനി.8:15). സായാഹ്നബലിയുടെ (സന്ധ്യായാഗം) സമയത്ത് പറന്നുവന്ന് എഴുപത് ആഴ്ചവട്ടങ്ങളെക്കുറിച്ചുള്ള പ്രവചനവും ഈ ദൂതൻ ദാനിയേലിന് നൽകുന്നു (ദാനി.9:20-27). ഇവിടെ നാം മനസ്സിലാക്കേണ്ടത് അമിതബലവും അതിവേഗം പറന്നു വരത്തക്കവണ്ണം അസാധാരണ വേഗവും ഗബ്രിയേലിന് ഉണ്ടെന്നാണ്. രൂപം മനുഷ്യനെപ്പോലെ (ദാനി.8:18), ശബ്ദം മനുഷ്യശബ്ദം (ദാനി.10:17,18), സ്പർശിക്കാനുള്ള കഴിവുണ്ട് (ദാനി.8-18,10:18), പ്രത്യേക സ്ഥാനത്ത് അഥവാ സ്ഥലത്ത് നിൽക്കാനും കഴിയും (ലൂക്കൊ.1:11-12). വെളിപ്പാട് പുസ്തകത്തിൽ കാണുന്ന 'പായുന്ന ദൂതൻ' ഗബ്രിയേൽ ആണെന്നും വിശ്വസിക്കപ്പെടുന്നു (വെളി.18:2).

സുവിശേഷകനായ ലൂക്കൊസ് ഗബ്രിയേലിനെ മാലാഖയായിത്തന്നെ കണക്കാക്കുന്നു. ഗബ്രിയേൽ ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ഒരു പ്രധാന ദൂതനാണെന്ന് വേദവ്യാഖ്യാതാക്കളിൽ ഭൂരിപക്ഷം പേരും അംഗീകരിക്കുന്നുണ്ടെങ്കിലും ചിലരുടെ അഭിപ്രായം ഗബ്രിയേൽ എന്നത് ദൈവദൂതന് സമാനമായ ഒരു പദം മാത്രമാണെന്നാണ്. അതു ശരിയാകാൻ തരമില്ല. മറ്റ് ചില വ്യാഖ്യാതാക്കൾ ത്രിത്വത്തിൽ മൂന്നാമനായി ഗബ്രിയേലിനെ വിശേഷിപ്പിക്കുന്നു. അതും ഒരു തരത്തിലും സ്വീകാര്യമല്ല, വസ്തുതാവിരുദ്ധവുമാണ്. കാരണം 'ഞാൻ ദൈവസന്നിധിയിൽ നിൽക്കുന്ന ഗബ്രിയേൽ ആകുന്നു' എന്ന് മാലാഖ സ്വയം പരിചയപ്പെടുത്തുന്നുണ്ട്.

ആംഗ്ലിക്കൻ പാരമ്പര്യത്തിൽ കർത്താവിന്റെ രണ്ടാമത്തെ വരവ് പ്രഘോഷിക്കുന്ന കുഴലൂതുന്ന മാലാഖയായി ഗബ്രിയേലിനെ ചിത്രീകരിക്കുന്നു. ഇസ്ലാം മതത്തിൽ മുഹമ്മദ് നബിക്ക് ദൈവത്തിൽ നിന്ന് നേരിട്ട് ഖുറാൻ വചനങ്ങൾ പകർന്നു നൽകിയത് ഗബ്രിയേൽ മാലാഖയാണെന്ന് വിശ്വസിക്കപ്പെടുന്നു. യേസേഫിന്റെ സഹോദരന്മാരുടെ കണ്ടെത്തലുകൾക്ക് സഹായിക്കുന്നതും, സെൻഹെരീബിന്റെ സേനയെ നശിപ്പിക്കാനെത്തുന്നതും, മോശയുടെ സംസ്ക്കാരത്തിന് മീഖായേലിനൊപ്പം ഉണ്ടായിരുന്നതും ഗബ്രിയേൽ മാലാഖ ആണെന്ന് അരാമ്യ താർഗുമുകൾ വ്യക്തമാക്കുന്നു. യഹൂദാ പാരമ്പര്യത്തിലും പൗരസ്ത്യ ദേശങ്ങളിലും കുഞ്ഞുങ്ങൾ ഉണ്ടാകാത്ത ദമ്പതികൾ സന്താന സൗഭാഗ്യത്തിനുവേണ്ടി ഗബ്രിയേലിനെ മദ്ധ്യസ്ഥനായി സ്വീകരിക്കുന്നു. ചുരുക്കത്തിൽ ദൈവീക സന്ദേശങ്ങൾ വിശ്വസ്തതയോടെ ദൈവം നിശ്ചയിക്കുന്ന വ്യക്തികൾക്ക് നിശ്ചിത സ്ഥലത്ത് നിശ്ചിത സമയത്ത് എത്തി കൈമാറുക എന്നത് ഗബ്രിയേൽ മാലാഖയുടെ ദൗത്യമാണ്.

'ഭൂമിയിലെ മാലാഖ' എന്നറിയപ്പെടുന്ന ഗബ്രിയേൽ മാലാഖയുടെ കാവൽ നമുക്കും ലഭ്യമാകാൻ പിതാവിനോടപേക്ഷിക്കാം. ■

AGENTS WANTED

സണ്ടേസ്ക്കൂൾ ഗാനങ്ങളുടെ സി.ഡി. കമ്മീഷൻ വ്യവസ്ഥയിൽ വിതരണം ചെയ്യുന്നതിനായി എല്ലാ ഭദ്രാസനങ്ങളിലും ഏജന്റുമാരെയും സൂപ്പർവൈസറേയും ആവശ്യമുണ്ട്.

ഫോൺ : 9446060145

Advt.



വിപാസ്സന വൈകാരിക സഹായ കേന്ദ്രം, കോട്ടയം

(Vipassana Emotional Support Centre)

വൈകാരിക പ്രതിസന്ധി നേരിടുന്നവരെ സഹായിക്കുന്നതിനും സാന്ത്വനിപ്പിക്കുന്നതിനുമായി മലങ്കര ഓർത്തഡോക്സ് സഭയുടെ മാനവ ശാക്തീകരണ വിഭാഗവും വിദ്യാർത്ഥി പ്രസ്ഥാനവും സംയുക്തമായി നടപ്പാക്കുന്ന പദ്ധതി.

സേവനങ്ങൾ:➤

* 24X7 പ്രവർത്തിക്കുന്ന ടെലിഫോൺ ഹെൽപ്പ് ലൈൻ
* മുഖാമുഖ (face to face) ചർച്ചകൾക്ക് സൗകര്യം
* ആത്മഹത്യാ പ്രതിരോധ പ്രവർത്തനങ്ങൾ
* കുടുംബ ജീവിത ശാക്തീകരണം ലക്ഷ്യമാക്കി വൈദികരും മനശാസ്ത്ര വിദഗ്ധരും നയിക്കുന്ന ക്ലാസ്സുകളും ബോധവത്ക്കരണ പരിപാടികളും

വൈകാരിക പ്രതിസന്ധി നേരിടുന്നവർ ഹെൽപ്പ് ലൈനിലേക്ക് വിളിക്കുക. പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകർ സെന്ററിൽ സേവനം ചെയ്യുന്നു.

Help Line :
0481-2584533 (10 AM -5 PM)
7025067695 (5 PM - 10 AM)

ഇടവക-ഭദ്രാസന തലങ്ങളിൽ പരിശീലന/ബോധവത്ക്കരണ പരിപാടികൾ ക്രമീകരിക്കുന്നതാണ്. ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുമായി സഹകരിച്ച് പരിപാടികൾ സംഘടിപ്പിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.
Director, Vipasana,
Orthodox Student Centre
CMS College Jn., Kottayam,
Kerala-686001
Ph: 9446029859
e-mail: vipassana.mohe@gmail.com
whatsapp : 7025067695

മാർത്തോമ്മാ ശ്ലീഹാ ഇൻഡ്യയുടെ അപ്പോസ്തോലൻ

■ ഡോ. പുന്നൂസ് യു. പാണൂർ, തോട്ടയ്ക്കാട്

യേശു ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ തന്നോടുകൂടെ ഇരിപ്പാനും തന്റെ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനും സുവിശേഷം പ്രസംഗിക്കുന്നതിനും തിരഞ്ഞെടുത്ത 12 ശിഷ്യന്മാരിൽ പലപ്രകാരത്തിലും സവിശേഷതയാർന്ന വ്യക്തിയായിരുന്നു തോമസ് അപ്പോസ്തോലൻ. ശ്ലീഹാ അഥവാ അപ്പോസ്തോലൻ എന്ന വാക്കിന്റെ അർത്ഥം 'അയയ്ക്കപ്പെട്ടവൻ' എന്നാകുന്നു. തോമ്മാശ്ലീഹാ പാലസ്തീൻകാരനായ യഹൂദനും തൊഴിലിൽ തച്ചനും ഇരട്ട ജനിച്ചവരിൽ ഒരുവനും ആയിരുന്നു. അദ്ദേഹത്തെയാണു ഭാരതത്തിലെ സുവിശേഷ വേലക്കായി നിയോഗിച്ചതും.

ചിന്നമല എന്ന കുന്നിൽ വച്ചു ശൂലത്താൽ കുത്തേൽക്കുകയും ഡിസംബർ 21-ന് രക്തസാക്ഷിമരണം പ്രാപിക്കുകയും മൈലാപ്പൂരിൽ കബറടക്കപ്പെടുകയും ചെയ്തു.

പേർഷ്യയിലെ എഡേസ്സാ (ഉറഹാ) എന്ന സ്ഥലത്തെ സഭ മാർത്തോമ്മായുടെ ശിഷ്യനും 72 അറിയിപ്പുകാരിൽ ഒരുവനുമായ ആദായിയാണ് ആരംഭിച്ചത്. പിന്നീടു മാർത്തോമ്മാ ശ്ലീഹാ ഇൻഡ്യയിലേക്കുള്ള യാത്രാമദ്ധ്യേ അവിടം സന്ദർശിക്കുകയും സഭയെ ബലപ്പെടുത്തുകയും ചെയ്തു. എ.ഡി. 165-ൽ എഡേസ്സയിലെ സഭാ പ്രതിനിധികൾ മൈലാപ്പൂരിൽ വരികയും മാർത്തോമ്മായുടെ അസ്ഥികൂടം രഹസ്യത്തിൽ കടത്തിക്കൊണ്ടു പോകയും ചെയ്തു. എഡേസ്സാ പള്ളിയിൽ വിശുദ്ധന്റെ തിരുശേഷിപ്പു സ്ഥാപിച്ചതു ജൂലൈ മൂന്നാം തീയതിയായിരുന്നു. അന്നു മുതൽ ആ ദിവസം മാർത്തോമ്മായുടെ പെരുനാൾ ദിനമായി ആഘോഷിക്കുന്നതിനു പേർഷ്യൻ സഭ നിശ്ചയിക്കുകയും അന്ത്യോഖ്യ, അലക്സാന്ത്രിയ സഭകളും അതു അംഗീകരിക്കയും ചെയ്തു. 17-ാം നൂറ്റാണ്ടിൽ മലങ്കരസഭക്കു അന്ത്യോഖ്യാബന്ധം ഉണ്ടായതോടുകൂടി ആ ദിവസം മാർത്തോമ്മാ ദിനമായി ഇവിടെയും ആചരിച്ചു വരുന്നു.

വി. തോമസിനെക്കുറിച്ചു ചുരുക്കം വിവരങ്ങൾ നമുക്കു ലഭിക്കുന്നതു വി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്നാണ്.

1. രക്തസാക്ഷിത്വം അഭിലഷിക്കുന്ന തോമസ്

(വി. യോഹ. 11:11-16).

യേശുവിന്റെ പ്രശസ്തി വർദ്ധിക്കുകയും യഹൂദന്മാർ അദ്ദേഹത്തെ നശിപ്പിപ്പാൻ അവസരം നോക്കിയിരിക്കയും ചെയ്ത അവസരത്തിൽ നടന്നതാണു ആദ്യത്തെ സംഭവം. യഹൂദന്മാർ യേശുവിനെ പിടിപ്പാനും കല്ലെറിവാനും ശ്രമിച്ചു. അതുകൊണ്ടു യോർദ്ദാന്റെ മറുകരയിൽ യോഹന്നാൻ ആദ്യം സ്നാനം കഴിപ്പിച്ചിരുന്ന സ്ഥലത്തുപോയി യേശു താമസിച്ചു (10:31-40). ബഥാന്യയിലെ ലാസർ എന്ന തന്റെ സ്നേഹിതന്റെ രോഗവിവരം അറിഞ്ഞിട്ടും ഉടൽ പോകാതെ രണ്ടു ദിവസത്തിനുശേഷമാണു യേശു അവിടേക്കു പോകുവാൻ തീരുമാനിച്ചതു. അവിടേക്കു പോകുന്നതു ആപത്കരമാണെന്നു യേശുവിനും ശിഷ്യന്മാർക്കും അറിയാമായിരുന്നു. ലാസർ മരിച്ചു പോയി എന്ന വിവരം യേശു അറിയുകയും ശിഷ്യന്മാരെ

അറിയിക്കയും ചെയ്തു. ബഥാന്യയിലേക്കു പോകുവാനുള്ള യേശുവിന്റെ നിശ്ചയം അറിഞ്ഞ തോമസിന്റെ പ്രതികരണം ശ്രദ്ധാർഹമാണ്: തോമസ് സഹശിഷ്യന്മാരോടു പറഞ്ഞു: "അവനോടുകൂടെ മരിക്കേണ്ടതിനു നമുക്കും പോക" (11:10).

യേശു ക്രൂശിക്കപ്പെടുന്നിനു മുമ്പു തന്നെ തന്റെ ഗുരുവിനുവേണ്ടി ജീവൻ വെടിയുന്നതു ജീവിത ലക്ഷ്യമായി തോമ്മാശ്ലീഹാ കണ്ടിരുന്നു. യേശുവിനോടുണ്ടായിരുന്ന അചഞ്ചലമായ ഭക്തിക്കും സ്നേഹത്തിനും ഏതു രൂപത്തിനേയും നേരിടുന്നതിനുള്ള ധൈര്യത്തിനും ഉദാഹരണമാകുന്നു ഈ സംഭവം. മറ്റു ശിഷ്യന്മാരെയും കർത്താവിനോടുകൂടെ പോകുവാനും കഷ്ടം സഹിക്കുന്നതിനും ആഹ്വാനം ചെയ്യുന്ന വി.തോമസിന്റെ ധീരതയെയും കർത്തൃ സ്നേഹത്തെയും ആർക്കും ചോദ്യം ചെയ്യാവുന്നതല്ല.

2. യഥാർത്ഥ വഴി അന്വേഷിക്കുന്ന തോമസ്

(വി. യോഹ. 14:2,3).

യറുശലേമിലെ മാളിക മുറിയിൽ അന്ത്യ അത്താഴത്തിനുശേഷം യേശു ക്രിസ്തു ശിഷ്യന്മാരോടു യാത്ര പറയുന്നതാണു രണ്ടാമത്തെ സന്ദർഭം. യേശു പറഞ്ഞു: "ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്നേടത്തു നിങ്ങളും ഇരിക്കേണ്ടതിനു വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും. ഞാൻ പോകുന്ന ഇടത്തേക്കുള്ള വഴി നിങ്ങൾ അറിയുന്നു." ഞങ്ങൾ അറിയുന്നില്ല. പിന്നെ വഴി എങ്ങനെ അറിയും" (14:6). അതിനുള്ള കർത്താവിന്റെ മറുപടി പ്രസിദ്ധമാണ്: "ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു".

അഭിപ്രായങ്ങൾ തുറന്നു പറയുവാൻ തോമ്മാശ്ലീഹാ മടിച്ചിരുന്നില്ല. യാഥാർത്ഥ്യങ്ങൾ ചോദിച്ചറിയുവാനും അതിനനുസരിച്ചു പ്രവർത്തിക്കുവാനുമുള്ള തോമ്മാശ്ലീഹായുടെ താല്പര്യം അനുകരണാർഹമാണ്.

3. സത്യാന്വേഷിയായ തോമസ്

(വി. യോഹ. 20:24-29)

ക്രിസ്തു തന്റെ പുനരുത്ഥാന ശേഷം അനേക പ്രാവശ്യം ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെടുകയും താൻ ജീവിച്ചിരിക്കുന്നു എന്നു അവരെ ബോധ്യപ്പെടുത്തുകയും അവരെ വിശ്വാസത്തിൽ ഉറപ്പിക്കയും ചെയ്തു. താൻ ആദ്യം ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടപ്പോൾ തോമസ് അവരോടു കൂടെ ഉണ്ടായിരുന്നല്ല. ഉയിർത്തെഴുന്നേറ്റ യേശുവിനെ കണ്ടു എന്നു

മാർത്തോമ്മാ ശ്ലീഹാ യുടെ നാമത്തിൽ മലങ്കര ഓർത്ത ഡോക്സ് സഭയിൽ ഇപ്പോൾ 178 ദേവാലയ ങ്ങൾ ഉണ്ട്.

ശിഷ്യന്മാർ തോമസിനോടു പറഞ്ഞപ്പോൾ അതു വിശ്വസിപ്പാൻ താൻ തയ്യാറായില്ല. യേശുവിനെ നേരിൽ കണ്ടെങ്കിൽ മാത്രമെ താൻ വിശ്വസിക്കൂ എന്നു തോമസ് ശഠിച്ചു. തോമസ് പറഞ്ഞു: "ഞാൻ അവന്റെ (യേശുവിന്റെ) കൈകളിൽ ആണിപ്പഴുതു കാണുകയും ആണിപ്പഴുതുകളിൽ വിരൽ ഇടുകയും അവന്റെ വിലാപ്പുറത്തു കൈ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കയില്ല (20:25).

എട്ടു ദിവസങ്ങൾക്കു ശേഷം കർത്താവു ശിഷ്യന്മാർക്കു വീണ്ടും പ്രത്യക്ഷനായി, കർത്താവു തന്റെ കൈകളെയും വിലാപ്പുറവും കാണിക്കുകയും തൊട്ടു ബോധ്യപ്പെടുവാനും വിശ്വസിക്കുവാനും തോമസിനോടു ആവശ്യപ്പെടുകയും ചെയ്തു. ഉത്ഥിതനായ കർത്താവിനെ ദർശിക്കുകയും "അവിശ്വാസിയായിരിക്കാതെ വിശ്വാസിയായിരിക്കുക" എന്ന ആഹ്വാനം ശ്രവിക്കുകയും ചെയ്ത തോമസിന്റെ വചനങ്ങൾ നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായിരിക്കുന്നു: "എന്റെ കർത്താവും എന്റെ ദൈവവുമേ" (My Lord and My Lord).

മേൽ സംഭവം തോമ്മാശ്ലീഹായെ 'സംശയാലുവായ തോമാ' എന്നു ചിലർ വിളിക്കുന്നതിനു കാരണമായി. തന്റെ കൂടെയുള്ള മറ്റു പത്തു ശിഷ്യന്മാരും കണ്ട ഉത്ഥിതനായ യേശുവിനെ തനിക്കുംകാണണമെന്നു തോമസ് ആഗ്രഹിച്ചതു ന്യായമാണല്ലൊ. വസ്തുതകൾ ശരിക്കു മനസ്സിലാക്കി വിശ്വസിക്കുവാനാണ് താൻ ആഗ്രഹിച്ചത്. തനിക്കു ഉത്തമ ബോധ്യം വരുന്ന കാര്യങ്ങൾ മാത്രം വിശ്വസിക്കുക, ആ വിശ്വാസത്തിൽ അചഞ്ചലനായി നിലകൊള്ളുക, ഇതായിരുന്നു അദ്ദേഹത്തിന്റെ സ്വഭാവ വിശേഷം, ഏതായാലും ആ സംഭവം കർത്താവിനെ ഏറ്റുപറയുവാനും വിശ്വാസത്തിൽ ഉറപ്പിക്കുവാനും സുവിശേഷം ശക്തിയോടെ പ്രസംഗിക്കുവാനും കാരണമായി.

4. ഉത്ഥിതനായ യേശുവിനോടൊത്തു ഭക്ഷണം കഴിക്കുന്ന തോമസ് (വി. യോഹ. 21:1-14)

യേശു തിബെരിയാസ് കടൽത്തീരത്തുവച്ചു ശിഷ്യന്മാർക്കു വീണ്ടും പ്രത്യക്ഷനായി.. പ്രത്യക്ഷനായത് ഈ വിധം ആയിരുന്നു. "ശിമോൻ പത്രോസും ദിദിമോസ് എന്ന തോമസും ഗലീലയിലുള്ള കാനായിലെ നഥാനിയേലും സെബദിമക്കളും ശിഷ്യന്മാരിൽ വേറെ രണ്ടുപേരും ഒരുമിച്ചു കൂടിയിരുന്നു... യേശു അവരോടു "കുഞ്ഞുങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ" എന്നു ചോദിച്ചു: ഇല്ല എന്നു അവർ ഉത്തരം പറഞ്ഞു... യേശു അവരോടു: വന്നു പ്രാതൽ കഴിച്ചുകൊൾവീൻ എന്നു പറഞ്ഞു... യേശു വന്നു അപ്പം എടുത്തു അവർക്കു കൊടുത്തു മീനും അങ്ങനെ തന്നെ."

കർത്താവു തന്നെ പാചകം ചെയ്ത പ്രാതൽ കഴിക്കുവാനുള്ള ഭാഗ്യം തോമസിനുണ്ടായി. തോമസിന്റെ ജീവിതത്തിലെ സ്മരണാർഹമായ സംഭവമായിരിക്കണം അത്.

5. പരിശുദ്ധാത്മാവിന്റെ ആവാസം ലഭിച്ച തോമസ് (അപ്പോ. 1:13, 2:4).

കർത്താവിന്റെ സ്വർഗ്ഗാരോഹണ ശേഷം തോമസ് ഉൾപ്പെട്ട ശിഷ്യന്മാർ എല്ലാവരും യരുശലേമിലെ മാളികയിൽ യേശുവിന്റെ അമ്മയായ മറിയയോടും അവന്റെ സഹോദരന്മാരോടും ഒത്തു

പ്രശസ്തമായ നിരണം പള്ളിയിൽ ഡിസംബർ 13 മുതൽ 21 വരെ വി. മാർത്തോമ്മാ ശ്ലീഹാ യുടെ പെരുന്നാൾ.

പ്രാർത്ഥന കഴിച്ചു പോന്നു. (അ.പ്ര. 1:14). പെന്തക്കോസ്തുനാളിൽ എല്ലാവരും ഒരു സ്ഥലത്തു കൂടിയിരിക്കുമ്പോൾ അവർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു എന്നും നാം വായിക്കുന്നു. (അ. പ്ര. 2:4) അങ്ങനെ കർത്താവിന്റെ വാഗ്ദത്തത്തിനനുസരിച്ചു ആദിമ സഭയ്ക്കു ലഭിച്ച പരിശുദ്ധാഭിഷേകത്തിൽ പങ്കാളിയാകുവാനും ശക്തിപ്രാപിക്കുവാനും ധൈര്യത്തോടെ ക്രിസ്തുവിനെ സാക്ഷിക്കുന്നതിനും തോമാശ്ലീഹാക്കു സാധിച്ചു.

6. രക്തസാക്ഷിയായി തീർന്ന തോമസ് അപ്പോസ്തോലൻ

"പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും" (അ.പ്ര. 1:8) എന്ന യേശുവിന്റെ വചനങ്ങൾ അപ്പോസ്തോലന്മാരുടെ ജീവിതത്തിൽ നിറവേറി. മാർത്തോമ്മാ തെരഞ്ഞെടുത്തത് ഭാരതമാണ്. രക്ഷയുടെ മാർഗ്ഗം അനേകർക്കു കാട്ടിക്കൊടുത്ത ശേഷം അദ്ദേഹം ഈ മണ്ണിൽ തന്നെ രക്തസാക്ഷിയായി.

ഇൻഡ്യയുടെ അപ്പോസ്തോലനും നമ്മുടെ കാവൽപിതാവുമായ മാർത്തോമ്മാ ശ്ലീഹായുടെ നാമത്തിൽ മലങ്കര ഓർത്തഡോക്സ് സഭയിൽ ഇപ്പോൾ 178 ദേവാലയങ്ങൾ ഉണ്ട്.

കർത്താവിനുവേണ്ടി ജീവിച്ചിരിക്കുന്നതിനും സാക്ഷിക്കുന്നതിനും മരിക്കുന്നതിനും തോമസ് അപ്പോസ്തോലൻ കാണിച്ച മാതൃകയും ധീരതയും എക്കാലവും സ്മരണാർഹവും അനുകരണാർഹവുമാകുന്നു. അദ്ദേഹം സ്ഥാപിച്ച നമ്മുടെ സഭ പൗരാണികത്വത്തിലും അപ്പോസ്തോലിക പിൻതുടർച്ചയിലും പാരമ്പര്യത്തിലും ലോകത്തിലുള്ള എല്ലാ സഭകളെക്കാളും മുൻപിലാണു എന്നു നാം ഓർത്തിരിക്കേണ്ടതാണ്. അപ്പോസ്തോലന്മാർ തമ്മിൽ സഹോദരങ്ങളായിരുന്നതുപോലെ അവർ സ്ഥാപിച്ച സഭകളും സഹോദരി സഭകളാണ്. നാം ദേശീയ ബോധമുള്ളവരും മലങ്കരസഭയുടെ സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കുന്നവരുമായിരിക്കണം.

നമുക്കുവേണ്ടി ജീവൻ ത്യജിച്ച മാർത്തോമ്മാ ശ്ലീഹായുടെ കാലടികളിൽ പറ്റുവാനും മലങ്കരസഭയുടെ സ്വാതന്ത്ര്യം സംരക്ഷിക്കുവാനും നമുക്കു പ്രതിജ്ഞ എടുക്കാം. ഈ സഭയെ ധീരതയോടെ നയിക്കുവാൻ നമ്മുടെ സഭാ പിതാക്കന്മാർക്കു കഴിയട്ടെ എന്നു പ്രാർത്ഥിക്കാം. ■

ഉ|പ|ദ|ർ|ശ|നം

പുതുവത്സരം

■ റവ. ജോണി ജോർജ് കോറെപ്പിസ്ക്കോപ്പാ

> **ദൈവത്തെ സ്വന്തം കൈക്കുമ്പിളിലെടുത്ത് അമ്മാനമാടുവാൻ ഇടയാകുന്ന തരത്തിലാണ് ഇന്ന് 'മിഷൻ' ഫീൽഡുകൾ വളർന്നു വരുന്നത്.**

ജനുവരി 1-നു വർഷാരംഭവും നമ്മുടെ കർത്താവിന്റെ ചേലാകർമ്മവും വി. ബസേലിയോസ്, ഗ്രീഗോറിയോസ് പിതാക്കന്മാരുടെ ഓർമ്മയും ആണ്. മിസ്രയീമിലെ അടിമത്വം അവസാനിച്ച് സ്വാതന്ത്ര്യത്തിന്റെ പാതയിൽ സഞ്ചരിക്കുന്ന യിസ്രായേൽ ജനത്തിന് മോശ നൽകുന്ന വാഗ്ദാനങ്ങളിൽ ഒന്ന്: നിങ്ങൾ കൈവശമാക്കുവാൻ ചെല്ലുന്ന ദേശമോ മലകളും താഴ്വരകളും ഉള്ളതായി ആകാശത്തു നിന്ന് പെയ്യുന്ന മഴവെള്ളം കുടിക്കുന്നതും നിന്റെ ദൈവമായ യഹോവ പരിപാലിക്കുന്നതുമായ ദേശമാകുന്നു. ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ നിന്റെ ദൈവമായ യഹോവയുടെ ദൃഷ്ടി എപ്പോഴും അതിന്മേൽ ഇരിക്കുന്നു" (ആവ. 11:11,12). വളരെ ശ്രേഷ്ഠമായ ഒരു വാഗ്ദാനമാണിത്. ദൈവത്തിനുള്ള വിശ്വാസവും പ്രത്യാശയും ഉറപ്പാക്കണം എന്നാണല്ലോ മോശ ആവശ്യപ്പെടുന്നത്. ദീർഘകാലത്തെ പ്രവാസ കാലത്തിനുശേഷം ജനം ദൈവം വാഗ്ദാനം ചെയ്ത സ്വന്തദേശത്തേക്ക് മടങ്ങിച്ചെല്ലുകയാണ്. കഠിന വേല ചെയ്യേണ്ടിയിരുന്നുവെങ്കിലും ഫലഭൂയിഷ്ടമായ നൈൽ നദീതടം ധാരാളമായി ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിച്ചിരുന്നു. എന്നാൽ മഴയെ മാത്രം ആശ്രയിച്ച് ജീവിക്കേണ്ടതായ ഒരു സാഹചര്യമാണ് അവർ നേരിടാൻ പോകുന്നത്. എന്നാൽ യഹോവയുടെ പരിപാലനം അവർക്കുണ്ടാകും എന്ന ഉറപ്പാണ് മോശ അവർക്ക് നൽകുന്നത്. ആണ്ടിന്റെ ആദ്യന്തം യഹോവയുടെ ദൃഷ്ടി അവരുടെ മേൽ ഉണ്ടായിരിക്കും. ശ്രദ്ധയുള്ള ഒരു ഇടയനെപ്പോലെ ദൈവം തന്റെ ആളുകളെ സംരക്ഷിക്കും.

2015-ാം വർഷം തീർച്ചയായും ദൈവസംരക്ഷണയുടെ ഒരു വർഷമായിരുന്നു; സംശയമില്ല. വ്യക്തികളായും കുടുംബങ്ങളായും സമൂഹമായും രാഷ്ട്രങ്ങളായുമൊക്കെ വ്യത്യസ്തമായ സാഹചര്യങ്ങളിൽ കൂടി കടന്നു പോകേണ്ടി വന്നിട്ടുണ്ട്. പ്രതിസന്ധികളും പ്രശ്നങ്ങളും രൂക്ഷമായിട്ടുണ്ടായിട്ടുണ്ട്. യുദ്ധങ്ങളും കെടുതികളും പ്രകൃതിക്ഷോഭങ്ങളും ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും ഒരു വലിയ പരിധിവരെ അവയെ അതിജീവിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ദൈവ നടത്തിപ്പിനെ ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്താം. 2016 ആദ്യന്തം ദൈവപരിപാലനത്തിന്റെ വർഷമായിരിക്കും എന്ന് നമുക്ക് പ്രത്യാശിക്കാം.

വി. ബസേലിയോസ്, ഗ്രീഗോറിയോസ് പിതാക്കന്മാരുടെ ഓർമ്മയും നമ്മൾ കഴിക്കുന്നത് ജനുവരി ഒന്നാം തീയതിയാണ്. വി. ബസ്സേലിയോസ്, വി. ഗ്രീഗോറിയോസ് ഓഫ് നിസ്സാ, വി. ഗ്രീഗോറിയോസ് ഓഫ് നാസിയാൻസസ് എന്നീ പിതാക്കന്മാർ "കപ്പദോക്യൻ പിതാക്കന്മാർ" എന്ന പേരിലാണ് അറിയപ്പെടുന്നത്. ഓർത്തഡോക്സ് വിശ്വാസത്തിന് ശരിയായ അടിസ്ഥാനം ഇട്ട പിതാക്കന്മാരാണിവർ. ജീവകാരുണ്യ പ്രവർത്തനത്തിന് ഏറെ പ്രാധാന്യം കൊടുത്ത ഒരു പിതാവായിരുന്നു വി. ബസലിയോസ്. സ്വന്ത ആശ്രമത്തിലെ ഗസ്റ്റ് റൂം രോഗികളെ കിടത്തി ശുശ്രൂഷിക്കാനുള്ള സ്ഥലമായി അദ്ദേഹം ഉപയോഗിച്ചിരുന്നു Hospitia എന്ന പദത്തിന് guset-roof of a monastery എന്നാണ് അർത്ഥം. ഇതിൽ നിന്നാണ് Hospital എന്ന വാക്ക് ഉണ്ടായിട്ടുള്ളത് എന്നതും ശ്രദ്ധേയമാണ്. പ്രാർത്ഥനയുടേയും ദൈവസ്നേഹത്തിന്റേയും അടിസ്ഥാനത്തിൽ നടത്തപ്പെടേണ്ട സ്ഥാപനമാണ് ആശുപത്രി.

വി. ഗ്രിഗോറിയോസ് ഓഫ് നിസ്സായും വി. ഗ്രീഗോറിയോസ് ഓഫ് നാസിയാൻസസും വലിയ ദൈവശാസ്ത്ജ്ഞരുമായിരുന്നു. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി ഇവരെക്കുറിച്ച് ആഴമായി പഠിക്കുകയും പഠിപ്പിക്കുകയും ചെയ്ത ഒരാളായിരുന്നു. തിരുമേനിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഈ പിതാക്കന്മാരുടെ ദൈവശാസ്ത്രം എന്തെന്ന് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്ത ഒരാളായിരുന്നു മാർക്സിസ്റ്റ് താത്വികാചാര്യനായിരുന്ന പി. ഗോവിന്ദപിള്ള. അദ്ദേഹത്തിന്റെ ചില ക്ലാസ്സുകൾ അറ്റൻഡു ചെയ്യാനുള്ള അവസരം എനിക്കുണ്ടായിട്ടുണ്ട്. കേരളത്തിലെ ഏറ്റവും പ്രഗത്ഭരായ 10 വ്യക്തികളെപ്പറ്റിയുള്ള ഒരു പുസ്തകം മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പേര് ഉൾപ്പെടുത്താത്തതിൽ രോഷം പൂണ്ട് ശബ്ദമുയർത്തുകയും എഴുതുകയും ചെയ്ത് പി. ഗോവിന്ദപ്പിള്ളയായിരുന്നു.

അഭി. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി ഒരിക്കൽ ക്ലാസ്സിൽ പറഞ്ഞതോർക്കുന്നു. സഭയിൽ വാസ്തവത്തിൽ രണ്ട് theologians ആണ് ഉണ്ടായിട്ടുള്ളത്. ഒന്ന്, സുവിശേഷകനായ വി. യോഹന്നാൻ; രണ്ട് ഗ്രീഗോറിയോസ് ഓഫ് നാസിയാൻസസ്. 'തിയോളജി. എന്നാൽ കേവലം ദൈവത്തെപ്പറ്റിയുള്ള ശാസ്ത്രമല്ല. അത് സൃഷ്ടിയുമായി ദൈവത്തിനുള്ള ബന്ധത്തെപ്പറ്റിയുള്ള വിചാരമാണ്. ദൈവവും (theos) വചനവും (logos) നമ്മിലുള്ള ബന്ധമാണ് പ്രതിപാദനം.

ദൈവത്തെ സ്വന്തം കൈയ്യിലെടുത്ത് അമ്മാനമാടുവാൻ ഇടയാകുന്ന തരത്തിലാണ് ഇന്ന് 'മിഷൻ' ഫീൽഡുകൾ വളർന്നു വരുന്നത്. ദൈവശാസ്ത്രഹരമായ അറിവോ, വേദപുസ്തകഭാഷാ പരിജ്ഞാനമോ, ചരിത്ര പശ്ചാത്തലത്തെപ്പറ്റിയുള്ള പഠനമോ ഇല്ലാത്തവർ വേദപുസ്തകം തന്നെ പരിഭാഷപ്പെടുത്തുന്നു; പുസ്തകങ്ങൾ രചിക്കുന്നു; സുവിശേഷ പ്രഘോഷണം നടത്തുന്നു. സഭകൾ ഈ പ്രവണതയെക്കൂട്ടായിത്തന്നെ നിരുത്സാഹപ്പെടുത്തേണ്ടതാണ്.

യിസ്രായേൽ ജനത്തോട് മോശ പറയുന്ന ഈ വാക്കുകളും ശ്രദ്ധിക്കുക: "നിങ്ങൾ നിങ്ങളുടെ ഹൃദയത്തിന്റെ അഗ്രഹചർമ്മം പരിച്ഛേദന ചെയ്യുവിൻ" (പുറ. 10:16). നല്ല പൂക്കളും ഫലവും ഉണ്ടാകാൻ ചെടികൾ ചെത്തിവെടിപ്പാക്കേണ്ടതുണ്ട് (prune). നിർമ്മലഹൃദയം ഉണ്ടാക്കാൻ ഹൃദയത്തെ ശുദ്ധീകരിക്കണം. ദൈവിക മല്ലാത്തതിനെ ഛേദിച്ചുകളയേണം. സഭയുടെ ശുദ്ധീകരണ ദിനമായ കൂദോശ് ഈത്തോ മുതൽ ക്രിസ്തുമസ് വരെ ഈ പ്രവർത്തനത്തിൽ നമ്മൾ പങ്കാളിയാകാനാണ് സഭ ഉദ്ദേശിച്ചത്. പുതുക്കപ്പെട്ട ഹൃദയത്തോടെ നമുക്ക് പുതുവത്സരത്തിലേക്ക് പ്രവേശിക്കാം.

അഭിനന്ദനങ്ങൾ

മലങ്കരസഭ മാസികയ്ക്ക് പൂനെയിൽ കടുക്കി സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ നിന്ന് ആറ് വർഷത്തേയ്ക്കുള്ള വരിസംഖ്യ ആയ 1000 രൂപാ വീതം 81 പേരിൽ നിന്നും വാർഷിക വരിസംഖ്യ 159 പേരിൽ നിന്നും സമാഹരിച്ച മലങ്കര സഭ മാസികയുടെ പ്രൊമോട്ടർ പി. ഡി. മാത്തുക്കുട്ടി, പൂന. മലങ്കരസഭ മാസികയുടെ പ്രത്യേകമായ അഭിനന്ദനങ്ങൾ.

സമഗ്രസൗഖ്യ വർഷം

മാനവശക്തീകരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ രോഗാതുരത ഉയർത്തുന്ന വെല്ലുവിളികളെ നേരിടുന്നതിനും വ്യക്തി-കുടുംബ സമ്പൂർണ്ണ ആരോഗ്യ പരിപാലനത്തിനുമായി ബോധവത്ക്കരണ പരിപാടികൾ ആവിഷ്കരിക്കും. 2016 സമഗ്ര-സൗഖ്യ വർഷമായി ആചരിക്കും. സഭയുടെ സൗഖ്യദായക ദൗത്യ നിർവ്വഹണത്തിന്റെ ഭാഗമായി ആത്മീയ-മാനസിക-ശാരീരിക-സാമൂഹിക ആരോഗ്യപരിപാലനം സംബന്ധിച്ച് കുടുംബ-ഇടവക-മേഖലാ തലങ്ങളിൽ സംഘടിപ്പിക്കുന്ന ബോധവത്ക്കരണ യജ്ഞത്തിന് അനുയോജ്യമായ ശീർഷകം, ലോഗോ, അവതരണഗാനം എന്നിവ ക്ഷണിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന രചനകൾക്ക് സമ്മാനം ലഭിക്കും.

ഫോൺ - 0481- 2572800
ഇമെയിൽ - hrm@mosc.in

പാത്താമുട്ടം പള്ളി കൂദാശ ഡിസംബർ 27, 28

വന്ദ്യ എം.സി. കുറിയാക്കോസ് റമ്പാൻ 1935-ൽ സ്ഥാപിച്ച പാത്താമുട്ടം സ്ലീബാ പള്ളി പുതുക്കി പണിത് ഡിസംബർ 27-28 തീയതികളിൽ പ. കാതോലിക്കാ ബാവായുടെ മുഖ്യ നേതൃത്വത്തിൽ കൂദാശ ചെയ്യും.

20-ന് 3 മണിക്ക് പഴയ സെമിനാരിയിൽ നിന്നും ദീപശിഖാ പ്രയാണം. ദേവലോകം, പാമ്പാടി ദയറാ, ഞാലിയാകുഴി, വള്ളിക്കാട്ട് ദയറ വഴി പള്ളിയിൽ എത്തും.

26-ന് 4 മണിക്ക് കൂദാശ വിളംബര റാലി. 27-ന് 5 മണിക്ക് പ. കാതോലിക്കാ ബാവായേയും അഭിവന്ദ്യ തിരുമേനിമാരേയും മാളികക്കടവിൽ നിന്നും സ്വീകരിക്കും. 6-ന് ദേവാലയ കൂദാശ ഒന്നാം ഘട്ടം. 28-ന് രാവിലെ 7-ന് ദേവാലയ കൂദാശ രണ്ടാംഘട്ടം. തുടർന്ന് വി. മൂന്നിന്മേൽ കുർബ്ബാന. 10-ന് താക്കോൽ ദാനം. 30-ന് രാവിലെ വി. കുർബ്ബാനയ്ക്ക് ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ മുഖ്യ കാർമ്മികത്വം വഹിക്കും. 10-ന് മുൻ വികാരിമാരെ ആദരിക്കും. 31-ന് വൈകിട്ട് 6-ന് ഫാ. ഡോ. റ്റി. ജെ. ജോഷ്വാ പുതുവത്സരാഘോഷങ്ങൾക്ക് മുഖ്യ സന്ദേശം നൽകും. ജനുവരി ഒന്നിന് രാവിലെ 7.30-ന് വികാരി ഫാ. ജെയിംസ് മർക്കോസ് വി. കുർബ്ബാന അർപ്പിക്കും.

കൂദാശാ കമ്മിറ്റിക്ക് വികാരി ഫാ. ജെയിംസ് മർക്കോസ് പടിയറ, തോമസ് വി. കുര്യൻ (ട്രസ്റ്റി) പി. പി. സജിമോൻ (സെക്രട്ടറി), ഡോ. എം. എസ് അലക്സാണ്ടർ (ജനറൽ കൺവീനർ) എന്നിവർ നേതൃത്വം നൽകുന്നു. ■

മലങ്കരസഭ മാസിക

മലങ്കരസഭാ മാസികയുടെ കൗണ്ടർ പ്രവർത്തിക്കുന്ന പ്രധാന സഭാ പരിപാടികൾ. വരിസംഖ്യ പുതുക്കുന്നതിനും പുതിയ വരിക്കാരാകുന്നതിനും സൗകര്യം ഉണ്ട്.

കുറിച്ചി പള്ളി പെരുന്നാൾ (ജനുവരി 2,3), ദേവലോകം പെരുന്നാൾ (ജനു. 3,4), തൃക്കുന്നത്തു സെമിനാരി (ജനു. 25,26) ശാസ്താംകോട്ട പെരുന്നാൾ (ജനു. 26) മാക്കാംകുന്ന് കൺവൻഷൻ (ജനു. 18-21), വടക്കാഞ്ചേരി കൺവൻഷൻ (ഫെബ്രു. 19-21).

കൂടുതൽ വിവരങ്ങൾക്ക് :
9744648617

Ist Death Anniversary
27-12-2015

"I Will Ask Water only for three more days,
Then I will be going back"

MRS. ANNAMMA ALEXANDER

Inserted By

Mathew Alexander Cor-Episcopa, Kuttikandathil
Rev. Fr. Alex K. Mathew-Mini Mathew
Merina Daniel-Regi Daniel
Kevin, Serina, Reeba, Ryan, Ruby

Washington DC., USA



കൂനൻ കുരിശ് സത്യത്തിലേക്ക് വഴി തെളിച്ച ചരിത്ര പശ്ചാത്തലം

■ ഫാ. ഡോ.ജോസ് ജോൺ

മലങ്കര സഭയുടെ സ്വാതന്ത്ര്യ ബോധത്തേയും, വൈദേശിക വിരുദ്ധ നിലപാടിനെയും വിളിച്ചറിയിക്കുന്ന മഹാ സംഭവമായിരുന്നു 1653-ലെ കൂനൻ കുരിശ് സത്യം. മലങ്കര സഭാ ചരിത്ര ഗതിയെത്തന്നെ തിരുത്തിയെഴുതിയ ജനമുന്നേറ്റത്തിന്റെ ആവിഷ്ക്കാരമായിരുന്നു ഇന്ത്യയിലെ ആദ്യത്തെ സ്വാതന്ത്ര്യ സമരമെന്ന് വിശേഷിപ്പിക്കപ്പെടുന്ന കൂനൻ കുരിശ് സത്യം. മാർത്തോമ്മായുടെ മാർഗ്ഗത്തിലും, പാരമ്പര്യത്തിലും 1500-ൽ പരം വർഷങ്ങൾ ഒന്നായി, ഒറ്റ സമൂഹമായി നിലനിന്നിരുന്ന മലങ്കരസഭ, വിശ്വാസത്തിന്റെയും, ആരാധനയുടെയും വിധേയത്വത്തിന്റെയും പേരിൽ വെട്ടി മുറിക്കപ്പെട്ടതിന്റെ നേർക്കാഴ്ച ഈ സംഭവത്തിലൂടെ നമുക്ക് ദർശിക്കാം. കത്തോലിക്കാ സഭാ ചരിത്രകാരന്മാരും, ഇതര സഭാ ചരിത്രകാരന്മാരും രണ്ട് വ്യത്യസ്ത ധ്രുവങ്ങളിൽ നിന്നും വീക്ഷിക്കുന്ന കൂനൻ കുരിശ് സത്യത്തെ ഒരു പുനർ വായനയ്ക്കായി സമർപ്പിക്കട്ടെ.

ചരിത്ര പശ്ചാത്തലം

15- നൂറ്റാണ്ടുകളോളം തനതായ വിശ്വാസ പാരമ്പര്യങ്ങളുടേയും ആരാധനാ ശൈലികളുടെയും, സാമൂഹിക-സാംസ്ക്കാരിക പൈതൃകങ്ങളുടേയും പിൻ ബലത്തിൽ, 'ജാതിക്ക് കർത്തവ്യൻ' എന്ന സാമുദായിക നേതാവിന്റെ നേതൃപാടവത്തിൽ, ഒന്നായി, ഒരുസമൂഹമായി, ഒറ്റ വിശ്വാസത്തിൽ അടിയുറച്ചു നില നിന്നിരുന്ന മാർത്തോമ്മ ക്രിസ്ത്യാനികൾ, തങ്ങൾക്കുമേൽ അടിച്ചേൽപിക്കപ്പെട്ട റോമാ സഭയുടെ വിശ്വാസത്തേയും, പാരമ്പര്യങ്ങളേയും, അടിമനുകത്തേയും വേരോടെ തൂത്തെറിഞ്ഞ പോരാട്ടത്തിന്റെയും, പോർവിളികളുടെയും ശംഖുനാദമാണ് കൂനൻ കുരിശ് സത്യത്തിൽ മുഴങ്ങി കേൾക്കുന്നത്.

അലക്സന്ത്രിയൻ പാത്രിയർക്കീസ് എന്നവകാശപ്പെട്ട മാർ അഹത്തള്ളായുടെ ആഗമനമാണ് കൂനൻ കുരിശ് സത്യത്തിലേക്ക് വഴിതെളിച്ച കാരണമെന്ന് പൊതുവെ പറയുന്നുണ്ടെങ്കിലും, അഹത്തള്ളായുടെ ആഗമനം അടിച്ചമർത്തപ്പെട്ട മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ജനരോഷത്തിന് നാന്ദി കുറിക്കുക മാത്രമാണ് ചെയ്തത്. വർഷങ്ങളായി ജനഹൃദയങ്ങളിൽ രൂപപ്പെട്ട വൈദേശിക അധിനിവേശത്തിനെതിരേയുള്ള മഹാ വിസ്ഫോടനമാണ് കൂനൻ കുരിശ് സത്യത്തിൽ കലാശിച്ചത്. ആയതിനാൽ മാർ അഹത്തള്ളായുടെ ആഗമനമായിരുന്നില്ല, മറിച്ച് അടിമനുകം പേറേണ്ടിവന്ന ഒരു ജനതയുടെ സ്വാതന്ത്ര്യത്തിനായുള്ള

വർഷങ്ങളായി ജനഹൃദയങ്ങളിൽ രൂപപ്പെട്ട വൈദേശിക അധിനിവേശത്തിനെതിരേയുള്ള മഹാ വിസ്ഫോടനമാണ് കൂനൻ കുരിശ് സത്യത്തിൽ കലാശിച്ചത്.

മുറവിളിയാണ് പ്രധാന കാരണം. അസ്വാതന്ത്ര്യത്തിന്റെയും, അടിമത്വത്തിന്റെയും നുകം മാർത്തോമ്മാ ക്രിസ്ത്യാനികളുടെമേൽ കെട്ടിവച്ച റോമാവത്ക്കരണം/ലത്തീൻ വത്ക്കരണം (Romani zation/Latimization) ആയിരുന്നു കൂനൻ കുരിശ് സത്യത്തിലേക്ക് വഴി തെളിച്ച ചരിത്ര പശ്ചാത്തലം. ലത്തീൻ വൽക്കരണ/റോമാ വൽക്കരണത്തിലൂടെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ തനതായ വിശ്വാസ-ആരാധന പാരമ്പര്യങ്ങൾ തച്ചുടച്ച്, മലങ്കരസഭയെ റോമാ സഭയുടെ ഒരു മാതൃകയായി/പതിപ്പായി മാറ്റുവാൻ റോമൻ കത്തോലിക്കാ മിഷണറിമാർക്ക് കഴിഞ്ഞു. മലങ്കര സഭയിൽ റോമാ വൽക്കരണം നടപ്പിലാക്കുവാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ താഴെപ്പറയുന്നവയാണ്.

ഉദയം പേരൂർ സുന്നഹദോസ് (1599)

അലക്സീസ് ഡി. മെനസിസിന്റെ അദ്ധ്യക്ഷതയിൽ 1599-ൽ ഉദയംപേരൂരിൽ വച്ച് നടന്ന മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മഹായോഗത്തെയാണ് ഉദയംപേരൂർ സുന്നഹദോസ് എന്ന പേരിലറിയപ്പെടുന്നത്. പ്രസ്തുത സുന്നഹദോസാണ് മലങ്കരസഭയിൽ ക്രമീകൃതമായും, ഔദ്യോഗികമായും റോമാവത്ക്കരണം നടപ്പിലാക്കുവാൻ തീരുമാനിച്ചതും, അതിനുള്ള നടപടികൾ ആരംഭിച്ചതും. മലങ്കരയിൽ നിലവിലിരുന്ന എല്ലാ ആരാധനാനുഷ്ഠാനങ്ങളും, വിശ്വാസ പാരമ്പര്യങ്ങളും റോമാ സഭയിലേതുപോലെ രൂപപ്പെടുത്തുവാൻ ഈ സുന്നഹദോസ് തീരുമാനിച്ച് പ്രഖ്യാപിച്ചു.

പാശ്ചാത്യ ഭരണ സംവിധാനത്തിന്റെ വ്യാപനം

ഉദയം പേരൂർ സുന്നഹദോസിലൂടെ മലങ്കരയിൽ അടിച്ചേൽപ്പിക്കപ്പെട്ട മെത്രാൻ കേന്ദ്രീകൃതമായ പാശ്ചാത്യ ഭരണ സംവിധാനം റോമാ വത്ക്കരണത്തിന് അനുകൂലമായ മറ്റൊരു മാർഗ്ഗമായി രൂപപ്പെട്ടു. ജനാധിപത്യ ഭരണക്രമത്തിൽ ഒരു ക്രിസ്ത്യൻ റിപ്പബ്ലിക്കായി സഭാ ഭരണം നിർവ്വഹിച്ചുവന്ന മലങ്കര നസ്രാണികൾക്ക് മെത്രാൻ കേന്ദ്രീകൃതമായ ഭരണസംവിധാനം, അവരുടെ ജനായത്ത ഭരണ സ്വാതന്ത്ര്യത്തെയും, സംവിധാനത്തെയും തകർക്കുക മാത്രമല്ല, അവരിൽ അനാവശ്യമായ ബാദ്ധ്യവത്വം അടിച്ചേൽപ്പിക്കുകയും ചെയ്തു.

രാഷ്ട്രീയ പിൻബലത്തോടെയുള്ള മതപീഡനം

റോമൻ കത്തോലിക്കാ മിഷണറിമാരും, കത്തോലിക്കാ വിശ്വാസികളായ പോർട്ടുഗീസ് ഭരണാധികാരികളുമാണ് മലങ്കരയിൽ ഈ കാലഘട്ടത്തിൽ മതപരവും, രാഷ്ട്രീയവുമായ ഭരണനിർവ്വഹണം നിർവ്വഹിച്ചു പോന്നത്. അവർക്ക് ധനശേഷിയും, കായിക ബലവും അതിലുപരി രാഷ്ട്രീയ സ്വാധീനവും ആവോളം മലങ്കരയിൽ ഉണ്ടായിരുന്നു. ചരിത്രകാരനായ കെ. എം. പണിക്കരുടെ വാക്കുകളിൽ "ഒരു കൈയ്യിൽ കുരിശും മറുകയ്യിൽ വാളുമായിട്ടാണ് പോർട്ടുഗീസുകാർ ഇന്ത്യയിലേക്ക് വന്നത്." ആർച്ച് ബിഷപ്പ് സ്റ്റീഫൻ ബ്രിട്ടോയും, ആർച്ച് ഡീക്കൺ ജോർജ്ജും തമ്മിൽ നടന്ന ശക്തമായ തർക്കവിതർക്കങ്ങൾക്കിടയിൽ, ആർച്ച് ഡീക്കനെ കൊല്ലുന്നതിനുപോലും വൈസ്രോയി തയ്യാറായിരുന്നുവെന്ന് ചരിത്രകാരനായ ജെ. കൊല്ലാമ്പറമ്പിൽ വ്യക്തമാക്കുന്നു.

പൗരസ്ത്യ സഭാബന്ധത്തിന്റെ നിരോധനം

മലങ്കരയിൽ നെസ്തോറിയ വേദവിപരീതത്തിന്റെ സ്വാധീനം മനസ്സിലാക്കിയ കത്തോലിക്കാ മിഷണറിമാർ പോർട്ടുഗീസ് ഭരണാധികാരികളുടെ സഹായത്തോടെ മലങ്കരസഭയും, പേർഷ്യൻ സഭയുമായുള്ള എല്ലാ ബന്ധങ്ങളും ഇല്ലാതാക്കുവാൻ വേണ്ടി, പൗരസ്ത്യ സഭാ പിതാക്കന്മാരുടെ മലങ്കരയിലേക്ക് ഉള്ള ആഗമനം രാഷ്ട്രീയ ശക്തി ഉപയോഗിച്ച് നിരോധിച്ചു. പൗരസ്ത്യ സഭാ ബന്ധമാണ് മലങ്കരയിൽ നെസ്തോറിയൻ വേദവിപരീതം പ്രചരിക്കുവാൻ കാരണമെന്നും, പൗരസ്ത്യ സഭാ ബന്ധത്തിന്റെ വിഛേദനം നെസ്തോറിയൻ വേദവിപരീതത്തെ ഇല്ലാതാക്കുവാനും, അതുവഴി മലങ്കര നസ്രാണികളെ പാശ്ചാത്യ സഭാ ബന്ധത്തിലേക്ക് അടുപ്പിക്കുവാനും സാധിക്കുമെന്ന് കത്തോലിക്ക മിഷണറിമാർ വിശ്വസിച്ചു.

മലങ്കരസഭയുടെ മിഷൻ രംഗം

ദൈവിക ദയ ഒഴുകിയ സേവനസരണികളിലെ സംരക്ഷിത സങ്കേതങ്ങൾ

മലങ്കര സഭയുടെയും ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസിന്റെയും ദർശനം, മിഷൻ പ്രവർത്തനം, ബാല വൃദ്ധ ഭവനങ്ങൾ, കോൺവെന്റുകൾ, എയ്ഡ്സ് രോഗാശുപത്രികൾ, സഭയുടെ നേപ്പാൾ ദുരന്ത നിവാരണ പ്രവർത്തനം മുതലായവയെപ്പറ്റി പ്രതിപാദിക്കുന്ന മികച്ച കൃതി.

പ്രകാശനം 2016 ഫെബ്രുവരി മൂന്നാം വാരത്തിൽ, മാവേലിക്കര വച്ച്, വില 250 രൂപ. (പ്രീ-പബ്ലിക്കേഷൻ വില 150 രൂപ മാത്രം 2016 ജനുവരി 31 വരെ)

വില്പനയിൽ നിന്നു ലഭിക്കുന്ന പണം ബാലഭവനങ്ങൾക്കു വേണ്ടിയുള്ളതാണ്. പണവും ചെക്കും അയയ്ക്കേണ്ട വിലാസം എഡിറ്റർ കെ. വി. മാമ്മൻ, കോട്ടയ്ക്കൽ പബ്ലിഷേഴ്സ്, മാങ്ങാനം പി.ഒ, കോട്ടയം-686018, ഫോൺ: 0481-2578936.

സഭാ ചരിത്രം ജീവചരിത്രങ്ങൾ

1. മലങ്കരസഭയുടെ സമുന്നത സാരഥികൾ	700 രൂപ
2. സമ്പൂർണ്ണ സഭാ ചരിത്രം എ.ഡി. 52-2014	500
3. സഭാ ചരിത്ര വിജ്ഞാന കോശം	500
4. പ. വട്ടശ്ശേരിൽ തിരുമേനി	175
5. പ. ഗീവർഗീസ് II ബാവ	200
6. പ. ഔഗേൻ ബാവ	80
7. പുത്തൻകാവിൽ തിരുമേനി	200
8. പ. പാമ്പാടി തിരുമേനി	100
9. മണലിൽ അച്ചന്റെ സഭാ സ്മരണകൾ	100
10. ബഥനി ആശ്രമവും റീത്തു പ്രസ്ഥാനവും	125
11. ആനപ്പാപ്പി	150
12. സഭാകേസ്: 1958ലെ സുപ്രീംകോടതി വിധി	90
13. തുമ്പമൺ വലിയപള്ളി ചരിത്രം	100
14. പ. കന്യക മറിയാം	30
15. ഫാ. എം.എം. ഏബ്രഹാം	75

പുസ്തകങ്ങൾക്ക് 25% കമ്മീഷൻ പോസ്റ്റേജ് സൗജന്യം, ആവശ്യപ്പെടുക.

കെ. വി. മാമ്മൻ, കോട്ടയ്ക്കൽ പബ്ലിഷേഴ്സ്,
മാങ്ങാനം പി.ഒ, കോട്ടയം-686018,
ഫോൺ: 0481-2578936

അർക്ക്ദിയാക്കോൻ മെത്രാപ്പോലീത്തൻ സ്ഥാനത്തിന്റെ അധികാര ഭ്രംശം.

മലങ്കരയിലെ രണ്ട് പ്രമുഖ അധികാരസ്ഥാനങ്ങളായിരുന്നു അർക്കദിയാക്കോൻ/ജാതിക്ക് കർത്തവ്യൻ സ്ഥാനവും, ഇന്ത്യയൊക്കെയുടേയും മെത്രാപ്പോലീത്തൻ സ്ഥാനവും. ഈ രണ്ട് സ്ഥാനങ്ങളും പോർട്ടുഗീസുകാരുടെ വരവുവരെ കൃത്യമായ അധികാര-അവകാശങ്ങളോടെ സമാന്തരമായി സഭാഭരണം നിർവ്വഹിച്ചു വന്നു. ഉദയംപേരൂർ സുന്നഹദോസിലൂടെ സംജാതമായ ലത്തീൻ മെത്രാന്റെ അധികാരപരിധിക്കുള്ളിൽ ഈ രണ്ട് സ്ഥാനങ്ങളും തരംതാഴ്ത്തപ്പെടുകയോ, അധികാര-അവകാശ രഹിതമായി നിലനിർത്തപ്പെടുകയോ ചെയ്തു. അർക്കദിയാക്കോൻ സ്ഥാനം ലത്തീൻ മെത്രാന്മാരുടെ അധികാര ഏകാധിപത്യത്തിന് വിലങ്ങു തടിയാകുമെന്ന് ഭയന്ന്, ആ സ്ഥാനത്തെ പരമാവധി തരംതാഴ്ത്തുവാനും ഇല്ലാതാക്കുവാനും കത്തോലിക്ക മിഷനറിമാർ ശ്രമിച്ചു.

പൗരസ്ത്യ സഭാ പാരമ്പര്യങ്ങളോടുള്ള അവജ്ഞയും, അവഗണനയും

മലങ്കരയിൽ നിലനിന്നിരുന്ന പൗരസ്ത്യ സഭാ പാരമ്പര്യങ്ങളെ പാശ്ചാത്യ വത്ക്കരിക്കുവാനുള്ള ശ്രമം കത്തോലിക്കാ മിഷനറിമാർ പലപ്പോഴും നടത്തുന്നുണ്ട്. പൗരസ്ത്യ രീതിയിലുള്ള ആരാധന വഴി വി. കുർബ്ബാന, ആരാധനാ വസ്ത്രങ്ങൾ, ഇവയെല്ലാം പാശ്ചാത്യവത്ക്കരിക്കുക വഴി മലങ്കരസഭയെ റോമാ സഭയുടെ പകർപ്പാക്കി തീർക്കുവാൻകത്തോലിക്കാ മിഷണറിമാർ ശ്രമിച്ചു. പൗരസ്ത്യ സഭാ പാരമ്പര്യങ്ങളോടുള്ള അവജ്ഞയും, നെസ്തോറിയൻ വേദവിപരീതത്തോടുള്ള അക്കാലത്തെ റോമാ സഭയുടെ സമീപനവുമാണ് ഇത്തരത്തിൽ പ്രവർത്തിക്കുവാൻ അവരെ പ്രേരിപ്പിച്ചത്. പൗരസ്ത്യ രീതിയിലുള്ള സകലതിനേയും വേദവിപരീതമായും, അന്ധവിശ്വാസമായും ചിത്രീകരിക്കുകയും, അവയെ അവജ്ഞയോടുകൂടി അവഗണിക്കുകയും ചെയ്തു.

പദ്രോവാദോ സംവിധാനം

ക്ലെമന്റ് എട്ടാമൻ മാർപാപ്പ, പദ്രോവാദോ സംവിധാനത്തിലൂടെ മലങ്കരസഭയെ പോർട്ടുഗീസ് രാജാവിന്റെ അധികാര പരിധിക്കുള്ളിൽ തളച്ചിട്ടു. പദ്രോവാദോ സംവിധാനത്തിലൂടെ മാർപാപ്പ മലങ്കരസഭയെ നിയന്ത്രിക്കുകയും, കത്തോലിക്കാ സഭയ്ക്കും വിശ്വാസത്തിനും ആദായമായവ നേടിയെടുക്കുകയും ചെയ്തു.

സന്യസ്ത വൈദികരും, സെമിനാരികളും

മലങ്കര നസ്രാണികൾക്കുമേൽ വൈദികവൃത്തിയും, സെമിനാരി പരിശീലനവും നടപ്പാക്കുക വഴി റോമാ-വത്ക്കരണത്തിന്റെ സാധ്യത കത്തോലിക്കാ മിഷണറിമാർ തിരിച്ചറിഞ്ഞു. നിർബന്ധിത സന്യസ്ത ജീവിതം വൈദികരുടെമേൽ അടിച്ചേൽപ്പിക്കുകയും, മല്പാൻ പാഠശാലകളിൽ മാത്രം വൈദിക പരിശീലനം ചെയ്തുവന്ന മലങ്കര നസ്രാണികളെ സെമിനാരി വിദ്യാഭ്യാസത്തിലൂടെ തങ്ങളുടെ മാർഗ്ഗത്തിലേക്ക് തിരിക്കുവാനും മിഷണറിമാർക്ക് സാധിച്ചു. റോമൻ കത്തോലിക്കാ വിശ്വാസത്തിലും, പാരമ്പര്യത്തിലും ചേർന്നു പോകുന്ന ഒരു കൂട്ടം വൈദികരെ സെമിനാരി പരിശീലനത്തിലൂടെ രൂപപ്പെടുത്തുകയും, അവരിലൂടെ കത്തോലിക്ക വിശ്വാസപ്രചരണം നടത്തുകയും ചെയ്തു.

പത്രോസിന്റെ നിയമം

മാർത്തോമ്മായുടെ മാർഗ്ഗവും, വഴിപാടും വിശ്വാസമായി സ്വീകരിച്ചു പോന്ന മലങ്കര നസ്രാണികളുടെമേൽ പത്രോസിന്റെ നിയമം അടിച്ചേല്പിക്കുക വഴി റോമാവത്ക്കരണത്തിന് കൂടുതൽ സാധ്യത മിഷണറിമാർ കണ്ടെത്തി. മലങ്കര നസ്രാണികളേക്കാൾ വിദ്യാസമ്പന്നരും, ബുദ്ധിമതികളായ പോർട്ടുഗീസ് മിഷണറിമാർ മലങ്കര നസ്രാണികളുടെ വേദപുസ്തക പരിജ്ഞാന കുറവും, പാരമ്പര്യ വേദശാസ്ത്രത്തിലുള്ള അജ്ഞതയും മുതലാക്കി മാർത്തോമ്മായുടെ നിയമത്തിനുമേൽ പത്രോസിന്റെ നിയമത്തെ പ്രതിഷ്ഠിക്കുകയും അതിനെ അംഗീകരിക്കുവാൻ അവരെ നിർബന്ധിതരാക്കിതീർക്കുകയും ചെയ്തു.

ലത്തീൻ വൽക്കരണത്തിനുള്ള മാർഗ്ഗങ്ങൾ കൂടാതെ മറ്റ് ചില കാരണങ്ങളും കൂനൻ കുരിശ് സത്യത്തിലേക്ക് വഴിതെളിച്ചു. അർക്കദിയാക്കോനും, ആർച്ച്ബിഷപ്പും തമ്മിലുള്ള അധികാര വടംവലി, ഈശോസഭക്കാരുടെ ഏകാധിപത്യം, പാതിരിമാരുടെ ശമ്പള സംവിധാനം, ആർച്ച് ബിഷപ്പ് ഗാർസിയായുടെ കാർക്കശ്യ സ്വഭാവം, ബാബിലോണിയൻ അഭിനിവേശം, ഈശോസഭക്കാരുടെ മുൻവിധികളും, സംശയങ്ങളും, തദ്ദേശീയ സന്യാസ പ്രസ്ഥാനത്തിന്റെ അടിച്ചമർത്തൽ തുടങ്ങി അനേകം കാരണങ്ങൾ കൂനൻ കുരിശ് സത്യത്തിന്റെ ചരിത്ര പശ്ചാത്തലമായി നമുക്ക് മനസ്സിലാക്കാം.

(അവസാനിക്കുന്നില്ല) ■

ഡോക്ട്രേറ്റ്

റോമിലെ ആന്‍ജെലിക്കും യൂണിവേഴ്സിറ്റിയിൽ നിന്നും പഴയ നിയമത്തിൽ ഡോക്ട്രേറ്റ് നേടിയ ചെങ്ങന്നൂർ ബഥേൽ മാർ ഗ്രിഗോറിയോസ് ഇടവകാംഗമായ ഫാ. ഫിലിക്സ് യോഹന്നാൻ.

ചെങ്ങന്നൂർ തട്ടാശ്ശേരിൽ പി.ജി. യോഹന്നാന്റേയും മറിയാമ്മയുടെയും മകൻ. തട്ടാശ്ശേരിൽ യാക്കോബ് കത്തനാരുടെ സഹോദര പൗത്രനുമാണ്. സഹധർമ്മിണി: റെബി ഫിലിക്സ്.

ഒന്നാം റാങ്ക്

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും എം.എ. സുറിയാനിക്ക് ഒന്നാം റാങ്ക് ലഭിച്ച ഫാ. ഏബ്രഹാം വർഗീസ്. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായി ദീർഘകാലം പ്രവർത്തിച്ചു.

സെറാംപൂർ സർവ്വകലാശാലയിൽ നിന്നും വേദശാസ്ത്രത്തിൽ എം.റ്റി.എച്ച്. ബിരുദവും നേടിയിട്ടുണ്ട്. നിരണം ഭദ്രാസനത്തിലെ വെൺപാല പള്ളി, വടക്കുംഭാഗം ചാപ്പൽ എന്നിവിടങ്ങളിൽ വികാരിയാണ്.

മലങ്കരസഭ പഞ്ചാംഗം

2016
1191-92

കോനൂൻഹ്രോയ് - ജനുവരി

1. *റിശ്ശാത്തോ (വർഷാരംഭം) നമ്മുടെ കർത്താവിന്റെ ചേലാകർമ്മ പെരുനാൾ, മാർ ബസേലിയോസ്, മാർ ഗ്രീഗോറിയോസ് പിതാക്കന്മാരുടെയും സകല വിശുദ്ധ മല്പാന്മാരുടെയും ഓർമ്മ.
3. ജനനപ്പെരുന്നാളിനു ശേഷം രണ്ടാം ഞായറാഴ്ച (നിറം 2).
മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 52-ാം ഓർമ്മ. (കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന), കൂനൻകുരിശുസത്യ സ്മരണാദിനം (മട്ടാഞ്ചേരി സെ. ജോർജ് പള്ളി).
6. *ദനഹാപെരുനാൾ (നമ്മുടെ കർത്താവിന്റെ മാമ്മോദീസാ) (നിറം 2).
7. മാർ യൂഹാനോൻ മാംദാനായുടെ പുകഴ്ചയുടെ പെരുനാൾ.
8. മാർ സ്തേഫാനോസ് സഹദായുടെ ഓർമ്മ.
10. ദനഹായ്ക്കു ശേഷം ഒന്നാം ഞായറാഴ്ച (നിറം 3).
15. X വിത്തുകൾക്കുവേണ്ടി വി. ദൈവമാതാവിന്റെ പെരുനാൾ, താപസനായ മാർ പൗലോയുടെ ഓർമ്മ.
17. ദനഹായ്ക്കു ശേഷം രണ്ടാം ഞായറാഴ്ച (നിറം 6). മൂന്നു നോമ്പിന്റെ പേത്തുർത്താ ഞായർ, സകല വിശുദ്ധ പിതാക്കന്മാരുടെയും മല്പാന്മാരുടെയും ഓർമ്മ.
18. മൂന്ന് നോമ്പ് ആരംഭം. മാർ ശ്മൂയേലിന്റെയും, മാർ ശെമവൂന്റെയും, മാർ അന്തോനിയോസിന്റെയും ഓർമ്മ.
21. മൂന്നു നോമ്പ് വീടൽ, യോന ദീർഘദർശിയുടെ ഓർമ്മ. ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ 7-ാം ഓർമ്മ (പത്തനംതിട്ട ബേസിൽ അരമന). അന്ത്യോഖ്യായുടെ മാർ സേവേറിയോസ് പാത്രിയർക്കീസിന്റെ ഓർമ്മ;
23. സന്യാസശ്രേഷ്ഠനായ മാർ ഔഗേന്റെ ഓർമ്മ.
24. പട്ടക്കാരുടെ പൊതുവായ ഓർമ്മ കഴിക്കുന്ന ഞായറാഴ്ച (കൊഹനേ) (നിറം 7).
26. മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 10-ാം ഓർമ്മ (ശാസ്താംകോട്ട ഹോറേബ് ആശ്രമം). കുറ്റിക്കാട്ടിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ 62-ാം ഓർമ്മ (ആലുവാ തൃക്കുന്നത്തു സെമിനാരി). റിപ്പബ്ലിക് ദിനം.

പ്പോലീത്തായുടെ 54-ാം ഓർമ്മ (കുന്നംകുളം ആർത്താറ്റ് പുത്തൻ പള്ളി).
18. നാൽപതാം വെള്ളിയാഴ്ച
19. ബഥാന്യയിലെ ലാസറിന്റെ ഓർമ്മ (ലാസറിന്റെ ശനി).
സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 86-ാം ഓർമ്മ (കുന്നംകുളം ആർത്താറ്റ് പുത്തൻ പള്ളി).
20. ഓശാന ഞായറാഴ്ച (നിറം 7).
(ബാലികാ ബാല ദിനം)
21. ഹാശാ തിങ്കളാഴ്ച
22. ഹാശാ ചൊവ്വാഴ്ച
കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 131-ാം ഓർമ്മ (പാമ്പാക്കുട വലിയ പള്ളി).
23. ഹാശാ ബുധനാഴ്ച
24. പെസഹാ വ്യാഴാഴ്ച
25. വി. ദൈവമാതാവിനോടുള്ള വചനിപ്പ് പെരുന്നാൾ (സൂബോറോ)
ദുഃഖവെള്ളിയാഴ്ച (വലിയ വെള്ളിയാഴ്ച).
നാലാം മാർത്തോമ്മായുടെ 288-ാം ഓർമ്മ (കണ്ടനാട് പള്ളി). (നിറം 4)
26. ദുഃഖശനിയാഴ്ച - അറിയിപ്പിന്റെ ശനി.
27. *ക്യംതാ പെരുന്നാൾ (ഉയിർപ്പ്) (സന്ധ്യ മുതൽ രാത്രി ഒന്നാം കൗമാ വരെ നിറം 8, തുടർന്ന് 1).
28-31. ഹേവോറോ ദിനങ്ങൾ.

നീസോൻ - ഏപ്രിൽ

1-2. ഹേവോറോ ദിനങ്ങൾ.
3. പുതുഞായറാഴ്ച. (ക്യംതാ പെരുന്നാളിനു ശേഷം ഒന്നാം ഞായറാഴ്ച) (സന്ധ്യ മുതൽ രാത്രി ഒന്നാം കൗമാ വരെ നിറം 8, തുടർന്ന് 1).
5. കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ (പാമ്പാടി തിരുമേനി) 51-ാം ഓർമ്മ (പാമ്പാടി ദയറ).
7. വലിയ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ (ആറാം മാർത്തോമ്മാ) യുടെ 208-ാം ഓർമ്മ (പുത്തൻകാവ് കത്തീഡ്രൽ).
10. പുതുഞായറാഴ്ചയ്ക്കു ശേഷം ഒന്നാം ഞായറാഴ്ച. (നിറം 2). (ക്യംതാ പെരുന്നാളിനുശേഷം രണ്ടാം ഞായറാഴ്ച)
12. ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 3-ാം ഓർമ്മ (താലിയാകുഴി മാർ ബസേലിയോസ് ദയറ).
16. രണ്ടാം മാർത്തോമ്മായുടെ 330-ാം ഓർമ്മ (നിരണം വലിയപള്ളി). എട്ടാം മാർത്തോമ്മ

പരി. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ

യറാഴ്ച. (നിറം 8).
26. പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 2-ാം ഓർമ്മ. (പത്തനാപുരം മൗണ്ട് താബോർ ദയറ)
29. പെന്തിക്കോസ്തിക്കു ശേഷം രണ്ടാം ഞായറാഴ്ച. (നിറം 1).

ഹ്സീറോൻ - ജൂൺ

5. പെന്തിക്കോസ്തിക്കുശേഷം മൂന്നാം ഞായറാഴ്ച. (നിറം 2). ലോക പരിസ്ഥിതി ദിനം.
6. യുയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 91-ാം ഓർമ്മ. (പരുമലപള്ളി), ഔഗേൻ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 9-ാം ഓർമ്മ. (വള്ളിക്കാട്ടു ദയറ).
11. മാർ ബർത്തുൽമായി ശ്ലീഹായുടെ ഓർമ്മ, ശെമവൂൻ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ 127-ാം ഓർമ്മ. (കോട്ടയം പുത്തൻപള്ളി).

മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 4-ാം ഓർമ്മ (റാന്നി പെരുനാട് ബഥനി ആശ്രമം).
6. *കൂടാരപ്പെരുനാൾ (കർത്താവിന്റെ മറുരൂപപ്പെരുന്നാൾ) അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ 51-ാം ഓർമ്മ (പെരുനാട് ബഥനി ആശ്രമം) (നിറം 6).
7. കൂടാരപ്പെരുനാളിനുശേഷം ഒന്നാം ഞായറാഴ്ച (നിറം 3). തെസലോനിക്യയിലെ വി. ദെമത്രിയോസിന്റെ ഓർമ്മ.
12. മാർ അസസായേൽ സഹദായുടെ ഓർമ്മ.
14. കൂടാരപ്പെരുനാളിനുശേഷം രണ്ടാം ഞായറാഴ്ച (നിറം 4). മീഖാ നിബിയുടെ ഓർമ്മ.
15. *വി. ദൈവമാതാവിന്റെ വാങ്ങിപ്പ് (ശൂനോയോ) പെരുനാൾ (നിറം 7); പതിനഞ്ചു നോമ്പു വീടൽ; മർത്തമറിയം വനിതാ സമാജ ദിനം; അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസ് അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവായുടെ 101-ാം ഓർമ്മ (കുർക്കുമാ ദയറാ), കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പൽ പെരുനാൾ. സ്വാതന്ത്ര്യദിനം.
16. മാർ ഈവാനിയോസ് ഹിദായത്തുള്ളാ എപ്പിസ്കോപ്പായുടെ 323-ാം ഓർമ്മ (മുളന്തുരുത്തി പള്ളി).
19. സകല നിബിയന്മാരുടെയും ഓർമ്മ, മാർ ലാബി ശ്ലീഹായുടെ ഓർമ്മ, ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 25-ാം ഓർമ്മ. (മുളക്കുളം കർമ്മേൽകുന്ന് പള്ളി)
20. മാർ ശമുവേൽ നിബിയുടെ ഓർമ്മ.
21. വാങ്ങിപ്പിനുശേഷം ഒന്നാം ഞായർ (നിറം 5).
24. മാർ മത്ഥിയാസ് ശ്ലീഹായുടെ ഓർമ്മ.
28. വാങ്ങിപ്പിനു ശേഷം രണ്ടാം ഞായറാഴ്ച (നിറം 6).
29. മാർ യൂഹാനോൻ മംദാനയുടെ ശിരഃഛേദത്തിന്റെ ഓർമ്മ.
31. മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 36-ാം ഓർമ്മ (പാമ്പാടി മാർ കുറിയാക്കോസ് ദയറാ).

ഈലൂൽ - സെപ്റ്റംബർ

2. യുയാക്കിം മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ 142-ാം ഓർമ്മ (മുളന്തുരുത്തി പള്ളി).

അല്ഫായിയുടെ പുത്രനായ മാർ യാക്കോബ് ശ്ലീഹായുടെ ഓർമ്മ.
30. കൂദോശ് ഈത്തോ ഞായറാഴ്ച (വി. സഭയുടെ ശുദ്ധീകരണം) (നിറം 1).

തെശ്രീൻ ഹ്രോയി - നവംബർ

1. സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും സഹദേന്മാരുടെയും രക്തസാക്ഷിണികളുടെയും ഓർമ്മ. മാർ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 6-ാം സ്ഥാനാരോഹണ വാർഷികം.
2. പരിശുദ്ധ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ (പരുമലതിരുമേനി) 114-ാം ഓർമ്മ (പരുമല പള്ളി).
കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ 109-ാം ഓർമ്മ (ആലുവാ തൃക്കുന്നത്തു സെമിനാരി).
5. സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ 9-ാം ഓർമ്മ (ഭിലായി സെ. തോമസ് ആശ്രമം).
6. ഹൂദോസ് ഈത്തോ ഞായറാഴ്ച (വി. സഭയുടെ പ്രതിഷ്ഠ) (നിറം 2).
വയലിപറമ്പിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 50-ാം ഓർമ്മ (ആലുവാ തൃക്കുന്നത്തു സെമിനാരി).
8. മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 20-ാം ഓർമ്മ (ദേവലോകം കാതോലിക്കേറ്റ് അരമന).
13. സഖറിയാ പുരോഹിതനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച (നിറം 3).
സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസിന്റെ ഓർമ്മ.
14. മാർ ഫീലിപ്പോസ് ശ്ലീഹായുടെ ഓർമ്മ.
20. വി. ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച (നിറം 4)
ഇയ്യോബ് മാർ ഫീലക്സീനോസ് മെത്രാപ്പോലീത്തായുടെ 5-ാം ഓർമ്മ (പത്തനാപുരം താബോർ ദയറ).
21. വി. ദൈവമാതാവിന്റെ ദേവാലയ പ്രവേശന പെരുനാൾ.
24. പഴയസെമിനാരി സ്ഥാപകൻ സഭാജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ

... വായ ഓർമ്മ കഴിക്കുന്ന ഞായറാഴ്ച (ആനിദേ) (നിറം 8)

ശ്ബോത്ത് - ഫെബ്രുവരി

2. *മായൽത്തോ പെരുന്നാൾ (കർത്താവിന്റെ ദേവാലയപ്രവേശനം) (നിറം 2). വൃദ്ധനായ ശെമവോന്റെയും, മർത്ത് ഹന്നായുടേയും ഓർമ്മ (വയോധിക ദിനം).
പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 48-ാം ഓർമ്മ (കണ്ടനാട് കർമ്മേൽ ദയറാ).
3. വിലാപകാലത്തിൽ പ്രധാനിയായ മാർ ബർസൗമായുടെ ഓർമ്മ, താപസനും വിലാപക്കാരനുമായ മാർ കൗമായുടെ ഓർമ്മ.
7. കൊത്തിനേ ഞായറാഴ്ച, വലിയനോമ്പിന്റെ പേത്തുർത്താ (നിറം 1).
8. വലിയ നോമ്പാരംഭം. ശുബ്ക്കോനോ ശുശ്രൂഷ
9. മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായുടെ 7-ാം ഓർമ്മ (കൊല്ലം സെന്റ് തോമസ് കത്തീഡ്രൽ).
13. മാർ അപ്രേം മല്പാന്റെയും, തേവോദോറോസ് സഹദായുടേയും ഓർമ്മ. (നിറം 8). വലിയ നോമ്പിലെ ആദ്യ ശനി. അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ 84-ാം ഓർമ്മ (മഞ്ഞനിക്കര ദയറാ).
14. വലിയ നോമ്പിലെ രണ്ടാം ഞായറാഴ്ച (ഗർബോ) (നിറം 2).
16. സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 4-ാം ഓർമ്മ (മാവേലിക്കര സെന്റ് പോൾസ് ചാപ്പൽ).
21. വലിയ നോമ്പിലെ മൂന്നാം ഞായറാഴ്ച (മ്ശറിയോ) (നിറം 3).
23. സ്മിർണായിലെ പോളിക്കാർപ്പോസിന്റെ ഓർമ്മ, മലങ്കരസഭാ ഭാസുരൻ വിശുദ്ധ ഗീവർഗീസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ (വട്ടശ്ശേരിൽ തിരുമേനി) 81-ാം ഓർമ്മ (കോട്ടയം പഴയ സെമിനാരി ചാപ്പൽ). തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ 8-ാം ഓർമ്മ (ദേവലോകം കാതോലിക്കേറ്റ് അരമന).
24. ഏവൻഗേലിസ്ഥനായ മാർ മത്തായി ശ്ലീഹായുടെ ഓർമ്മ
28. വലിയ നോമ്പിലെ നാലാം ഞായറാഴ്ച (ക്നാനൈത്തോ) (നിറം 4).

ഓദോർ - മാർച്ച്

2. പാതി നോമ്പ്
അബ്ഗാർ രാജാവിന്റെ ഓർമ്മ
6. വലിയ നോമ്പിലെ അഞ്ചാം ഞായറാഴ്ച (ക്ഫീഫ്ത്തോ ഞായർ) (നിറം 5).
9. സെബസ്ത്യായിലെ നാല്പതു സഹദേന്മാരുടെ ഓർമ്മ. അമ്പാട്ട് ഗീവർഗീസ് മാർ കുറിലോസ് മെത്രാപ്പോലീത്തായുടെ 125-ാം ഓർമ്മ (അങ്കമാലി ചെറിയ പള്ളി).
13. വലിയ നോമ്പിലെ ആറാം ഞായറാഴ്ച (സമിയോ)
മലങ്കര ഓർത്തഡോക്സ് സഭാ ദിനം - കാതോലിക്കാ ദിനം (നിറം 6).
14. ഊറഹായിലെ അബ്ഗാർ രാജാവിന്റെ ഓർമ്മ.
17. പൗലോസ് മാർ സേവേറിയോസ് മെത്രാ...

കത്തീഡ്രൽ).
17. പുതുഞായറാഴ്ചയ്ക്കു ശേഷം രണ്ടാം ഞായറാഴ്ച. (നിറം 3). (ക്യംതാ പെരുന്നാളിനുശേഷം മൂന്നാം ഞായറാഴ്ച)
കാതോലിക്കേറ്റ് രത്നദീപം ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ 65-ാം ഓർമ്മ (പുത്തൻകാവ് കത്തീഡ്രൽ).
21. യൂഹാനോൻ മാർ ഈവാനിയോസ് എപ്പിസ്കോപ്പായുടെ 222-ാം ഓർമ്മ (ചെങ്ങന്നൂർ പഴയ സുറിയാനി പള്ളി).
22. മൂന്നാം മാർത്തോമ്മായുടെ 328-ാം ഓർമ്മ (കടമ്പനാട് കത്തീഡ്രൽ).
23. മാർ ഗീവർഗീസ് സഹദായുടെ ഓർമ്മ.
24. പുതുഞായറാഴ്ചയ്ക്കു ശേഷം മൂന്നാം ഞായറാഴ്ച. (നിറം 4). (ക്യംതാ പെരുന്നാളിനുശേഷം നാലാം ഞായറാഴ്ച)
25. ഏവൻഗേലിസ്ഥനായ മാർ മർക്കോസ് മ്ശംസ്രാനോയുടെ ഓർമ്മ; ഒന്നാം മാർത്തോമ്മായുടെ 346-ാം ഓർമ്മ (അങ്കമാലി ചെറിയ പള്ളി).
27. മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീൽ ബാവായുടെ 345-ാം ഓർമ്മ (വടക്കൻ പറവൂർ പള്ളി)
29. മാർ ശാബോർ, മാർ അഫ്രോത്ത് പിതാക്കന്മാരുടെ ഓർമ്മ.

ഈയോർ - മേയ്

1. പുതുഞായറാഴ്ചയ്ക്കു ശേഷം നാലാം ഞായറാഴ്ച. (നിറം 5). (ക്യംതാ പെരുന്നാളിനുശേഷം അഞ്ചാം ഞായറാഴ്ച)
സെബദി പുത്രനായ മാർ യാക്കോബ് ശ്ലീഹായുടെ ഓർമ്മ, മേയ് ദിനം.
3. മാർ ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാബാവായുടെ 103-ാം ഓർമ്മ (പാമ്പാക്കുട ചെറിയ പള്ളി).
5. * കർത്താവിന്റെ സ്വർഗ്ഗാരോഹണപ്പെരുന്നാൾ
(സുലോക്കോ)
6-14 കാത്തിരിപ്പ് ദിനങ്ങൾ
8. പുതുഞായറാഴ്ചയ്ക്കു ശേഷം അഞ്ചാം ഞായറാഴ്ച. (നിറം 6). (ക്യംതാ പെരുന്നാളിനുശേഷം ആറാം ഞായറാഴ്ച-പെന്തിക്കോസ്തിക്കു മുമ്പുള്ള ഞായറാഴ്ച) സൺഡേസ്കൂൾ ദിനം. ഏവൻഗേലിസ്ഥനായ മാർ യൂഹാനോൻ ശ്ലീഹായുടെ ഓർമ്മ.
10. എരിവുകാരനായ മാർ ശെമവൂൻ ശ്ലീഹായുടെ ഓർമ്മ. അഞ്ചാം മാർത്തോമ്മായുടെ 251-ാം ഓർമ്മ (നിരണം വലിയപള്ളി).
15. പെന്തിക്കോസ്തി ഞായറാഴ്ച. (നിറം 7).
X കതിരുകൾക്കുവേണ്ടി വി. ദൈവമാതാവിന്റെ പെരുന്നാൾ. മാർ ഇസഹാക്കിന്റെ ഓർമ്മ.
16. യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ 26-ാം ഓർമ്മ (കൊരട്ടി സീയോൻ സെമിനാരി).
19. മാർ ദിവന്നാസ്യോസ് III (പുന്നത്ര) മെത്രാപ്പോലീത്തായുടെ 191-ാം ഓർമ്മ (കോട്ടയം ചെറിയപള്ളി).
20. സ്വർണ്ണ വെള്ളിയാഴ്ച. താപസന്മാരിൽ പ്രധാനിയായ മാർ അഹറോന്റെ ഓർമ്മ. നാല് ഏവൻഗേലിസ്ഥന്മാരുടെയും മൂന്നു പൊതുസുന്നഹദോസുകളിലെ പിതാക്കന്മാരുടെയും ഓർമ്മ.
22. പെന്തിക്കോസ്തിക്കു ശേഷം ഒന്നാം ഞാ...

16. ശ്ലീഹാ (13 നോമ്പ്) നോമ്പാരംഭം.
19. പെന്തിക്കോസ്തിക്കു ശേഷം അഞ്ചാം ഞായറാഴ്ച (നിറം 4).
കർത്താവിന്റെ സഹോദരനും ഊർശ്ലേമിന്റെ ഒന്നാമത്തെ എപ്പിസ്കോപ്പായുമായ ശ്ലീഹായും സഹദായും ആദ്യം വിശുദ്ധ കുർബ്ബാന അനുഷ്ഠിച്ചവനുമായ മാർ യാക്കോബിന്റെ ഓർമ്മ.
24. മാർ യോഹന്നാൻ മാംദാനായുടെ ജനനത്തിന്റെ ഓർമ്മ.
26. പെന്തിക്കോസ്തിക്കുശേഷം ആറാം ഞായറാഴ്ച (നിറം 5).
29. *മാർ പത്രോസ് - മാർ പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ, ശ്ലീഹാ നോമ്പ് വീടൽ.
30. പന്ത്രണ്ടു ശ്ലീഹന്മാരുടെ ഓർമ്മ.

തോമ്മൂസ് - ജൂലൈ

3. പെന്തിക്കോസ്തിക്കു ശേഷം ഏഴാം ഞായറാഴ്ച (നിറം 6). മിഷൻ സൺഡേ. വി. *മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ.
5. ഏഴുപത്തിരണ്ട് അറിയിപ്പുകാരുടെ ഓർമ്മ. ഏഴാം മാർത്തോമ്മായുടെ 207-ാം ഓർമ്മ (കോലഞ്ചേരി പള്ളി).
7. സഖറിയാ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 19-ാം ഓർമ്മ. (പത്തനാപുരം മൗണ്ട് താബോർ ദയറാ).
10. പെന്തിക്കോസ്തിക്കു ശേഷം എട്ടാം ഞായറാഴ്ച (നിറം 7).
യൂഹാനോൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 243-ാം ഓർമ്മ (മുളന്തുരുത്തി പള്ളി).
12. കോട്ടയം എം.ഡി. സെമിനാരി സ്ഥാപകൻ മലങ്കരസഭാ തേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് V മെത്രാപ്പോലീത്തായുടെ 107-ാം ഓർമ്മ (കോട്ടയം പഴയസെമിനാരി).
15. മാർ കുറിയാക്കോസ് സഹദായുടെയും മാതാവ് മർത്ത് യൂലീത്തിയുടെയും നിഖ്യായിലെ മാർ അബഹായിയുടെയും ഓർമ്മ.
17. പെന്തിക്കോസ്തിക്കു ശേഷം ഒൻപതാം ഞായറാഴ്ച (നിറം 8).
20. മാർ ഏലിയാ ദീർഘദർശിയുടെ ഓർമ്മ.
22. മറിയം മഗ്ദലൈത്തയുടെ ഓർമ്മ.
23. ഗീവർഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ 17-ാം ഓർമ്മ (റാന്നി ഹോളി ട്രിനിറ്റി ആശ്രമം).
24. പെന്തിക്കോസ്തിക്കു ശേഷം പത്താം ഞായറാഴ്ച (നിറം 1).
25. കുപ്രൊസിലെ മാർ എപ്പിഫാനിയോസിന്റെ ഓർമ്മ.
27. മാർ ശെമവൂൻ ദെസ്തുനോയോയുടെ ഓർമ്മ.
31. പെന്തിക്കോസ്തിക്കു ശേഷം പതിനൊന്നാം ഞായറാഴ്ച (നിറം 2).
മാർ ഗ്രീഗോറിയോസ് ബാർ എബ്രായയുടെ 730-ാം ഓർമ്മ.

ഓബ് - ഓഗസ്റ്റ്

1. ശൂനോയോ (പതിനഞ്ചു) നോമ്പാരംഭം; രക്തസാക്ഷികളായ മർത്ത്ശ്മൂനിയുടെയും ഏഴുമക്കളുടെയും ഗുരുവായ മാർ ഏലിയാസറിന്റെയും ഓർമ്മ. പൗലോസ് ...

(നിറം7).
(മദ്ധ്യസ്ഥപ്രാർത്ഥനാ ദിനം).
8. വി. ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ.
9. വി. ദൈവമാതാവിന്റെ മാതാപിതാക്കളായ യുയാക്കീമിന്റെയും ഹന്നായുടെയും ഓർമ്മ.
11. വാങ്ങിപ്പിനുശേഷം നാലാം ഞായറാഴ്ച. (നിറം 8);
14. *സ്ലീബാ പെരുന്നാൾ (നിറം 8).
15. മലങ്കരയിലെ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ 104-ാം വാർഷികം.
18. സ്ലീബാ പെരുനാളിനുശേഷം ഒന്നാം ഞായറാഴ്ച (നിറം 1).
23. അൽവാറിസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 93-ാം ഓർമ്മ. (പഞ്ചിം സെ. മേരീസ് പള്ളി, ഗോവ).
24. പേർഷ്യക്കാരനായ മാർ ദീമേത്തിന്റെ ഓർമ്മ.
25. സ്ലീബാ പെരുനാളിനു ശേഷം രണ്ടാം ഞായറാഴ്ച (നിറം 2). അന്ത്യോഖ്യയുടെ മാർ ഇഗ്നാത്തിയോസ് പത്രോസ് III പാത്രിയർക്കീസ് ബാവായുടെ 122-ാം ഓർമ്മ.
28. ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ 19-ാം ഓർമ്മ (ആലുവാ തൃക്കുന്നത്തു സെമിനാരി).

തെശ്രീൻകദീം - ഒക്ടോബർ

1. അറിയിപ്പുകാരനായ മാർ ആദായി (ശ്ലീഹാ) യുടെയും മ്ഹിർശാബോർ എന്ന മാർ അബഹായി സഹദായുടെയും മാർ മൽക്കേയുടെയും ഓർമ്മ.
2. സ്ലീബാ പെരുനാളിനു ശേഷം മൂന്നാം ഞായറാഴ്ച (നിറം 3). വൈദിക സെമിനാരി ദിനം. കരവട്ടു വീട്ടിൽ ശെമവൂൻ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 128-ാം ഓർമ്മ (കടുംഗമംഗലം പള്ളി). ഗാന്ധിജയന്തി.
3. വി. ബസേലിയോസ് യൽദോ കാതോലിക്കാ ബാവായുടെ 331-ാം ഓർമ്മ (കോതമംഗലം ചെറിയപള്ളി).
7. മാർ സർഗീസ്, മാർ ബാക്കോസ് സഹദേന്മാരുടെ ഓർമ്മ.
9. സ്ലീബാ പെരുനാളിനുശേഷം നാലാം ഞായറാഴ്ച (നിറം 4);
12. ഫീലിപ്പോസ് മാർ ദിവന്നാസ്യോസ് IV മെത്രാപ്പോലീത്തായുടെ 161-ാം ഓർമ്മ (ചേപ്പാട് പള്ളി); യൂഹാനോൻ മാർ അത്താനാസിയോസ് എപ്പിസ്കോപ്പായുടെ 36-ാം ഓർമ്മ (പെരുനാട് ബഥനി ആശ്രമം).
14. അലക്സാന്ത്രിയായിലെ മാർ അത്താനാസിയോസിന്റെ ഓർമ്മ.
15. താപസനായ മാർ ഓസിയോയുടെ ഓർമ്മ.
16. സ്ലീബാ പെരുനാളിനു ശേഷം അഞ്ചാം ഞായറാഴ്ച (നിറം 5).
18. മാർ ലൂക്കോസ് ഏവൻഗേലിസ്ഥായുടെ ഓർമ്മ.
22. മാർ ബസേലിയോസ് ശുക്രള്ളാ കാതോലിക്കാബാവായുടെ 252-ാം ഓർമ്മ (കണ്ടനാടു പള്ളി).
23. സ്ലീബാ പെരുനാളിനു ശേഷം ആറാം ഞായറാഴ്ച (നിറം 6).

... യുടെ 200-ാം ഓർമ്മയും, പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 20-ാം ഓർമ്മയും (കോട്ടയം പഴയസെമിനാരി).
27. ഏലീശുബായുടെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്രയുടെ ഞായറാഴ്ച (നിറം 5) (വനിതാ ദിനം)
28. മാർ യാക്കോബ് ബുർദ്ദാന, മാർ ദിവന്നാസ്യോസ് ബർസ്ലീബി എന്നിവരുടെ ഓർമ്മ.
29. സ്രൂഗിലെ മാർ യാക്കോബിന്റെ ഓർമ്മ.
30. മാർ അന്ത്രയോസ് ശ്ലീഹായുടെ ഓർമ്മ.

കോനൂൻകദീം - ഡിസംബർ

1. യൽദാ (ഇരുപത്തഞ്ചു) നോമ്പാരംഭം.
3. തോമ്മാ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 44-ാം ഓർമ്മ (പത്തനാപുരം താബോർ ദയറ).
4. മാർ യൂഹാനോൻ മാംദാനയുടെ ജനനത്തിന്റെ ഞായറാഴ്ച (ബാലദിനം) (നിറം 6).
സഹദാ സ്ത്രീകളായ മർത്ത് ബർബറായുടെയും, മർത്ത് യൂലിയാനയുടെയും ഓർമ്മ.
6. മൂറായുടെ എപ്പിസ്ക്കോപ്പായായ നിക്കലാവോസ് എന്ന മാർ സോബോയുടെ ഓർമ്മ.
8. മാർ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ 41-ാം ഓർമ്മ (ദേവലോകം കാതോലിക്കേറ്റ് അരമന).
9. മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായുടെ 4-ാം ഓർമ്മ. (വളയംചിറങ്ങര സെന്റ്. പീറ്റേഴ്സ്& സെ.പോൾസ് പള്ളി.)
10. മാർ ബഹനാൻ സഹദായുടെയും, സഹോദരി സാറായുടെയും കൂട്ടു സഹദേന്മാരുടെയും മാബൂഗിലെ മാർ പീലക്സീനോസിന്റെയും ഓർമ്മ.
11. മാർ യൗസേഫിനുണ്ടായ വെളിപാടിന്റെ ഞായറാഴ്ച (നിറം 7).
ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ 26-ാം ഓർമ്മ (പത്തനംതിട്ട ബേസിൽ അരമന).
17. മാർ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 88-ാം ഓർമ്മ. (വാകത്താനം വള്ളിക്കാട്ടുദയറാ).
18. ജനനപ്പെരുനാളിനു മുൻപുള്ള ഞായറാഴ്ച (വംശാവലി ഞായർ) (നിറം 8).
വി. മാർത്തോമ്മാ ശ്ലീഹാ കുന്തമേറ്റതിന്റെ ഓർമ്മ.
20. മാർ ഇഗ്നാത്തിയോസ് നൂറോനോയുടെ ഓർമ്മ.
21. വി. മാർത്തോമ്മാ ശ്ലീഹാ രക്തസാക്ഷി മരണം പ്രാപിച്ചതിന്റെ ഓർമ്മ.
25. *യൽദോ-ക്രിസ്മസ് (നമ്മുടെ കർത്താവിന്റെ ജനനപ്പെരുനാൾ) ഇരുപത്തഞ്ചു നോമ്പു വീടൽ (നിറം 1).
26. X വി. ദൈവമാതാവിന്റെ പുകഴ്ചപെരുനാൾ. യാക്കോബ് മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായുടെ 30-ാം ഓർമ്മ (കൊരട്ടി സീയോൻ സെമിനാരി).
27. ശിശുവധപ്പെരുനാൾ, ശിശു സഹദേന്മാരുടെ ഓർമ്മ.

പട്ടശ്ശേരിൽ അലക്സന്ത്രയോസ് കോർ എപ്പിസ്ക്കോപ്പാ



കാളിയാങ്കൽ ശാഖയായ കുഴിമറ്റം കാരാപ്പുഴ പട്ടശ്ശേരിൽ തറവാട്ടിലെ ഉലഹന്നാന്റെയും ഇളച്ചിയമ്മയുടെയും പുത്രനായി 1889-ൽ ജനിച്ച ചാണ്ടിക്കുഞ്ഞാണ് പിന്നീട് പി.ജെ. അലക്സന്ത്രയോസ് കോർ എപ്പിസ്ക്കോപ്പാ എന്ന പേരിൽ മലങ്കരയിൽ പ്രസിദ്ധനായത്. ഇടവകപ്പട്ടക്കാരനായി തിരഞ്ഞെടുത്ത്, 1905-ൽ കോട്ടയം പഴയ സെമിനാരിയിൽ ചേരുമ്പോൾ 16 വയസ്സു മാത്രമായിരുന്നു പ്രായം. മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് കോറുയോപട്ടം നൽകി സെമിനാരി വിദ്യാഭ്യാസം പൂർത്തിയാക്കിയ അലക്സന്ത്രയോസ് ശെമ്മാശൻ 1912-ൽ അഞ്ചേരിൽ വർക്കിപ്പിള്ളയുടെ പുത്രി മറിയാമ്മയെ വിവാഹം ചെയ്തു. അതേ വർഷത്തിൽ തന്നെ അദ്ദേഹം കശീശാ സ്ഥാനത്തേക്കുയർത്തപ്പെട്ടു. അബ്ദുള്ളാ രണ്ടാമൻ പാത്രിയർക്കീസ് ബാവായുടെ മുടക്കു നേരിടുകയായിരുന്ന വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും പട്ടം സ്വീകരിക്കുന്നതിനുള്ള ധൈര്യം ശെമ്മാശൻ പ്രദർശിപ്പിച്ചു. മലങ്കര സഭയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ദർശനമാണ് അദ്ദേഹത്തിന് ഈ ധൈര്യം നൽകിയത്.

സുറിയാനി ഭാഷയിൽ അഗാധമായ പാണ്ഡിത്യമുണ്ടായിരുന്ന അദ്ദേഹത്തിന്റെ കുഴിമറ്റത്തുള്ള ഭവനം, വൈദിക വിദ്യാർത്ഥികളെ ഒപ്പം താമസിച്ചു പരിശീലിപ്പിക്കുന്ന 'മല്പ്പാൻ ഭവന'മായി ഏറെക്കാലം പ്രവർത്തിച്ചരുന്നു. തർക്കങ്ങളുടെ പേരിൽ പഴയ സെമിനാരി പൂട്ടിക്കിടന്നപ്പോൾ, വട്ടശ്ശേരിൽ തിരുമേനിയുടെ പ്രേരണയിലാണ് ഗുരുകുല സമ്പ്രദായത്തിൽ സ്വഭവനത്തിൽ സുറിയാനി വിദ്യാഭ്യാസം ആരംഭിച്ചത്. കോട്ടയം ഭദ്രാസനത്തിലെ നളന്ദാ സർവകലാശാല ആയിരുന്നു അച്ചന്റെ വീട്. അക്കാലത്ത് ഒരാൾക്ക് വൈദിക പദവി നൽകാൻ മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയ്ക്ക്, ബ. പട്ടശ്ശേരിലച്ചന്റെ സമ്മതപത്രം മതിയാവുമായിരുന്നു.

സഭയിലെ എല്ലാ പള്ളികളെയും വീടുകളെയും ഉൾക്കൊള്ളിച്ചുകൊണ്ട്, സഭയുടെ വിവിധ സേവന പ്രവർത്തനങ്ങൾക്കായി ധനശേഖരണം നടത്തുന്നതിനായി 1935-ൽ 'കാതോലിക്കേറ്റ് വ്യവസ്ഥാപന നിധി' രൂപീകരിച്ചപ്പോൾ, പട്ടശ്ശേരിലച്ചന്റെ നേതൃത്വത്തിൽ കുഴിമറ്റം ഇടവക നൽകിയ പിന്തുണ മഹത്തരമായിരുന്നു. നിധിപ്പിരിവു വിജയകരമായി നടപ്പാക്കുന്നതിന് പ്രായോഗികമായ എന്തെങ്കിലും പ്രയാസം നേരിടുമോ എന്നു പരീക്ഷിക്കുന്നതിന് സഭ തിരഞ്ഞെടുത്തത് കുഴിമറ്റം ഇടവകയേ ആയിരുന്നു.

1912 മുതൽ 1964 വരെയുള്ള 52 വർഷക്കാലം കുഴിമറ്റം സെ. ജോർജ് ഓർത്തഡോക്സ് ഇടവകയുടെ വികാരിയായിരുന്നു അദ്ദേഹം. ഇടവക ഭരണത്തിൽ മുൻമാതൃകയൊന്നും ഇല്ലാതിരുന്ന പട്ടശ്ശേരിലച്ചൻ, സ്വയമേ രൂപപ്പെടത്തിയ അനുപമമായ ശൈലിയിൽ ആ വലിയ ഇടവകയെ നയിക്കുകയും, മലങ്കരയിലെ വിഖ്യാതമായ ഇടവകളിലൊന്നായി അതിനെ വളർത്തിക്കൊണ്ടുവരികയും ചെയ്തു. അദ്ദേഹത്തിന്റെ നേതൃത്വവൈഭവവും, ദീർഘവീക്ഷണവും എല്ലാവരെയും യോജിപ്പിച്ചുകൊണ്ടു പോകുന്നതിനുള്ള കഴിവുമാണ് ഇതു സാദ്ധ്യമാക്കിയത്. 1936-ൽ സഭ പ്രസിദ്ധീകരിച്ച 'പൗരസ്ത്യ കാതോലിക്കേറ്റ് വ്യവസ്ഥാപന മലങ്കരനിധി എന്ന പുസ്തകത്തിൽ പട്ടശ്ശേരിലച്ചനെ വിശേഷിപ്പിചത് ഇപ്രകാരമായിരുന്നു: 'കാര്യശേഷിയുള്ള ആൾ, നയജ്ഞൻ, വാഗ്മി, സുറിയാനി ഭാഷയിൽ സാമാന്യം പാണ്ഡിത്യമുള്ളദ്ദേഹം, ഇടവകജനങ്ങൾ നന്നാകണമെന്നുള്ള താത്പര്യത്തിൽ സ്ഥിരപരിശ്രമം ചെയ്യുന്ന അച്ചൻ...'

ഇടവകയിൽ മാത്രമായി ഒതുങ്ങിയില്ല അച്ചന്റെ പ്രവർത്തനങ്ങൾ. കുഴിമറ്റത്ത് ആധുനിക കാലത്തിന്റെ വരവിനെ മുൻകൂട്ടി കാണാൻ അദ്ദേഹത്തിനു കഴിഞ്ഞു. വ്യക്തികളുടെയും സമൂഹത്തിന്റെയും വളർച്ചയിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട് പള്ളിയുടെ ചുമതലയിൽ, കുഴിമറ്റം സെന്റ് ജോർജ് എൽ.പി. സ്ക്കൂളിന്റെ സ്ഥാപനത്തിന് അദ്ദേഹം മുൻകൈയെടുത്തു. കുഴിമറ്റം പ്രദേശത്തിന്റെ സാമൂഹ്യവും സാംസ്ക്കാരികവുമായ വളർച്ചയിൽ നിർണ്ണായകമായ പങ്കു വഹിച്ച വൈ.എം.സി.എ. പ്രസ്ഥാനത്തിന്റെ ആരംഭവും അച്ചന്റെ ആശിസ്സുകളോടെയായിരുന്നു. ജീവിതാന്ത്യത്തോളം അതിന്റെ രക്ഷാധികാരിയായി അദ്ദേഹം പ്രവർത്തിച്ചു. ഇന്നും കുഴിമറ്റം പ്രദേശത്തു നിലനിൽക്കുന്ന മതസൗഹാർദത്തിന് ദേശം, പട്ടശ്ശേരിലച്ചനോട് ഏറെ കടപ്പെട്ടിരിക്കുന്നു. ജാതിമതഭേദമെന്യേ അദ്ദേഹം എല്ലാവരേയും സ്നേഹിച്ചു. എല്ലാവരും അച്ചനെ സ്വന്തമെന്നു കരുതി സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തു.

മോശ മിസ്രയീമിൽ നിന്ന് യിസ്രായേൽ ജനതയെ നയിച്ചുകൊണ്ടു വന്നതുപോലെ വന്ദ്യനായ പട്ടശ്ശേരിൽ അലക്സന്ത്രയോസ് കോറെപ്പിസ്ക്കോപ്പാ, കുഴിമറ്റം ഇടവകയേയും ദേശത്തയും ഒന്നുമില്ലായ്മയിൽ നിന്നും കൈപിടിച്ച് ഉന്നതമായ പദവിയിലേക്കും ശ്രേഷ്ഠമായൊരു പാരമ്പര്യത്തിലേക്കും നടത്തി. തർക്കങ്ങളും കക്ഷിഭേദങ്ങളുമില്ലാത്ത ഒരിടവക. മതഭേദമെന്യേ എല്ലാവരും പരസ്പരം സ്നേഹിച്ചും കരുതിയും ജീവിക്കുന്ന ഒരു ഗ്രാമഭൂമി... കന്തീലീശുശ്രൂഷ ഏറ്റുവാങ്ങുമ്പോഴും അദ്ദേഹത്തിനു പറയാൻ ഒന്നേയുണ്ടായിരുന്നുള്ളു. ഒരിടയനും ആടുകളുമെന്നപോലെ ജീവിക്കണം. അത് സ്വന്തം ഇടവകയോടു മാത്രമായിരുന്നില്ല, താൻ സ്നേഹിച്ച തന്റെ ദേശത്തോടും കൂടെ ആയിരുന്നു.

1964-ൽ 75-ാം വയസിൽ ദൈവസന്നിധിയിലേക്കു ചേർക്കപ്പെട്ട അഭിവന്ദ്യനായ കോർഎപ്പിസ്ക്കോപ്പായുടെ 51-ാം ചരമ വാർഷികം 2015 ഡിസംബർ 14 നാണ്. ഡിസംബർ 20 ഞായറാഴ്ച മാതൃഇടവക അദ്ദേഹത്തിന്റെ ചരമദിനം ആഘോഷിക്കുന്നു. മൂന്നിന്മേൽ കുർബ്ബാന, പട്ടശ്ശേരിൽ പി.ജെ. അലക്സന്ത്രയോസ് കോർ എപ്പിസ്ക്കോപ്പാ സ്മാരക പ്രഭാഷണം, നേർച്ച വിളമ്പ് ഇവ ആഘോഷത്തിന്റെ ഭാഗമായി നടത്തും.

(കോർ എപ്പിസ്ക്കോപ്പായുടെ ജീവിത കഥ-'നൽഫോനോ കാശീറോ'- അദ്ദേഹത്തിന്റെ കുടുംബം പ്രസിദ്ധീകരിച്ചതിന്റെ കോപ്പികൾ ലഭ്യമാണ്. 9446334027 എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടുക.)

Advt.

മനുഷ്യാവതാരം....

13-ാം പേജിൽ നിന്നു തുടർച്ച...

വളരുവാൻ ഈ അമ്മയുടെ ശാക്തീകരണം അനിവാര്യ മാണ്.

സാക്ഷ്യജീവിതത്തിന് വിഘാതമായി പ്രചാരം നേടുന്ന ചിന്തകളെ തിരിച്ചറിയേണ്ടത് ആവശ്യമാണ്. മൂല്യാധി ഷ്ഠിത സ്വഭാവരൂപീകരണം അവഗണിച്ച് സുഖഭോഗ ങ്ങൾക്കും സാമ്പത്തിക നേട്ടത്തിനും ആർഭാടത്തിനും സ്ഥാനമാനങ്ങൾക്കും അമിതപ്രാധാന്യം നൽകുന്ന ചിന്ത വ്യാപിപ്പിക്കുവാൻ സാമ്പത്തിക ആഗോളീകരണത്തിന്റെ വക്താക്കൾ നിരന്തരം പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. മതഭ്രാന്തിന്റെയും മതമൗലികവാദത്തിന്റെയും പേരിൽ മതത്തിന്റെ അകക്കാമ്പിലെ മാനുഷീകരണ സ്രോതസ്സുകളെ അവഗണിക്കുവാ നുള്ള വ്യഗ്രത മറ്റൊന്ന്. ദൈവം ഒരു മിഥ്യയായിരിക്കുന്നതിനാൽ ഭാവിയും വിജയവും ഉറപ്പുവരുത്തുവാൻ സ്വയ പരിശ്രമം മാത്രമേ രക്ഷയാകൂ എന്ന ഭൗതീകവാദ ചിന്ത വേറൊന്ന്. ക്രിസ്താനുഭവത്തിന്റെ തീച്ചൂളയിൽ എരിഞ്ഞമരുന്നതാവട്ടെ ഈ വിധ ചിന്തകൾ. അതേ സമയം തന്നെ ക്രിസ്താനുഭവമോ ദൈവകൃപയോ ഒന്നും അവകാശപ്പെടാത്തവരിലെ നന്മയിലും ദൈവസാന്നിധ്യം കാണുവാനും അഭിനന്ദിക്കുവാനും ഉള്ള വെളിച്ചവും ഈ തീച്ചുളയിൽ നിന്നു ലഭിക്കണം.

എന്നിൽ വസിപ്പിൻ നിങ്ങൾ വളരെ ഫലം കായ്ക്കും എന്ന ക്രിസ്തുവിന്റെ പ്രബോധനം (യോഹ 15:4,8) തന്നോടുള്ള ആഴമായ സ്ഥിരബന്ധത്തിന്റെ അനുഭവം, സാക്ഷ്യം നിർവ്വഹിക്കുവാൻ അത്യാവശ്യമാകുന്നു എന്ന ഓർമ്മപ്പെടുത്തലാണല്ലോ. ക്രിസ്തുവിനോടുള്ള നിരന്തര രഹസ്യപ്രാർത്ഥനയിലും, സുവിശേഷങ്ങളുടെ വായനാധ്യാനത്തിലും, വി. കുർബ്ബാന അനുഭവത്തിലും, പരിശുദ്ധാത്മനിറവിലും, ക്രിസ്തു ഏകീഭവിപ്പിച്ചിരിക്കുന്ന ദരിദ്രരോടുള്ള ബന്ധത്തിലൂമെല്ലാം ക്രിസ്തുവിൽ വസിക്കുന്ന അനുഭവം സാദ്ധ്യമാകുകയാണ്. മരണത്തിനുമുമ്പേ മരണം അനുഭവമാക്കുന്ന ഓർമ്മകളും, സാക്ഷ്യജീവിതത്തിൽ വിജയിച്ചവരോടുള്ള ബന്ധവുമെല്ലാം സാക്ഷ്യ ത്തിനു പ്രചോദനമേകുന്ന മറ്റനുഭവങ്ങളാണ്.

ദൈവപുത്രന്റെ മനുഷ്യാവതാരം മനുഷ്യനിലെ സാധ്യതകളെ ഉദ്ദീപിപ്പിച്ച് പ്രകാശിപ്പിക്കുവാൻ സഹായിക്കുന്നതാണ്. അതുകൊണ്ട് മനുഷ്യാവതാരോദ്ദേശ്യം മനുഷ്യനെ മനുഷ്യനായി അവതരിപ്പിക്കുയാണെന്നു പറയാം. പള്ളിയിലേയ്ക്കു കയറുമ്പോൾ ചെരുപ്പൂരുന്നത് മനുഷ്യനായ ദൈവപുത്രനെയും അവനിലൂടെ ത്രിയേക ദൈവത്തെയും അനുഭവിക്കാനും പള്ളിയിൽ നിന്നു പുറത്തിറങ്ങുമ്പോൾ ചെരുപ്പിടുന്നത് ക്രിസ്തുവിന്റെ ശരീരരക്തമായി അദൃശ്യനായ ക്രിസ്തുവിനെ ദൃശ്യമാക്കുന്ന സാക്ഷ്യത്തിനും ഉള്ള ഓർമ്മപ്പെടു ത്തലുമല്ലേ? ദൈവീകരണം അത്യന്തികമായി മനുഷ്യൻ മനുഷ്യനാകുന്ന പ്രക്രിയയാകയാൽ 'മനുഷ്യവതാരം' മാനുഷീകരണത്തിനാണെന്നു മനസ്സിലാക്കാം. ആരാധനാ ജീവിതം, പ്രത്യേകിച്ച് യൽദോ നോമ്പും ജനനപ്പെരുന്നാളാചരണവും ഈ അനുഭവവും സാക്ഷ്യവും ഉജ്ജ്വലമാകട്ടെ. ■

For Favours Received

ഒരു വിശ്വാസി, ഭോപ്പാൻ

പാവനസ്മരണയ്ക്ക്

27-ാം ചരമ വാർഷികം 5-12-2015	40-ാം ചരമ ദിനം 7-12-2015	5-ാം ചരമ വാർഷികം 11-12-2015
		
വെരി. റവ. കുറിയാക്കോസ് കോറെപ്പിസ്ക്കോപ്പാ	ഫാ. ഡോ. പി. കെ. മാത്യു	ശ്രീമതി അന്നമ്മ കുറിയാക്കോസ്

പറയ്ക്കൽ, മീനടം

പ്രാർത്ഥനയോടെ, സന്തപ്ത കുടുംബാംഗങ്ങൾ

Sign Off
Touch
Dubsmash
Gallery
Share
Status
Smiley
Wave Length
Elimination
Selfie
Headset
Like

സൈൻ–ഓഫ് (SIGN OFF)

വിട പറയുക ഒരു കലയാണ്. അതിനാൽ തന്നെ സാകലം എന്ന ആത്മീയ പദത്തോട് ഏറെ ബന്ധമുള്ള ഒരു ക്രിയ കൂടെയാണത്. ചില വിട പറച്ചിലുകളിൽ വലിയ വിടവുകൾ സൃഷ്ടിക്കുന്നു എന്നാണ് പറയുക. എന്നാൽ മറ്റു ചില അപ്രത്യക്ഷമാകലുകൾ (disappearance) കുറേക്കൂടി ധ്വനാത്മകമായ പിൻവാങ്ങലുകളാണ്. നമ്മുടെ തമ്പുരാൻ ഉദാഹരിക്കുന്ന ഒന്നുണ്ടല്ലോ! ഉപ്പ്. നോക്കുക, തന്റെ അപ്രത്യക്ഷമാകലിലൂടെ എത്ര സർഗാത്മകമായിട്ടാണ് അത് തന്റെ പരിസരങ്ങളെ രുചിപ്പെടുത്തുന്നത്. അത്തരമൊരു സ്വയപരിത്യാഗത്തിന്റെ കഥനങ്ങൾ തന്നെയാണ് എല്ലാ മതബോധനങ്ങളുടെയും കാതൽ എന്നിരിക്കിലും എന്താണ് ഇങ്ങനെ മതങ്ങളിൽ അഹന്തയും അന്ധതയും പെരുകുന്നത്? വ്യത്യസ്ത മതങ്ങളിലെ ജീവിതം അസാധ്യതയാകുന്നു എന്നതല്ല വലിയ പ്രതിസന്ധി, പിന്നെയോ, ഇത്തരം മതഭ്രാന്തുകൾ നമ്മുടെ കുഞ്ഞുങ്ങളിൽ സൃഷ്ടിക്കാനിടയുള്ള മതവിരോധത്തിന്റെ സാധ്യതയാണ്.

ബഹുസ്വരതയുടെ ഭാരതം ബഹളത്തിന്റേതായി മാറുന്നു. ദൈവത്തിന്റെ സ്വന്തം നാട് ദൈവമില്ലാത്തവരുടെ നാട് എന്ന് അപമാനിക്കപ്പെടുന്നു. സഹിഷ്ണുതയും സഹനവും സഹോദര്യവും സ്നേഹവും പഠിപ്പിക്കുന്ന സംഘങ്ങൾ പരസ്പര നിഗ്രഹത്തിന് മുതിരുന്നു. ഒടുവിൽ മതേതരത്വം എന്ന വിശേഷണം ഈ റിപ്പബ്ലികിന് ചേരുമോ എന്ന തർക്ക-വിതർക്കങ്ങൾ കൊടുമ്പിരികൊള്ളുന്നു. സെക്യുലറിസത്തിന്റെ സാമാന്യാർത്ഥത്തെ എല്ലാ മതങ്ങളും ഒരുപോലെ എന്നവിധം മതനിരപേക്ഷതഎന്നോ പന്ഥ നിരപക്ഷേത എന്നോ ഒക്കെ നാം മനസ്സിലാക്കുകയാണ്. എന്നാൽ, സെക്യുലറിസം എന്ന പാശ്ചാത്യ നവോത്ഥാനകാലത്തെ പ്രത്യയശായസ്ത്രത്തിന്റെ വേരുകൾ സമ്പൂർണ്ണമായ ഒരു മതനിരാസത്തിന്റെ കഥയാണ് പറയുന്നത്. പൗലൂസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ 'Secular Identity- An Impotent Remedy' എന്ന ഗ്രന്ഥത്തിലെ വിചാരങ്ങൾ ഉറക്കെ വായിക്കേണ്ട കാലമാണിതെന്ന് തോന്നുന്നു. ഒരല്പം ആഴക്കൂടുതലുള്ളത് കൊണ്ട് തിരുമേനിയുടെ വിചാരലോകത്തിലേയ്ക്കുള്ള ഇറക്കം നമ്മെ ശ്വാസം മുട്ടിക്കാനിടയുണ്ട്. പെട്ടന്ന് വായന നിർത്തി മടങ്ങാൻ തോന്നിപ്പിക്കാനിടയുണ്ട് എന്നിരിക്കിലും സെക്യുലറിസത്തിന്റെ നിർമ്മിതികളുടെ പ്രഭവകാരണങ്ങൾ നാം അറിയേണ്ടതുണ്ട്. അത് ക്രൈസ്തവമെന്നോ

സത്യാന്വേഷണ മാർഗ്ഗങ്ങളിലെ സംഘർഷങ്ങൾ പാതകളെ ച്ചൊല്ലിയല്ല സഖേ നടത്തുന്നത്! അത് അവിവേകികളുടെ ശരികൾ തമ്മിലുള്ള കലഹമാണ്. അതിനുമപ്പുറത്താണ് വഴിയും സത്യവും ജീവനും!

ഹൈന്ദവമെന്നോ ഇസ്ലാമികമെന്നോ ഭേദമില്ലാതെ എല്ലാ 'തീവ്രവാദപ്രവർത്തകരും' അറിയേണ്ടതുണ്ട്.

പുത്തൻ ഏകലോക സംസ്കൃതിയുടെ ഉപദേഷ്ടാവും പരികർത്താവും എന്നുള്ള യൂറോപ്യൻ ആത്മബോധത്തിന്റെ വെളിച്ചത്തിലാണ് ആധുനിക സെക്യുലറിസം നാം മനസ്സിലാക്കേണ്ടത് എന്ന് ഗ്രിഗോറിയോസ് വാദിച്ചു തുടങ്ങുന്നു. (യൂറോപ്യൻ സംസ്കാരത്തിന്റെ ജനിതക അടിത്തറ ഏഷ്യനും ആഫ്രിക്കനുമാണെന്ന യാഥാർത്ഥ്യം അവരിൽ ഏറെപ്പേരും അംഗീകരിക്കാറില്ല എന്ന വസ്തുത അദ്ദേഹം മറയ്ക്കുന്നില്ല.) ലോകത്തെ സൃഷ്ടിക്കാനും നാഗരികവത്ക്കരിക്കാനുമുള്ള ഈ യൂറോപ്യൻ സാഹസികതയിൽ നിരവധി അഹങ്കാരോൽഘോഷണങ്ങളുണ്ടായിരുന്നു. ഇന്ത്യയെ സംബന്ധിച്ചിടത്തോളം യൂറോപ്പിൽ നിന്ന് നേരിട്ടുള്ള പ്രഥമപ്രഹരം എ. ഡി 330-നോടടുത്തുണ്ടായ മാസിഡോണിയായിലെ അലക്സാണ്ടറിന്റെ അധിനിവേശമാണ്. റോമൻ സാമ്രാജ്യത്തിന്റെ വിദൂരപ്രഹരം രണ്ടാമത്തേത്. തൃതീയപ്രഹരം ബൈസന്റിയൻകാരുടേത്. നമ്മുടെ സെക്യുലറിസത്തെ നിർണിയിക്കുന്നതിൽ നാലാമത്തേതാണ് പരമപ്രധാനം. അതായത് പാശ്ചാത്യലോകത്ത് 8,9 നൂറ്റാണ്ടുകളിൽ പോപ്പ് ചാർലിമാൻ നടപ്പാക്കിയ റോമാസാമ്രാജ്യത്വ നവീകരണം. ചാർലിമാന്റെ പരിശുദ്ധ റോമാസാമ്രാജ്യം ഇന്നത്തെ യൂറോപ്പിന്റെ പരിധിക്കപ്പുറം പോയില്ല. എന്നാൽ മധ്യകാല ക്രൈസ്തവലോകം, ആദ്യം കുരിശു യുദ്ധങ്ങളിലൂടെ, പിന്നെ വ്യാപാര പര്യടനങ്ങളിലൂടെ, മൂന്നാമത് 15-ാം നൂറ്റാണ്ടിലെയും പിന്നീടുള്ളതുമായ ഭൂമിശാസ്ത്രപര്യവേഷണങ്ങളിലൂടെയും ഏറെ മുന്നേറി. ഇതിലെ നാലാമത്തെ ശ്രമം സാരമായി നമ്മെയും ബാധിച്ചു. റോമയിലെ പാപ്പാ ലോകത്തെ കീഴടക്കി പരിഷ്കൃതരാക്കി രക്ഷിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ഭൂഗോളത്തെ പകുത്ത് ഒരു ഭാഗം പോർട്ടുഗലിനും മറുഭാഗം സ്പെയിനിനും നല്കിയത് വഴിയാരംഭിച്ച സ്പാനിഷ്-പോർട്ടുഗീസ് അധീശത്വ മിഷണറി പ്രവർത്തനമാണത്. മാർ ഗ്രിഗോറിയോസ് ശക്തമായി പ്രസ്താവിക്കുന്നു, 'മതവുമായി യാതൊരു ഇടപാടും മതേതരത്വത്തിനില്ലെന്ന് നടിക്കുന്നത് തികച്ചും വിഡ്ഢിത്തമാണ്, ക്രൈസ്തവലോകത്തിലെ അതിബീഭത്സമായ ഒരു യാഥാർത്ഥ്യമായി സൃഷ്ടിക്കപ്പെട്ട മതാഴിമതിയുടെ പുത്രിയാണ് മതേതരത്വം.' ലോകം ഒരു രാജ്യമായും ഒരു മതമായും തീർക്കുവാനുള്ള വിവിധ വിഭാഗീയ തീവ്രവാദങ്ങൾ ഇന്ന് പലപേരുകളിൽ മുഴുങ്ങുന്നതും മതനിരാസമെന്ന മതേതരത്വത്തിലേയ്ക്കാവും നയിക്കാൻ ഒരു തലമുറയെ പ്രേരിപ്പിക്കുക. ജോൺ സ്റ്റുവർട് മില്ലിനെയൊക്കെ നമ്മുടെ കുട്ടികൾ ഉദ്ധരിച്ചേക്കാം, "വ്യക്തി സ്വാതന്ത്ര്യത്തിൽ ഇടപെടുന്നതിനുള്ള സാമൂഹ്യ അഭിപ്രായത്തിന്റെ നിയമപരതയ്ക്ക് ഒരു പരിധിയുണ്ട്!" എന്നും മറ്റും!

അന്ധകാരയുഗത്തിലെ കാത്തോലിക്കാ തീവ്രവാദത്തിന്റെ (അങ്ങനെ പറഞ്ഞതിൽ ക്ഷമിക്കണം) അടിസ്ഥാനാശയങ്ങൾ എല്ലാ മതതീവ്രവാദങ്ങളിലും ഇന്നും വെളിപ്പെടുന്നവയാണ്. വ്യത്യസ്ത രൂപങ്ങളിലാണ് എന്നു മാത്രം. (a) രാജ്യത്വത്തിന്റെ ദൈവികാവകാശം, (പോപ്പ് അഭിഷേകം ചെയ്യുന്ന രാജാവ്/ മതസംഘടന നിർദ്ദേശിക്കുന്ന പ്രധാനമന്ത്രി/ഖലീഫ). (b) രാജ്യത്തെ നീതി വ്യവസ്ഥയുടെ ആധാരം ദൈവഹിതത്തിന്റെ പുരോഹിത വ്യാഖ്യാനങ്ങളാണ്. (c) ദൈവത്തിന്റെ കൈകളോ വാളുകളോ ആയിരുന്നു രാജാവും പോപ്പും. (ഒരുതരം ചാതുർ വർണ്യവും നിലനിന്നിരുന്നതായുള്ള നിരീക്ഷണം കൗതുകകരമാണ്. ഏറ്റവും മുകളിൽ പോപ്പും കർദിനാൾമാരും പുരോഹിതന്മാരും ചേർന്ന ഗണം, രണ്ടാമത് ചക്രവർത്തിയും പ്രഭുക്കന്മാരും ഉദ്യോഗസ്ഥരും, മൂന്നാമത് രക്ഷിക്കപ്പെടേണ്ട അവിശ്വാസികളായ വിജാതീയരും, പൗരസ്ത്യ ഓർത്തഡോക്സ് വേദവിപരീതികൾ അടങ്ങിയ അകത്തോലിക്കർ നാലാമതും എന്ന ക്രമത്തിലുള്ള ഒരു ചതുർ വ്യവസ്ഥിതി.) യൂറോപ്പിലുണ്ടായിരുന്ന എല്ലാ പ്രതിഷേധമുന്നേറ്റങ്ങളും ഈയൊരു വ്യവസ്ഥിതിക്കെതിരായിരുന്നു. സഭയുടെ കിരാതവാഴ്ച സെക്യുലറിസത്തിന്റെ പ്രബലതയ്ക്ക് നിദാനമാവുകയും ചെയ്തു. സഭയുടെ ഭോഗാസക്തിയും അധികാരദുരയും എതിർപ്പുകൾ ക്ഷണിച്ചു വരുത്തി. കർഷകരുടെയും നെയ്ത്തുകാരുടെയും കുറഞ്ഞ വേതനക്കാരുടെയും സമരങ്ങൾ, സാഹിത്യകൃതികളുടെ ആവിർഭാവം, പ്രൊട്ടസ്റ്റന്റ് നവീകരണപ്രസ്ഥാനം എന്നിവ ഉയർന്നു വന്നു. അധികാരത്തിന്റെയും പാരമ്പര്യത്തിന്റെയും മേലുള്ള മനുഷ്യയുക്തിയുടെ അന്തിമ വിജയമെത്തുന്നത് 18-19 നൂറ്റാണ്ടുകളിലെ യൂറോപ്യൻ പ്രബുദ്ധതയിലാണ്. അതിൽ നിന്നാണ് ഇന്ന് സെക്യുലറിസത്തിന്റെ ഏറിയ മൂല്യങ്ങളും നാം രചിച്ചിരിക്കുന്നത്.

ആധുനികത ഉയർത്തിപ്പിടിക്കുന്ന ശാസ്ത്രീയ മാനവികതയുടെയും (Scientific humanism) മതനിരപേക്ഷ വ്യക്തിത്വത്തിന്റെയും (secular identity)മൂല്യങ്ങൾ ചരിത്രപരമായി കാലനിർണ്ണയം ചെയ്യാവുന്നതും ഭൂമിശാസ്ത്രപരമായി ചിട്ടപ്പെടുത്തിയതുമാണെന്ന് ഗ്രിഗോറിയോസ് സമർത്ഥിക്കുന്നുണ്ട്. നെഹ്റുവിന്റെ പാശ്ചാത്യ പരിശീലനത്തിന്റെ സന്തതിയായി 'ഈ സെക്യുലർ' കൂട്ടിചേർക്കലിനെ അദ്ദേഹം വിലയിരുത്തുന്നു.

ലോകം മുഴുവനും മതാത്മകതയുടെ ഇരുട്ട് നിറയ്ക്കുന്നതിൽ ഓരോ മതങ്ങളും പരസ്പരം കിടമത്സരം നടത്തുന്ന നമ്മുടെ കാലത്ത് ഉണ്ടായേക്കാവുന്ന ഒരു സെക്യുലറിസമാണ് (മതനിരാസം)എന്നെ ആശങ്കപ്പെടുത്തുന്നത്. നമ്മുടെ മതജീവിതം വ്യക്തിയിലോ സമൂഹത്തിലോ ഗുണപരമായ ഒരു പരിവർത്തനം ചെലുത്താതെ വരുമ്പോൾ അത് കപടജീവിതമാകുന്നു. അതിനെ നമ്മുടെ കുട്ടികൾ അവജ്ഞയോടെ പുറന്തള്ളുന്നു. നേടലും കൂട്ടിവെയ്ക്കലുമല്ല; നല്കലും നിറയ്ക്കലുമാണ് മതകാര്യമെന്ന സത്യം എത്രകാലം മറച്ചുവെയ്ക്കും? കാണപ്പെടുന്ന സഹോദരനിൽ വിശ്വസിക്കാനാകാത്തവൻ കാണപ്പെടാത്ത ദൈവത്തെ എങ്ങനെ വിശ്വസിക്കും? സത്യാന്വേഷണമാർഗ്ഗങ്ങളിലെ സംഘർഷങ്ങൾ പാതകളെച്ചൊല്ലിയല്ല സഖേ നടത്തുന്നത്! അത് അവിവേകികളുടെ ശരികൾ തമ്മിലുള്ള കലഹമാണ്. അതിനുമപ്പുറത്താണ് വഴിയും സത്യവും ജീവനും! നമ്മുടെ പള്ളികളിലും അമ്പലങ്ങളിലും മോസ്കുകളിലും ഗുരുദ്വാരകളിലും വിഹാരങ്ങളിലുമെല്ലാം ദൈവത്തിന്റെ മനുഷ്യർ ഉണ്ടാകുന്നതാണ് എന്റെ സ്വപ്നം, അല്ലാതെ മനുഷ്യരുടെ ദൈവങ്ങൾ ഉണ്ടാകുന്നതല്ല സഖാവേ!

Fifth Generation ഇവിടെ താല്കാലിക വിരാമമിടുന്നു. Let me sign off. ശരിക്കും പിൻമാറ്റം ഒരു ആത്മീയ പ്രവർത്തനമാണ്. ഞാൻ (I) എന്തുകൊണ്ട് ക്രമേണ ഓരോന്നിൽ നിന്നും വിരമിക്കണം?

"A man asked Lord Buddha: "I want happiness." Lord Buddha said first remove 'I' that's ego. Then remove 'want' that's desire. See now you are left with only 'happiness'."

ഞാനും എന്റെ ശരികളും എന്ന വിധിതീർപ്പുകളിൽ നിന്ന് നമുക്കും sign-off ചെയ്യാം. വാനപ്രസ്ഥത്തിന്റെ ശീലമുള്ള ഈ നാട്ടിൽ, ലോകത്തിന് മരിക്കാനും തന്നത്താൻ ത്യജിക്കാനും പഠിപ്പിക്കുന്ന സത്യവേദപുസ്തകവുമായി എത്ര നാൾ മൗഢ്യതർക്കങ്ങൾ തുടരും? അഹം തീരലിന്റെ അദ്ധ്യാത്മികതയിലേയ്ക്ക് കുടിയേറാം.

അൽ വിദാ! ■

ഹോളി ഇന്നസെന്റ്സ് ഓർത്തഡോക്സ് വലിയപള്ളി
(ശിശുക്കളുടെ തീർത്ഥാടന കേന്ദ്രം)
മെഴുവേലി (ചെങ്ങന്നൂർ മെത്രാസനം)
ശിശുവധപെരുന്നാൾ
20.12.2015 മുതൽ 27.12.2015 വരെ
സന്താന ഭാഗ്യം ഇല്ലാത്തവർക്ക് അഭയ കേന്ദ്രം
ശിശുക്കളുടെ രോഗശാന്തിക്ക് അനുഗ്രഹീതമായ തീർത്ഥാടന കേന്ദ്രം
നാനാജാതി മതസ്ഥർക്ക് അനുഭവസാക്ഷ്യമായ ദേവാലയം
തീർത്ഥാടക സംഗമം
വചന ശുശ്രൂഷകൾ
ധ്യാനയോഗങ്ങൾ
വി. തോമാശ്ലീഹാ സ്മരണ
രാത്രി പകൽ റാസകൾ
വി. മൂന്നിന്മേൽ കുർബാന
പൊന്നാട അണിയിക്കൽ
സ്നേഹവിരുന്ന്
നമ്മുടെ കർത്താവിനുവേണ്ടി
ഹേറോദേസിനാൽ വധിക്കപ്പെട്ട്
രക്തസാക്ഷികളായിത്തീർന്ന
നിർമ്മല ശിശുസഹദേന്മാരുടെ
നാമത്തിൽ മലങ്കരയിൽ 1861 ൽ
സ്ഥാപിതമായ ഏക തീർത്ഥാടന കേന്ദ്രം.
എല്ലാ ബുധനാഴ്ചയും രാവിലെ
10.30 മുതൽ 12.30 വരെ രോഗികൾക്കായും
വിവിധ ആവശ്യങ്ങൾക്കായും പ്രത്യേക പ്രാർത്ഥന
വെള്ളിയാഴ്ചകളിൽ 5.00 pm മുതൽ 6.00 pm വരെ
സന്താനഭാഗ്യം ഇല്ലാത്തവർക്കായി പ്രത്യേക
പ്രാർത്ഥനകൾ
വികാരി റവ. ഫാ. ജോൺ പോൾ, പുൽപ്രക്കുഴിയിൽ, 9447129714
ഹോളി ഇന്നസെന്റ്സ് വലിയപള്ളി, മെഴുവേലി
പത്തനംതിട്ട ജില്ല, ചെങ്ങന്നൂർ മെത്രാസനം
Web : www.hiovp.com, Ph : 0468 2287502

തീർത്ഥയാത്രയും പദയാത്രയും

പരുമലപ്പെരുന്നാളിൽ സംബന്ധിക്കുക എന്നാൽ കാൽനടജാഥയായി അവിടെവരെപോയി മടങ്ങുക എന്നുള്ള ഇന്നത്തെ ധാരണ നിശ്ചയമായും തിരുത്തപ്പെടണം. അകാര്യം പൗരോഹിത്യ ശ്രേണിയിൽപ്പെട്ടവർ ജനങ്ങളെ ശരിയായി ബോധവൽക്കരിക്കാനുള്ള ശ്രമം ഉണ്ടായേ മതിയാവൂ.

■ **ഫാ. ഡോ. റ്റി. ജെ. ജോഷ്വാ**

തീർത്ഥയാത്ര എന്ന പദം കേൾക്കുമ്പോൾത്തന്നെ ഒരു പവിത്ര കർമ്മമെന്ന ചിന്ത മനസ്സിൽ ഉയരുന്നു. പുണ്യനദിയിൽ പോയി സ്നാനം നടത്തി, ബാഹ്യവും ആന്തരികവുമായ ശുദ്ധീകരണം വരുത്തുക എന്ന ലക്ഷ്യമാണ് തീർത്ഥാടനത്തിനുള്ളത്. ഏതെങ്കിലും പുണ്യ സ്ഥലത്തേക്ക് വ്രതത്തോടെയുള്ള യാത്രയും തീർത്ഥയാത്ര എന്നു പറഞ്ഞുവന്നു. എല്ലാ മതങ്ങളിലും ഇത്തരം "വിശുദ്ധയാത്ര"കൾ സംഘടിപ്പിക്കപ്പെടുന്നു.

യിസ്രായേല്യ മതത്തിൽ വർഷത്തിൽ മൂന്നു തീർത്ഥയാത്രകൾ യറുശലേം ദേവാലയത്തിലേക്ക് നടത്തിയിരുന്നു. പെസഹാ, കൂടാരപ്പെരുന്നാൾ, പെന്തിക്കോസ്തി (വാരോത്സവപ്പെരുന്നാൾ). ഈ പെരുന്നാളുകളാണ് യഹൂദജനം പാർക്കുന്ന ഇടങ്ങളിൽ നിന്ന് സമൂഹമായി യറുശലേമിലേക്ക് പോയിക്കൊണ്ടിരക്കുന്നത്. യാത്രാമദ്ധ്യേ സങ്കീർത്തനങ്ങൾ ആലപിച്ചിരുന്നു. ആ സങ്കീർത്തനങ്ങളുടെ ശീർഷകം "ആരോഹണ ഗീതങ്ങൾ" എന്നാണ്. യറുശലേം നഗരം സീയോൻകുന്നിലാണ്. ആ കുന്നിലേക്ക് കയറുന്നതുകൊണ്ട് ആരോഹണ ഗീതങ്ങൾ എന്ന വിശേഷണമുണ്ടായി. ശബരിമലയ്ക്ക് മുമ്പ് പദയാത്രയായിരുന്നു. അയപ്പന്മാർ യാത്രയിൽ മുടങ്ങാതെ ശരണംവിളി നടത്തും. ക്ഷീണം അറിയാതിരിപ്പാനും, അന്യകാര്യങ്ങളിലേക്കു ശ്രദ്ധ തിരിയാതിരിക്കാനും ഇതു സഹായിക്കുന്നു. സങ്കീർത്തനങ്ങൾ ആലപിക്കുന്നതിന്റെയും ലക്ഷ്യം ഇതുതന്നെ. പല ദിവസങ്ങൾ കൊണ്ടാണ് യാത്ര പൂർത്തിയാക്കുന്നത്. ഇടത്താവളങ്ങളിൽ വിശ്രമിക്കുമ്പോൾ, അക്രമികളിൽ നിന്ന് ഭീഷണി ഉണ്ടാകാതിരിപ്പാൻ കാവൽക്കാരെ പ്രത്യേകം ജാഗരിപ്പാൻ ക്രമീകരിക്കും. യറുശലേമിൽ എത്തിയാൽ അവിടുത്തെ ആരാധനകളിൽ പൂർണ്ണമായി സംബന്ധിച്ച ശേഷമാണ് മടക്കയാത്ര. അവിടെ വരെ എത്തുക എന്നതല്ലായിരുന്നു ലക്ഷ്യം, അവിടുത്തെ ആരാധനകളിൽ ആദ്യവസാനം സംബന്ധിക്കുന്നതായിരുന്നു. ശബരിമലയിൽ എത്തുന്ന അയ്യപ്പന്മാരും മണിക്കൂറുകൾ കാത്തുനിന്നാലും അയ്യപ്പദർശനം നടത്തിയ ശേഷമേ മടങ്ങുകയുള്ളു.

യേശുവിനു പന്ത്രണ്ടു വയസ്സുള്ളപ്പോൾ നസറേത്തിൽ നിന്ന് യറുശേലമിലേക്കു തീർത്ഥയാത്ര ചെയ്തതിനെക്കുറിച്ച് ലൂക്കോസ് പ്രസ്താവിക്കുന്നു. കുറഞ്ഞത് മൂന്നു ദിവസങ്ങൾ എങ്കിലും അങ്ങോട്ടുള്ള യാത്രയ്ക്ക് എടുത്തിട്ടുണ്ടാവും. "പെരുന്നാൾ കഴിഞ്ഞ് മടങ്ങിപ്പോകുമ്പോൾ" എന്നു പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാണ്. ദൈവപുത്രനായ യേശുക്രിസ്തുവും ന്യായപ്രമാണത്തിനു കീഴുള്ളവനായി ജനിച്ചപ്പോൾ യറുശലേമിലേക്കുള്ള തീർത്ഥാടനത്തിൽ പങ്കെടുത്തു. ദേവാലയത്തിലെ അനുഷ്ഠാനങ്ങളിൽ ഭാഗഭാക്കായി.

ക്രിസ്തീയ വിശ്വാസികൾ കർത്താവിന്റെ കബറിടത്തിലേക്ക് തീർത്ഥയാത്രകൾ നടത്തിയിരുന്നതായി ചരിത്രസാക്ഷ്യമുണ്ട്. രക്തസാക്ഷികളുടെ ശവകുടീരത്തിലും തീർത്ഥയാത്രകൾ വിശ്വാസികൾ നടത്തിയിരുന്നു. നോമ്പു നോറ്റും, പ്രാർത്ഥനാ ഗാനങ്ങൾ ആലപിച്ചും നടത്തുന്ന അത്തരം യാത്രകൾ ആത്മികാനുഭവം കൈവരുത്തുന്നവ ആയിരുന്നു.

മലങ്കരയുടെ പരിശുദ്ധനായ പരുമലത്തിരുമേനിയുടെ കബറിടത്തിലേക്ക് മുളന്തുരുത്തിയിൽ, അദ്ദേഹത്തിന്റെ മാതൃ ദേവാലയത്തിൽ നിന്ന് തീർത്ഥയാത്രയായി നോമ്പു നോറ്റും പ്രാർത്ഥനാ ഗാനങ്ങൾ ആലപിച്ചും, പ്രാർത്ഥനകൾ ഉരുവിട്ടും പരുമലയ്ക്കു ഒരു ഭക്തസമൂഹം വന്നിരുന്നു. അതല്ലാതെ മറ്റു പള്ളികളിൽ നിന്നൊന്നും തീർത്ഥയാത്ര വന്നിരുന്നില്ല. ഭക്തജനങ്ങൾ അന്നത്തെ പ്രധാന അനുഷ്ഠാനമായ വിശുദ്ധ കുർബാനയിൽ സംബന്ധിക്കാൻ ബസ്സുകളിലും, വള്ളങ്ങളിലും മറ്റുമായി വന്നിരുന്നു. അൻപതുകളിൽ സെമിനാരിയിൽ നിന്ന് ബോട്ടിൽ പരുമലയ്ക്ക് യാത്ര ചെയ്തിരുന്ന അനുഭവം ഞാൻ ഓർക്കുന്നു. വിശ്വാസികളുടെ സൗകര്യത്തിനുവേണ്ടി രണ്ടു കുർബ്ബാന നടത്തുന്ന പതിവുണ്ടായിരുന്നു. വി. കുർബാനയിൽ സംബന്ധിക്കുക എന്നുള്ളതായിരുന്നു വിശ്വാസികളുടെ ലക്ഷ്യം.

ഇന്ന് പരുമലതിരുമേനിയോടുള്ള ഭക്ത്യാദരവു വളരെ വർദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് "തിരുശേഷിപ്പു സ്ഥാപി

I^{st} Heavenly Birthday
28-11-2015



Rev. Fr. Oommen Punnoose
Modisseril
Sulthan Battery

Inserted by
The Sorrowing Family

ക്കുക" എന്നത് ഭക്തിയിൽ നിന്ന് ഉരുത്തിരിഞ്ഞ കൃത്യമാണ്. പൂർവ്വകാലത്ത് തിരുശേഷിപ്പ് എന്നു പറഞ്ഞാൽ പരിശുദ്ധന്റെ അസ്ഥികളുടെ ഏതെങ്കിലും അംശം എന്നതായിരുന്നു ചിന്തിച്ചിരുന്നത്. അതു കഴിഞ്ഞ് അദ്ദേഹം ധരിച്ച വസ്ത്രത്തിന്റെ അംശമായി. അദ്ദേഹത്തോട് ബന്ധപ്പെട്ട എന്തെങ്കിലും ഒന്നു കിട്ടിയാൽ പള്ളിയിൽ പ്രതിഷ്ഠിക്കാൻ ആഘോഷപൂർവ്വം വാഹനങ്ങളുടെ അകമ്പടിയോടെ എതിരേല്പു നടത്തിയാണ് പള്ളിയിലേക്കു കൊണ്ടുപോകുന്നത്. പരിശുദ്ധൻ ഉപയോഗിച്ച കണ്ണാടിയുടെ കൂട് തിരുശേഷിപ്പായി കൊണ്ടുപോയി പ്രതിഷ്ഠിച്ചതായി മനസ്സിലാക്കുന്നു. വളരെ തെറ്റായ ഒരു പ്രവണത പ്രോത്സാഹിപ്പിക്കപ്പെടുകയും പ്രചരിപ്പിക്കപ്പെടുകയുമാണ്. പരുമലത്തിരുമേനിയോടുള്ള ഭക്ത്യാദരവുകൾ, കർത്താവായ യേശുക്രിസ്തുവിനോടുള്ള ഭക്തിയിലേക്കും വിശ്വാസത്തിലേക്കും ആശ്രയത്തിലേക്കും നമ്മെ നയിക്കുന്നതാകണം. അതിനു പ്രേരണയും പ്രചോദനവും ചെയ്യുന്നതാകണം. പരിശുദ്ധന്റെ ആഗ്രഹവും പ്രാർത്ഥനയും അതുതന്നെയാണ്. ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ നിന്നും ഭക്തിയിൽ നിന്നും ഒരു നിമിഷത്തേക്കു പോലും വ്യതിചലിച്ചു പോകാൻ ഇടയാകരുത്. അതായിരുന്നു പരിശുദ്ധന്മാരുടെ ജീവിത ലക്ഷ്യം.

'തീർത്ഥയാത്ര' എന്നത് ഇന്ന് "പദയാത്ര"യായി മാറിയിരിക്കുന്നു. എല്ലാ പള്ളികളിൽ നിന്നും പദയാത്ര സംഘടിപ്പിക്കുന്നതിലാണ് വൈദികരുടെ സേവനം മുന്നിട്ടുനിൽക്കുന്നത്. 'പരുമല പദയാത്ര എന്നുള്ളത് ഇടവകയുടെ ആദ്ധ്യാത്മിക പ്രവർത്തനങ്ങളിൽ സുപ്രധാന പങ്കു വഹിക്കുന്നു. അങ്ങനെയുള്ള ഇന്നത്തെ പശ്ചാത്തലത്തിൽ "പദയാത്രയ്ക്കു" നേതൃത്വം കൊടുക്കുന്നവരും, അതിൽ പങ്കെടുക്കുന്നവരും ഒരു ആത്മശോധനയ്ക്ക് സന്നദ്ധമാകണം. ഇന്നത്തെ അനുഷ്ഠാനം-ഒരു "കാൽനട ജാഥാ"യുടെ നിലവാരത്തിൽ നിന്ന് എന്തു വ്യത്യാസമാണുള്ളത്, "ജാഥാക്കാർ", ചില മുദ്രാവാക്യങ്ങൾ മുഴക്കുന്നുണ്ടാവും. ഇവിടെ അതുമില്ല. ഓരോ പള്ളിക്കാരുടേയും യാത്രാ സംഘത്തിനുമുമ്പിൽ മൈക്കു സംഘടിപ്പിച്ച ഒരു ജീപ്പും അതിൽ നിന്നുള്ള ഗാനങ്ങളും ഉയരുന്നുണ്ടാവും. പിന്നാലെ വരുന്നവർ കൈകോർത്തും, സൊറ പറഞ്ഞും, തികച്ചും അലക്ഷ്യമായി നടന്നു നീങ്ങുകയാണ്. ഇടയ്ക്കിടെ കിട്ടുന്ന ഓറഞ്ചും, ഐസ്ക്രീമും ഒക്കെ ആസ്വദിച്ചുകൊണ്ട് നടന്നാൽ മതി. ഇന്ന് ഭക്തജനങ്ങൾക്ക് ഭക്ഷ്യങ്ങൾ വഴിപാടായി നൽകുന്നവർ ഏറെയുണ്ട്. അതുകൊണ്ട് പദയാത്രക്കാർക്ക് ക്ഷീണമോ ദാഹമോ ഒന്നും ഉണ്ടാകയില്ല. നടപ്പു പൂർത്തിയാക്കി പരുമല എത്തിച്ചേർന്നാൽ കബറിങ്കൽ നേർച്ച ഇട്ട്, മടക്കയാത്രക്ക് ക്രമീകരിച്ചിട്ടുള്ള വാഹനത്തിൽ തിരിച്ചു പോരും. കബറിങ്കൽ നിന്ന്, അല്പ സമയം പ്രാർത്ഥിക്കുവാനുള്ള സൗകര്യമോ സാവകാശമോ കിട്ടുകയില്ല.

ഏതാണ് പ്രധാനം? യാത്രയോ ആരാധനയോ? ഇന്ന് യാത്ര തന്നെ! സ്വന്തം ദേവാലയത്തിലെ ആരാധന പോലും ശരിയായി നിർവ്വഹിക്കത്തക്ക സാവകാശവും, സജീവ പങ്കാളിത്തവുമില്ലാതെയാണ് "പദയാത്ര" മുന്നിൽ നിൽക്കുന്നത്. നിശ്ചയമായും ഇതിനെപ്പറ്റി ഒരു വിലയിരുത്തൽ നടത്തേണ്ടതാവശ്യമാണ്. വി. കുർബാനയുടെ പ്രാധാന്യത്തെയും പ്രസക്തിയെയും അഗണ്യമാക്കുന്ന യാതൊരു പ്രവണതയും പ്രോത്സാഹിക്കപ്പെടാവുന്നല്ല. അതിൽ ഭക്തിപൂർവം സംബന്ധിച്ച് ആത്മിക ചൈതന്യമാർജ്ജിക്കുന്ന അവസ്ഥയാണ് മുമ്പുണ്ടായിരുന്നത്. കർത്താവിന്റെ വരവുവരെ അനുഷ്ഠിക്കപ്പെടേണ്ട ഒന്നാണ് വി. കുർബ്ബാന. അതാണ് കർത്താവിന്റെ കല്പന. പീഡനത്തിന്റെ കാലത്തും, മറ്റു പ്രതിസന്ധികൾ നേരിട്ടപ്പോഴും വിശ്വാസികളെ പിടിച്ചു നിറുത്തിയത് കർത്താവിന്റെ തിരുശരീര രക്തങ്ങളിലുള്ള ഭാഗഭാഗിത്തമാണ്. അക്കാലത്ത് കുർബാനയോടുകൂടിയുള്ള കൂട്ടായ്മയാണ് വിശ്വാസികൾ കാംക്ഷിച്ചതും അനുഭവിച്ചതും. ഇന്നു കുർബാന കൂടാതെയുള്ള "കൂട്ടായ്മകൾ"ക്ക് പ്രാധാന്യം കല്പിക്കുന്ന പ്രവണത ചിലയിടങ്ങളിലൊക്കെ ഉയരുന്നു. ഇത് അപ്പോസ്തോലിക കാലത്തെ അനുഭവത്തിൽ നിന്നും പിതാക്കന്മാരുടെ പ്രബോധനങ്ങളിൽ നിന്നുമുള്ള വ്യതിചലനമാണ്. ■

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ

52-ാം ഓർമ്മപ്പെരുന്നാൾ

കുറിച്ചി വലിയ പള്ളിയിൽ

കുറിച്ചി: പരി. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ (കുറിച്ചി ബാവാ)യുടെ 52-ാമത് ഓർമ്മപ്പെരുന്നാൾ, പ. പിതാവിന്റെ മാതൃ ഇടവകയായ കുറിച്ചി വലിയ പള്ളിയിൽ 2016 ജനുവരി 2, 3 തീയതികളിൽ ഭക്തി നിർഭരമായി ആചരിക്കും.

ദീർഘമായ 35 വർഷം കിഴക്കിന്റെ കാതോലിക്കാ ആയി മലങ്കരസഭ മുഴുവന്റെയും പരമാദ്ധ്യക്ഷനായും പ്രശസ്ത ശുശ്രൂഷ അനുഷ്ഠിക്കുവാൻ പ. ബാവായ്ക്കു സാധിച്ചു. മലങ്കരയിൽ ആദ്യമായി വിശുദ്ധ മൂറോൻ കൂദാശ നടത്തുകയും, മേല്പട്ടക്കാർ വിരളമായിരുന്ന അക്കാലത്ത് പതിനൊന്നു മെത്രാപ്പോലീത്താമാരെ വാഴിക്കുകയും, നൂറു കണക്കിനു വൈദികരെ അവരോധിക്കുകയും ചെയ്തു.

സഭാന്തരീക്ഷം സങ്കീർണ്ണവും സംഘർഷ പൂരിതവുമായിരിക്കുമ്പോഴാണ് അദ്ദേഹം സഭയുടെ സാരഥ്യം ഏറ്റെടുത്തത്. വ്യവഹാരങ്ങളും തർക്കങ്ങളും, കോടതി ഇടപെടലുകളും, മാത്രമല്ല സമാധാന സാക്ഷാത്ക്കാരത്തിനുള്ള തീവ്രശ്രമങ്ങളും എല്ലാം നിറഞ്ഞു നിന്ന ഘട്ടമായിരുന്നു. എന്നാൽ സുപ്രീം കോടതിയിൽ നിന്നുള്ള അനുകൂല വിധിത്തീർപ്പിനെ തുടർന്ന് സമാധാനത്തിന്റെ തീരത്ത് സഭാനൗകയെ എത്തിക്കാനുള്ള മഹാഭാഗ്യം അന്നു പ. ബാവായ്ക്കുണ്ടായി. പ. ഗീവർഗീസ് ദ്വിതീയൻ ബാവാ അങ്ങനെ യോജിച്ച മലങ്കരസഭയുടെ ഏക കാതോലിക്കായായി. നോമ്പനുഷ്ഠാനങ്ങളാലും പ്രാർത്ഥനയാലും പ. പിതാവ് ആർജ്ജിച്ച 'സഹന ശക്തി'യാണ് യഥാർത്ഥത്തിൽ, മലങ്കരസഭയുടെ വിജയത്തിന് കാരണമായത്.

ജനു. 2 ശനി, 6-ന് കുറിച്ചി ചെറിയ പള്ളിയിൽ സന്ധ്യാനമസ്ക്കാരവും തുടർന്ന് വലിയ പള്ളിയിലേക്ക് ഭക്തി നിർഭരമായ റാസയും, പള്ളിമേടയിൽ ശ്ലൈഹിക വാഴ്വും, തുടർന്ന് ശ്രാദ്ധ സദ്യയും ഉണ്ടായിരിക്കുന്നതാണ്.

ജനു. 2 ഞായർ, 7.30-ന് പ്രഭാത നമസ്ക്കാരവും, 8.30-ന് അഭി. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാന. 11.00-ന് പ. ഗീവർഗീസ് ദ്വിതീയൻ അനുസ്മരണ സമ്മേളനം അഭി. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് തിരുമേനി അദ്ധ്യക്ഷത വഹിക്കും. പ. കുറിച്ചി ബാവാ ഫൗണ്ടേഷൻ നൽകുന്ന ബസേലിയോസ് അവാർഡ്, അഖില മലങ്കര പ്രസംഗ മത്സരത്തിൽ വിജയികളാകുന്നവർക്കുള്ള ക്യാഷ് അവാർഡ് എന്നിവയും സമ്മേളനത്തിൽ വിതരണം ചെയ്യും. തുടർന്ന് ശ്രാദ്ധസദ്യയും 2.30-ന് ദേവലോകം അരമനയിലെ പരിശുദ്ധന്റെ കബറിങ്കലേക്ക് തീർഥയാത്രയും ഉണ്ടായിരിക്കും.

വിശുദ്ധിയുടെ പരിമളം ലോകമെങ്ങും പരിലസിക്കുന്ന ഈ പിതാവിന്റെ മദ്ധ്യസ്ഥതയിൽ നമുക്ക് അഭയപ്പെടാം. എല്ലാ വിശ്വാസികളും ഓർമ്മപ്പെരുന്നാളിൽ വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണം.

Ph: 9446384402, 9947124980
or kurichybava@yahoo.com

Advt.

വേദബോധനം

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ, കുന്നംകുളം



Breaking The Word

2016 ജനുവരി 3

യൽദോയ്ക്കു ശേഷം രണ്ടാം ഞായർ

വി: ലൂക്കോ. 2:40 – 52

വിഖ്യാത എഴുത്തുകാരനായ *ഖലീൽ ജിബ്രാൻ* മനുഷ്യപുത്രനെന്ന പുസ്തകത്തിൽ ജ്ഞാനം നിറഞ്ഞ്, ആത്മാവിൽ ബലപ്പെട്ട ദൈവപുത്രന്റെ ചിത്രമിങ്ങനെ വരച്ചുവെച്ചു, *"അമ്മേ എന്റെ ശരീരം മാത്രമെ ഉറങ്ങുന്നുള്ളൂ, മനസ്സ് എന്റെ സഖാക്കളോടൊപ്പമാണ്; എന്റെ പ്രഭാത വെളിച്ചത്തിലേക്ക് അവരുടെ മനസ്സ് വന്നെത്തുവോളം അതവരോടൊപ്പമായിരിക്കും"* തന്നിലേക്ക് അടുത്തുവരുവാൻ അപ്രാപ്യമായവരോട് സമീപിക്കുന്ന സ്നേഹഭാഷണമാണ് യേശുവിന്റേത്. തന്റെ സംവാദങ്ങളും സംഭാഷണങ്ങളും ഈ സ്നേഹ വെളിച്ചത്തെ പ്രസരിപ്പിക്കുന്ന ഉപാധികളായിരുന്നു.

ആണ്ടിൽ മൂന്ന് പ്രാവിശ്യം യരുശലേം ദേവാലയത്തിൽ യഹൂദന്മാർ നിർബന്ധമായും(പുറപ്പാട് 23: 14 –17). എത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇതിൽ പ്രാമുഖ്യം പെസഹാപെരുന്നാളിനായിരുന്നു. സ്ത്രീകൾക്ക് ഇത് നിർബന്ധിതമല്ലെങ്കിലും നിഷ്ഠയുള്ള ആത്മീയജീവിതത്തിന്റെ പ്രതിഫലനമായി ദൈമാതാവിന്റെ ദേവാലയ സന്ദർശനം. പന്ത്രണ്ടാം വയസ്സിൽ പാപവികാരങ്ങൾ പൈതങ്ങളിൽ വേരൂന്നി തുടങ്ങാറുണ്ട് എന്നൊരു ചിന്ത യഹൂദർക്കുണ്ടായിരുന്നു. ടീനേജിന്റെ ആരംഭമാണല്ലോ ഈ പ്രായം. അതിനാൽ ഈ പ്രായത്തിനകം ന്യായപ്രമാണത്തിൽ അടിസ്ഥാനമിട്ട് വളരുവാൻ സഹായിക്കുവിധം വേദപഠനം ക്രമീകരിക്കപ്പെട്ടിരുന്നു. പന്ത്രണ്ടാം വയസ്സ് മുതൽ ന്യായപ്രമാണചട്ടങ്ങൾ പാലിക്കുവാൻ കുട്ടികൾ കടപ്പെട്ടവരായി തീരുന്നു. അറിവ് ജീവിതത്തിലേക്ക് പകരേണ്ട കാലമെന്ന് ഈ പന്ത്രണ്ടാം വയസ്സിനെ വിശേഷിപ്പിക്കാം. ഈ പ്രായത്തിൽ കർത്താവു ന്യായപ്രമാണാചരണങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കിയെന്ന് സാരം. തൻമൂലമാണ് പന്ത്രണ്ടാം വയസ്സിലെ ഈ സംഭവത്തിന് സുവിശേഷകൻ പ്രാധാന്യം നൽകുന്നത്. അറിവിന്റെ ആനന്ദം ഉണർന്നിരിക്കുന്നവരുടെ നിയോഗമാണ്. ഈ സന്തോഷമാണ് യേശുവിന്റെ ജ്ഞാനസംവാദത്തിന്റെ തീർത്ഥാടന വഴികൾ പ്രസരിപ്പിക്കുക.

1. പുനരുത്ഥാനത്തിന്റെ മുൻകുറിയായൊരു പെരുന്നാൾ.

ഒരു വിശാലമായ മൈതാനത്തെ പുൽപ്പരപ്പിൽ നടവഴികൾ മാത്രം തെളിഞ്ഞു കാണുന്നതെന്താണ്? സഞ്ചാരങ്ങളുടെ ആവർത്തികൾ രൂപപെടുത്തിയ ജീവിതത്തിന്റെ തെളിമയാണത്. അത് തെളിഞ്ഞു കാണപ്പെടുന്നു. മാതാപിതാക്കൾ ആദ്ധ്യാത്മികതയുടെ ആദ്യ സ്രോതസ്സുകളാണ്. *അമ്മയപ്പന്മാരുടെ ആണ്ടുതോറുമുള്ള ഈ ആചരണങ്ങളാണ്* യേശുവിന്റെ നിയോഗത്തിലേക്ക് നടവഴിയാവുക. നിഷ്ഠകൾ ജീവിതത്തിന് തെളിമ നൽകുന്നത് മനുഷ്യ മസ്തിഷ്കത്തിൽ *ദർപ്പണകോശങ്ങളിൽ* ശീലങ്ങൾ അടയാളപ്പെടുത്തുന്നത് വഴിയാണ് ശാസ്ത്രകാരന്മാർ സ്ഥിരികരിച്ച അറിവാണല്ലോ. ജ്ഞാനത്തിലും, ആത്മാവിലും ബലപ്പെടുവാൻ യേശു എന്ന പൈതലിന് ഈ ആദ്ധ്യാത്മീക നിഷ്ഠ സഹായകമാവുന്നു. ഇത് പുത്രൻ തമ്പുരാന്റെ *ദിവ്യപൂർണ്ണതയ്ക്ക്* എന്തെങ്കിലും കുറവുണ്ട് എന്നതിന്റെ സൂചനകളല്ല; ഫിലി 2:7 ൽ കുറിക്കുന്നത് പൊലെ അവൻ മനുഷ്യാവതാരത്തിന് തന്നെതന്നെ ശൂന്യവത്ക്കരിച്ചതിന്റെ പ്രതിഫലനമായിരുന്നു.

നമ്മുടെ പെരുന്നാളുകളിലെല്ലാം പുനരുത്ഥനത്തിന്റെ സ്മൃതിമുദ്രകൾ വ്യക്തമാണ്. യേശുവിന്റെ ബാല്ല്യത്തിലെ ഈ ഊർശ്ലേം യാത്ര മരണത്തോടും പുനരുത്ഥാനത്തോടും സദൃശവും മുൻകുറിയുമായി. ഈ യാത്രയിൽ മാതാപിതാക്കൾക്ക് പുത്രനെ മൂന്ന് ദിവസത്തേക്ക് നഷ്ടപ്പെട്ടു. കന്യാകമറിയം അമ്മയ്ക്ക് തന്റെ *ഹൃദയത്തിലൂടെ വേദനയുടെ വാൾ കടന്ന നാഴികയായി* അത്. *ആദ്യദിവസത്തെ* യാത്രയ്ക്കൊടുവിൽ തന്നെ കാണാതായി, *രണ്ടാം ദിവസം* അവർ പുത്രനെ തേടി തിരികെ യാത്ര ചെയ്തു. *മൂന്നാം ദിവസം* അവർ അവനെ കണ്ടെത്തി. ആ ദിനങ്ങളിൽ അവൻ ദേവാലായത്തിലെ ഉപദേഷ്ടാക്കന്മാരോട് കൂടെ ആയിരുന്നു. തന്റെ ക്രൂശ് മരണത്തിനെ തുടർന്നുള്ള ദിവസങ്ങളിൽ മരിച്ചവർക്ക് ഉപദേഷ്ടാവായവനാണ് ഈ പുത്രൻതമ്പുരാൻ. മൂന്നാം ദിവസം നഷ്ടപ്പെട്ടവർ തന്നെ കണ്ടെത്തി. അപ്പോൾ അവൻ ഉത്ഥാനത്തിന്റെ അസ്പർശ്യമായ അഗമ്യതേജസ്സിൽ പരിശോഭിച്ചു. മൂന്നാം ദിവസം യെരുശല്ലേം ദേവാലയത്തിൽ യേശുവിനെ കണ്ടെത്തിയപ്പോൾ അവൻ ജ്ഞാനപ്രകാശത്തിൽ വിളങ്ങിയിരുന്നു.

2. പെരുന്നാളുകളിലെ 'പെരിയ നഷ്ടങ്ങൾ'

ചില ആഘോഷങ്ങൾ ഇന്നും നഷ്ടപ്പെടലിന്റേതാണ്. ഒരു ഇടവകയുടെ പെരുന്നാളാഘോഷത്തെ കുറിച്ച് യുവാക്കാൾക്കിടയിൽ ഒരു പഠനം നടക്കുകയുണ്ടായി. അതിൽ ഒരു ചോദ്യം ഇപ്രകാരമായിരുന്നു. 'നിങ്ങൾ മദ്യപിക്കാറുണ്ടോ? എങ്കിൽ ആദ്യദിവസം' ചില ചെറുപ്പക്കാർ നൽകിയ വിവരങ്ങൾ അത്ഭുതപ്പെടുത്തുന്നതാണ്. ആദ്യം മദ്യപിച്ചത് ഇടവകയിലെ പെരുന്നാൾ ദിവസമാണത്രേ! അതും ബന്ധു

ക്കളോടൊരുമിച്ച്! ഒരു സമൂഹം ദുശ്ശീലങ്ങളിൽ സ്വയം നശിക്കുന്ന ദിവസങ്ങൾ ആയി തീരുന്നുണ്ടോ പെരുന്നാളുകൾ?

നഷ്ടപ്പെട്ടവൻ ചാർച്ചക്കാർക്കിടയിലുണ്ടെന്ന് ധരിച്ച് ആശ്വസിക്കുന്ന മാതാപിതാക്കളെ കുറിച്ച് നാമിന്ന് വായിക്കുന്നു.(1) മുൻധാരണകളിലുറച്ച ക്രിസ്ത്വാന്വേഷണവും (2) ചാർച്ചക്കാർക്കിടയിലും,സുഹൃത്തുക്കൾക്കിടയിലും പൈതലുണ്ടാകുമെന്ന ആശ്വാസവും ഒരുപോലെ അപകടകരമായി. ദൈവീകാന്വേഷണങ്ങൾ ദൈവാലയത്തിലേക്കും അവിടുത്തെ ഉപദേഷ്ടാക്കളിലേക്കും ചെന്നെത്തേണ്ടതാണ്. *കുട്ടികൾ കൂടെയുണ്ടെന്ന് ധരിച്ച് വാർദ്ധക്യത്തിലെത്തുമ്പോൾ നഷ്ടപ്പെടലിന്റെ പൊള്ളൽ അനുഭവിക്കുന്ന അമ്മയപ്പന്മാർ* ഈക്കാലത്തിന്റെ ദുഖമാണ്. കുട്ടികളെ ദുരുപയോഗിക്കപ്പെടുന്ന പ്രവണതകളും ഇതൊടൊപ്പം ചേർത്ത് വായിക്കണം. തലമുറകൾ വികൃതമാകാതിരിപ്പാൻ മാതൃകകൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. അവിടെ സംസാരിക്കുന്ന ,സംവദിക്കുന്ന ദൈവപുത്രനുണ്ട്.

3. നഷ്ടങ്ങൾ സംഗ്രഹിക്കാമോ?

നഷ്ടങ്ങൾ സംഗ്രഹിക്കാനായാൽ നല്ലപാഠങ്ങൾ നടവഴികളിലുപകരിക്കും. '*എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടതല്ലയോ*' എന്ന യേശുവിന്റെ വാക്കുളിലൂടെ മാതാവ് നടന്നതെല്ലാം തന്റെ ഹൃദയത്തിൽ സംഗ്രഹിച്ചു. എന്നാൽ അവൻ തന്നോട് പറഞ്ഞ വാക്ക് മറ്റുള്ളവർ ഗ്രഹിച്ചില്ല. (ലൂക്കോ 2:50). അമ്മയ്ക്ക് മാത്രമെ അതിന് കഴിയുമായിരുന്നുള്ളു.(49-ാം വാക്യം) അത്യുന്നതന്റെ ഏകജാതൻ അവന്നുള്ളവനാണ് എന്നറിഞ്ഞ വേളയാണിത്. *തിരികെ വിളിക്കാനാവത്ത ദൗത്യത്തിന് നിയോഗിതനായവനാണ് പുത്രൻ* എന്ന് അറിയുമ്പോൾ, അത് ഹൃദയത്തിൽ സംഗ്രഹിക്കാൻ മാത്രമെ കഴിയുമായിരുന്നുള്ളു. ഈ പശ്ചാത്തലത്തിൽ ഒരു എഴുത്തുകാരൻ കുറിച്ചത് Mary,the model Believer,continues her journey of faith as she ponders the meaning and destiny of her son എന്നാണ്. നമ്മുടെ തലമുറ മനസ്സിലാക്കപ്പെടാതെ പോകുന്നുണ്ടോ? അവരെ സംഗ്രഹിക്കുന്ന കല സ്നേഹമല്ലാതെ മറ്റൊന്നല്ല.

3. മാതൃക പകരേണ്ട പെരുന്നാളുകൾ

ഉപദേഷ്ടാക്കന്മാരുടെ മദ്ധ്യേ യേശുവിനെ കണ്ടെത്തുമ്പോൾ അമ്മ പറഞ്ഞത്, *ഞാനും നിന്റെ പിതാവും വ്യസനിച്ചുകൊണ്ട് നിന്നെ തിരഞ്ഞുവെന്നാണല്ലോ*..(ലൂക്കോ 2:48) *ഞാൻ എന്റെ പിതാവിനുള്ളതിൽ ഇരിക്കേണ്ടതാണ് എന്ന് നിങ്ങൾ അറിയുന്നില്ലയോ?* എന്നായിരുന്നു അവിടുത്തെ മറുപടി. യേശുവിനെ അവർ ഉപദ്രവിക്കുമോ എന്ന ഭയം മാതാവിന്റെ വാക്കുകളിൽ ഉണ്ടായിരുന്നു. അവന് രണ്ട് വയസ്സുള്ളപ്പോൾ ഹേരോദോസ്സിനൊടൊരുമിച്ച് യഹൂദർ അഴിച്ചുവിട്ട പീഢകൾ നാമോർമിക്കുക.

ഈ പെരുന്നാളിലെ പ്രധാന ചിത്രങ്ങൾ നോക്കുക, (1)കുഞ്ഞിനെ അന്വേഷിക്കുന്ന അമ്മയപ്പന്മാർ (2) ഉപദേഷ്ടാക്കന്മാരുടെ മദ്ധ്യേ ആയിരിക്കുന്ന പൈതൽ (3) വിവേകിയായ ബാലൻ. ഇവ ബോധനസംമ്പ്രദായത്തിലെ ഘടകങ്ങളാണ്. കുഞ്ഞുങ്ങളെ കുറിച്ചുള്ള ഉത്കണ്ഠകൾ മാതാപിതാക്കൾക്ക് ഉണ്ടാവുക സ്വാഭാവികമാണ്. യേശുവിലെ ജ്ഞാനം മാതാപിതാക്കളെ സന്തോഷിപ്പിച്ചു.(ലൂക്കോ 2:47,48)

അറിവിലൂടെ അജ്ഞാനത്തിന്റെ തമോഭൂമിക പ്രകാശിതമാകുന്നു. ഏത് മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യ വെളിച്ചം അവനായിരുന്നുവെന്ന്(യോഹ 1:9) ഈ വചന ഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു.

4. വളർച്ചയുടെ വ്യസനകാലം

ഈ വർഷം കണ്ടെത്തിയ ഒരു നവസങ്കേതമുണ്ട്. *CRISPR* എന്നാണതിന്റെ പേര് . സ്വഭാവത്തിലും, പെരുമാറ്റത്തിലും ഒരു ജനിതക എഡിറ്റിംങ്ങ് നടത്താൻ സഹായിക്കുന്ന സംവിധാനമാണിത്. പ്രത്യേക അഭിരുചികളെ നീക്കാനോ,രൂപപെടുത്താനോ ഇത് സഹായിക്കുമത്രേ. അങ്ങിനെ രൂപപെടുന്ന ലോകത്തെ *ബ്രേവ് ന്യൂ വേൾഡ്* (സമർത്ഥരുടെ നവലോകം) എന്നാണ് വിളിക്കുക. ഇത്തരം സങ്കേതങ്ങൾ പ്രാബല്ല്യം നേടുമ്പോൾ നമുക്ക് ചില നഷ്ടങ്ങൾ ഒഴിവാക്കാനായേക്കും. യേശു സമർത്ഥരുടെ ലോകസൃഷ്ടിക്കല്ല,പിന്നെയോ സർഗ്ഗാത്മാകതയുടെ ലോകത്തിന്റെ വക്താവായിരുന്നു. ഈ സർഗ്ഗാത്മാകത ദൈവീകമായിരുന്നെങ്കിലും വേദനാനിർഭരമാണ്. *ഞാൻ സമാധാനമല്ല വാളത്രേ കൊണ്ടുവന്നിരിക്കുന്നത്* എന്ന വാക്യം ഓർമ്മിക്കുക.

'*ചികിത്സിക്കുന്നതിനെക്കാൾ എളുപ്പം മരണത്തിന് വിട്ട് കൊടുക്കുകയാണ്*' എന്ന് കുറിച്ചത് തമോരാ പീയേഴ്സ് ആണ്. ഒരു കുഞ്ഞിനെ ദൈവപൈതലാക്കി വളർത്തുക എത്ര ശ്രമകരമാണ്. പിതാവിന്റെ ജ്ഞാനഭവനത്തിലേക്കുള്ള ഏകജാതന്റെ പാലായനം അമ്മ മനസ്സിന് വ്യസനം നൽകിയിരുന്നല്ലോ. മാതാവ് അനുഭവിച്ച ഈ വേദനയുടെ വാളനുഭവങ്ങൾ എല്ലാ മാതാപിതാക്കളും തങ്ങളുടെ ഓഹരിയായി കരുതുന്നത് ഉചിതമാണ്. *വളർച്ചയുടെ പാത വ്യസനത്തിന്റേത് കൂടിയാണ്.* മകനെ സംഗ്രഹിക്കുമ്പോൾ വേദനയുടെ വാളുകൾ വഹിക്കുവാൻ അമ്മയും വളരുകയായിരുന്നു.

2016 ജനുവരി 10

ദനഹായക്കു ശേഷം ഒന്നാം ഞായർ

വി: മത്തായി 4:12 – 22

സിറിയായുടെ തലസ്ഥാനമാണ് ദമസ്ക്കോസ്. അവിടെ നിന്ന് മെഡിറ്ററേനിയൻ പട്ടണങ്ങളിലേക്കും ഈജിപ്തിലേക്കുമുള്ള പ്രധാന വ്യാപാര പാതയാണ് കഫർന്നഹൂം. ഈ കടലോര ഗ്രാമത്തെ കർത്താവ് തന്റെ കർമ്മപഥങ്ങളുടെ കേന്ദ്രമാക്കുന്നു. ക്രി.മു.721 -ൽ അസീറിയക്കാർ പാലസ്തീനിലെ വടക്കൻ രാജ്യമായ ഇസ്രായേലിനെ ആക്രമിക്കുകയും അടിമകളായി പിടിച്ചവരെ അസീറിയായിലേക്ക് കൊണ്ടുപോകുകയും ചെയ്തു (2രാജ 15.29,17: 24 -27). സെബൂലൻ, നഫ്താലി ദേശങ്ങളാണ് ഇങ്ങിനെ ആദ്യമായി അടിമകളാക്കപ്പെട്ടത്. ഈ അടിച്ചമർത്തലിന്റെ അന്ധകാരത്തിലിരുന്നവർക്കാണ് യെശയ്യാ പ്രാവാചകൻ(യെശ 9.1-2) *അന്ധകാരത്തിലിരിക്കുന്ന ജനം വെളിച്ചം കാണുമെന്ന* ആശ്വാസം പകരുക. ഈ വെളിച്ചത്തിൽ ഉല്ലസിക്കുവാനുള്ള വിളിയൊച്ചകളാണ് നാം ഈ വേദഭാഗത്ത് കാണുക.

1) വിളുമ്പിൽ നിന്നുള്ള ആത്മീയ വിളംബരം :

ഒരു പ്രവാചകനും സ്വന്തനഗരത്തിൽ സ്വീകരിക്കപ്പെടുന്നില്ലെന്നത് യേശു തമ്പുരാന്റെ ജീവിതാനുഭവമായിരുന്നു. നസ്രേത്തിൽ നിന്ന് അവൻ വന്ന് പാർത്തത് കഫർന്നഹൂമിലാണ്; സ്വന്തനഗരമെന്നൊക്കെ അത് വിശേഷിപ്പിക്കപ്പെട്ടു.

ഗലീലായിലെ ഈ പട്ടണം ഒരു *വിളമ്പെന്ന്* വിശേഷിപ്പിക്കാവുന്നതാണ്. അത് ചരിത്രത്തിന് നൽകുന്ന മൂന്ന് പാഠങ്ങൾ (1) *കരയുടെ വിളമ്പ് കടലാണ്.* അടിമത്തവും ദാരിദ്ര്യവും കുളക്കടവിലെ പായൽപോലെ നിത്യമായ ഒരു ലോകത്തിന്റെ പാർശ്വയിടങ്ങളിൽ യേശു പ്രകാശിതനാവുന്നതാണ് ഇവിടെ നാം കാണുക. ആ മനുഷ്യർക്ക് കടലിന്റെ തിരയിലേക്ക്, അലച്ചിലുകളിലേക്ക് വേദനകളിലേക്ക് പോകുകയെന്ന സാധ്യതയാണ് സമീപസ്ഥമായിട്ടുള്ളത്.(2)*കടലിലകപ്പെട്ടവരുടെ സ്വപ്നം കരയാണ്.* മീൻ പിടുത്തകാർക്ക് മനുഷ്യരെ പിടിക്കുന്ന സർഗ്ഗാത്മാക ദൗത്യത്തിലേക്ക് വിളി ലഭിക്കുന്നതും ഈ ഗലീലാ തടാകത്തിന്റെ തീരത്ത് നിന്ന് തന്നെ. മാനവരാശിയുടെ സങ്കടങ്ങളുടെ വിളമ്പ് മാനസാന്തരത്തിന്റെ വിളംബരകേന്ദ്രമായി. മശിഹായെന്ന യുഗസ്വപ്നമാണ് അലയാഴിയിൽ പടവെട്ടിയവരുടെ കരയായത്. അടിമത്തത്തിന്റെ ഓരങ്ങളിൽ നിന്നും വിമോചനഭേരി മുഴങ്ങുന്നതും ആലോചനാമൃതമാണ്.

(3) ഈ *കടലോരം പഴയകാലത്തിന്റെ അസ്തമയത്തെ* കുറിക്കുന്നു. പഴയനിയമത്തിന് അസ്തമയത്തിന്റെ ഛായ പകരുന്നതാണ് ഗലീലാ കടലോരം. യോഹന്നാൻ തടവിലാകുമ്പോളാണ് യേശുവിന്റെ പ്രവൃത്തനങ്ങൾ തുടങ്ങുക. ഉദയാസ്തമയങ്ങൾക്ക് ചിലപ്പോൾ ഒരേ വർണ്ണം! *മാനസാന്തരപ്പെടുവിൻ* എന്ന യേശുവിന്റെയും (മത്താ 4.17) യോഹന്നാൻ മാംദാനയുടെയും (മത്താ 3.2) സന്ദേശങ്ങൾക്ക് സാധാർമ്മ്യമുണ്ടല്ലോ. അസ്തമയത്തിന്റെ ഇരുട്ട് പടരുന്നവെങ്കിലും പുതിയ നീതിസൂര്യന്റെ ഉദയത്താൽ രക്ഷയുടെ ഭൂമിക ശോഭിതമാവുകയായി. *ലോകമോ അവനെ അറിഞ്ഞില്ല*(യോഹ 1.10) എന്ന സത്യം *വൈകിയുണരുന്ന പക്ഷിക്ക് പ്രഭാതം നഷ്ടമാകുമെന്ന* ബോധ്യം പകരേണ്ടതാണ്.

2) തീരം തേടുന്ന ആത്മീയാന്വേഷണങ്ങൾ

തിരകൾ തീരത്തെ തേടുന്നവെന്നൊരു കവിതാശകലമുണ്ടല്ലോ! യേശുവിന്റെ വിളിക്ക് കാതോർത്തപത്രോസിനും, അന്ത്രയോസിനും *ഇരിപ്പ് ഇടങ്ങൾ* ഉപേക്ഷിക്കാൻ മടിയുണ്ടായിരുന്നില്ല. *ഭൂതകാലത്തിന്റെ ചങ്ങല ഛേദിക്കുന്നവർക്കേ ഭാവിയിലേക്ക് പദമൂന്നുവനാകൂ.* മരണനിഴലിലിരുന്നവരുടെ ആകാംഷ യേശുവിനെ അനുഗമിക്കുവാനുള്ള അവരുടെ നിശ്ചയങ്ങൾപ്രതിഫലിപ്പിക്കും. *അന്റോണിയോ ഗ്രാംഷി 'അടിമത്തത്തിന്റെ അതിവർഷങ്ങളിൽ വിമോചനത്തിന്റെ വിത്തുകൾ മുളക്കാതിരിക്കുമോ'* എന്ന് കുറിച്ചത് ഇവിടെ പൂരകമാവുന്നു.

കണ്ണികൾ പൊട്ടിയ വലകൾ ഉപേക്ഷിക്കപെടേണ്ടതാണ്. ലോകത്തെ സമാഹരിക്കുന്ന വലകൾ ഇനിയാവശ്യമില്ല. ഈ പ്രഭാതത്തിൽ അവർ ഒരുപാട് പേർക്ക് പ്രവേശിക്കാവുന്ന തുറന്നിട്ട ഒരു ഭവനം പോലെ, ആയി തീരുന്നു.

ST. MARY'S EMBROIDERY

Palace Road, Changanacherry-686101, Kerala

Prop: SAJU CHACKO

✆ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388



കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു

ജീവിതപ്രതിസന്ധികളുടെ കടലിൽ നിന്ന് ഒരു സായാഹ്നത്തിലെ കരയിലേക്കെന്ന പോലെ പ്രവേശിക്കാവുന്ന ഒരു തീരമാകുവാനാണ് അവർ ക്ഷണിക്കപ്പെടുന്നത്. കടലിനെ അറിഞ്ഞവർക്കെ തീരത്തിന്റെ വിലയറിയൂ.

3.പരിത്യാഗത്തിന്റെ ആത്മീയത

അവർ *പടകിനെയും അപ്പനെയും* വിട്ട് അവനെ അനുഗമിച്ചു. (മത്ത 4.22) ശൗൽ ക്രിസ്തുവിലേക്കെത്തിയപ്പോൾ അവന്റെ കാഴ്ച്ചപ്പാടുകളുടെ *ചെതുമ്പൽ* കണ്ണുകളിൽ നിന്ന് അടർന്ന് വീണു(അപ്പോ.പ്രവൃ 9.18) ദൃക്കും ദൃശ്യവും ദൈവത്തിൽ സമർപ്പിക്കുമ്പോഴെ ദൈവീകദർശനം ഉണ്ടാവുന്നുള്ളൂ. ക്രിസ്തുവിലേക്കുള്ള സഞ്ചാരങ്ങളിൽ നമുക്കുള്ളിലും ഉള്ളതിലും അടർന്ന് പോകേണ്ടവയുണ്ട്; ചെതുമ്പൽ കണക്ക്...ശീമോനും അന്ത്രയോസിനും അത് വീടും പടകുമായിരുന്നു. ശൗലിന് അത് പാണ്ഡ്യത്യമായിരുന്നു. *അരും കൊലകളെ അധികാരികമായി ന്യായീകരിക്കുന്ന അറിവായിരുന്നു* ശൗലിന്റെത് (അപ്പോ.പ്രവൃ 9.2). നമ്മെ തന്നെ ക്രിസ്തുസവിധം സമർപ്പിക്കാൻ നാം പരിത്യജിക്കേണ്ടത് എന്തൊക്കെയായിരിക്കും? ലോകത്തെ പരിത്യജിച്ചിട്ടും തനിക്കായി ചിലത് കരുതിവെച്ച ഒരു സഹോദരനോട് *അന്തോണിയോസ്* പുറഞ്ഞതിങ്ങനെ, "നീ കുറച്ച് ഇറച്ചി വാങ്ങി നിന്റെ നഗ്നശരീരത്തിൽ കെട്ടി വച്ചിട്ട് വരിക" യുവാവ് അപ്രകാരം ചെയ്തു. എന്നാൽ യാത്രയിൽ ശരീരത്തിൽ കെട്ടി വച്ച മാംസത്തെ പ്രതി പട്ടികളും പക്ഷികളും അയാളെ ആക്രമിച്ചു. സന്ന്യാസി ശ്രേഷ്ഠൻ അയാളോട് പറഞ്ഞു, *ലോകത്തെ പരിത്യജിക്കുകയും, തങ്ങൾക്ക് വേണ്ടി കുറച്ച് കരുതിവെയ്ക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നവർ പിശാചുക്കൾക്കെതിരെ പോരാടി ഇതുപോലെ മുറിവേൽക്കുന്നു.*

2016 ജനുവരി 17

ദനഹായക്കു ശേഷം രണ്ടാം ഞായർ

വി: യോഹ. 1:43 – 51

യഹൂദന്മാർ അത്തിയുടെ ഒഴിഞ്ഞവൃക്ഷ ഛായയിൽ രൂപപെടുത്തിയ വേദപഠന സംമ്പ്രദായത്തെ കുറിച്ചാണ് *നീ അത്തിമരത്തിന് ചുവട്ടിലിരിക്കുമ്പോൾ..* എന്ന വാക്കുളിലൂടെ യേശു സൂചിപ്പിക്കുക. ദൈവത്തിന്റെ ഇടങ്ങളറിയാതിരുന്നവരുടെ ഇരിപ്പിടങ്ങൾ അവനറിഞ്ഞിരുന്നു. ജീവിക്കുന്ന ദൈവത്തെ നിർജ്ജീവ ജ്ഞാനത്തിലൂടെ അറിയാമെന്നുള്ള ധാരണകൾ തകരുകയാണ്. അത്തിയുടെ കീഴിലെ *ജ്ഞാനപീഠം* നസ്രേത്തിനെ കുറിച്ച് ഒരു ധാരണയും പകർന്നില്ല. മുമ്പ് പറയപ്പെടാത്തത് അംഗീകരിക്കുകയെന്നത് യഹൂദവേദ ഉപാസകർക്ക് പലപ്പോഴും അസാധ്യമായിരുന്നു. നഥാനിയേൽ *കപടമില്ലാത്ത ഇസ്രായേല്ല്യനായിരുന്നുവെന്ന* ക്രിസ്തുസാക്ഷ്യം ചില വേദധ്വനികളിലേക്ക് ഉണർത്തുന്നു.

വേദഭൂമികയിലെ ദൈവീകമിഴികൾ നമ്മുടെ പ്രാർത്ഥനകളും വിചാരങ്ങളും ദൈവത്തിൽ മിഴിമുദ്രിതമാണ് എന്ന് പറയാം. വരികൾക്കിടയിൽ നിന്നടർന്ന് പോകുന്ന ദൈവീകബോധത്തിന് താക്കീതാവുന്നു ഈ വേദഭാഗം. ദൈവീകാന്വേഷണത്തിന്റെ സ്മൃതിയിലും ഓർമ്മഭ്രംശങ്ങളിലും ദൈവം നമ്മെ അറിയുന്നു. അത്തിയുടെ കീഴെ ഇരുന്ന് ന്യായപ്രമാണങ്ങൾ പഠിച്ച നഥാനിയേലിൽ യേശു കണ്ട പ്രത്യേകതകൾ എന്തായിരുന്നു.

1. ന്യായപ്രമാണ പഠനത്തിലെ ആത്മാർത്ഥത

നമ്മുടെ കർത്താവിന്റെ ശൂന്യവത്ക്കരണത്തിന്റെ പ്രതീകമായ നസ്രേത്ത് ദൈവപഥങ്ങളുടെ വിചാരരേഖയിൽ നിറമില്ലാത്ത ഒരു ചിത്രമായിരുന്നു. വേദവചന ധ്യാനം ദൈവത്തോട് ഒരുമിച്ചായിരിക്കുന്ന അനുഭവമാണ്. *'അവർ ഓരോരുത്തൻ താന്താന്റെ മുന്തിരിവള്ളിയുടെ കീഴിലും അത്തിവൃക്ഷത്തിന്റെ കീഴിലും പാർക്കും; ആരും അവരെ ഭയപ്പെ*

ടുത്തുകയില്ല'(മീഖാ 4.4) *മുഖമില്ലാത്ത ദൈവത്തെയാണ് അത്തിയുടെ അറിവിന്റെ നിഴലിൽ* തല്മായി പുത്രൻ അറിഞ്ഞത്. മോശെയും പ്രവാചകന്മാരും പറഞ്ഞവനെ കണ്ടുവെന്ന ഫിലിപ്പോസിലെ സഹൃദയ സാക്ഷ്യം ദൈവത്തിന്റെ മുഖം അന്വേഷിക്കാനുള്ള ആത്മാർത്ഥത വ്യക്തി വിശുദ്ധിയെ സൂചിപ്പിക്കുന്നു. അത് യഹോവയുടെ ന്യായപ്രമാണം രാപകൽ ധ്യാനിച്ചവന്റെ ഭാഗ്യമായി. ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും(2 തിമോ 3.16) തികഞ്ഞവനാകുന്നതിന് തിരുവെഴുത്ത് സഹായിക്കുന്നു.

2. *നൈർമ്മല്ല്യങ്ങളിലേക്ക് മടങ്ങുക*

അത്തിയുടെ കീഴിലെ പഠനങ്ങളിൽ അറിഞ്ഞത് ജീവിതത്തിൽ പകർന്ന വ്യക്തിത്വമാണ് നഥാനിയേൽ. വേദ സത്യങ്ങളെ ജീവിതത്തിന് ഊർജ്ജമാക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. നൈർമ്മല്ല്യത്തിന്റെ പ്രകാശ വസ്ത്രങ്ങൾ സാത്താൻ കവർന്നപ്പോൾ നഗ്നത മറയ്ക്കാൻ തുണയായ *അത്തിയില(ഉൽ 3.7)* അൽപ്പകാലത്തേക്കെ അഭയമാവുകയുള്ളൂ. അത്തിവൃക്ഷം പൂക്കുന്നില്ലെങ്കിലും..(ഹബക്കൂക്ക് 3.17) ഞാൻ കർത്താവിൽ ആനന്ദിക്കുമെന്നത് നഥനയേലിൽ സത്യമായി. ഇങ്ങിനെയാണ് വാഗ്ദത്തങ്ങളിൽ നിന്ന് വീണുപോയ പഴയനിയമം അത്തിയിലയിൽ നിന്ന് ഇലയടരുന്നതു പോലെ (യെശ 34.4) അവരുടെ അംഗങ്ങൾ അടർന്ന് പുതിയ ജീവനിലേക്ക് പ്രവേശിക്കുന്നത്. ദൈവം അത്തിക്ക് കീഴെ നിന്ന് നമ്മെ വിളിക്കുന്നത് നൈർമ്മല്ല്യങ്ങളിലേക്കാണ്.

3. ദൈവത്തിന്റെ കണ്ണിലൊളിച്ച ശൈശവം

ദൈവത്തിന്റെ കണ്ണിലൊളിച്ച ശൈശവമാണ് നഥനിയേലിനുള്ളത്. വിദ്വാന്മാരോടു ചോദിച്ചറിഞ്ഞ കാലത്തിന് ഒത്തവണ്ണം രണ്ടുവയസ്സും താഴെയുമുള്ള കുഞ്ഞുങ്ങളെ കൊല്ലിച്ച കാലത്ത് നഥനയേലിനെ തന്റെ അമ്മ അത്തിയുടെ കീഴിലൊളിപ്പിച്ചിരുന്നുവെന്നും പ്രായമായപ്പോൾ ഈ കഥ അദ്ദേഹത്തിന് പറഞ്ഞുകൊടുത്തിരുന്നുവെന്നും ഒരു പാരമ്പര്യകഥയുണ്ട്. അത്തിയുടെ കീഴിൽ നിന്ന് അന്ന് രക്ഷപ്പെട്ടത് ഈ കൂടികാഴ്ച്ചക്ക് വേണ്ടിയാണ് എന്നും ഇവിടെ അർത്ഥമാക്കുന്നുണ്ടായിരിക്കാം.തനിക്ക് മാത്രമറിയുന്ന ആ ആന്തരീകമർമ്മത്തെ കർത്താവ് ഓർമ്മിപ്പിച്ചപ്പോൾ നഥനയേൽ വിനായന്വിതനായി. യിരമ്യ 1.5 ൽ പറയുന്ന *ദൈവത്തിന്റെ മിഴികൾ* അവന്റെ പ്രതിസന്ധിയുടെ ശൈശവത്തെയും അറിഞ്ഞിരുന്നുവെന്ന് സാരം.

4. ദൈവദർശകൻ

ഇസ്രായേല്ല്യൻ എന്ന പദം *ദൈവത്തെ കാണുന്നവൻ* എന്ന അർത്ഥത്തിൽ വ്യവഹരിച്ചിരുന്നുവെന്ന് *ബ്രൂസ് വൗട്ടർ* എന്ന കത്തോലിക്ക പണ്ഡിതൻ എഴുതുന്നു. മോശയും പ്രവാചകനും പറഞ്ഞവനെ തിരിച്ചറിഞ്ഞ് റബ്ബി നീ ദൈവപുത്രൻ, നീ യിസ്രയേലിന്റെ രാജാവ് എന്ന് പ്രതിവാദനത്തിൽ ദൈവത്തെ കണ്ട നഥനിയേലിനെ നാം ദർശിക്കുന്നു. വേദവായനയിലും പ്രാർത്ഥനയിലും ദൈവമുഖം അന്വേഷിക്കുന്നവരെ സർവ്വശക്തൻ കാണുന്നുവെന്ന് ഇവിടെ ഓർമ്മിക്കുക.

5. കാപട്യമില്ലായ്മ

യേശു ദാവീദിന്റെ കുടംബത്തിൽ നിന്ന് അവന്റെ സ്വന്ത ബേതലഹേമിൽ നിന്ന് ജനിക്കുമെന്ന് എഴുതപ്പെട്ടിരുന്നു. ബേത്ലഹേമിൽ നിന്ന് ഉരുവാകുന്ന യിസ്രായേലിന്റെ അധിപതിയെ കുറിച്ച് മീഖായുടെ(5:2) പ്രവചനം നഥനിയേലിന് പരിചിതമായിരുന്നു. യേശു നസ്രേത്തിൽ നിന്നുള്ളവനാണ് എന്ന് അറിഞ്ഞിട്ടുള്ളത് കൊണ്ടാണ് അദ്ദേഹം ന്യായപ്രമാണങ്ങളിൻ പ്രകാരമേ മശിഹായുടെ വരവ് ഉണ്ടാവുകയുള്ളൂവെന്ന ഉറച്ച ധാരണ പുലർത്തുന്നത്. ബേത്ലഹേം ദാവീദിന്റെ പൂർവ്വികയായ രൂത്തിന്റെ പട്ടണമാണ്.(രൂത്ത് 1: 1-4) അങ്ങിനെ പിന്നീട് അത് ദാവീദിന്റെ പട്ടണമായി. ആ യെഹൂദ്യായിലെ ബേത്ത്ലഹേമിൽ തന്നെയാണ് അവിടുന്ന് ജനിച്ചത്(മത്ത 2.1) യേശുവിന്റെ ജനന നാളുകളിലൂടെ നാം കടന്ന് പോകുമ്പോൾ ബേത്ലഹേം ഉൾകൊള്ളുന്ന യഹൂദ്യാ ഭരിക്കുന്നത് ഹേറോദോസിന്റെ മകൻ അർക്കലൊവൂസാണ്. അതിനാൽ, പിതൃദേശത്തു നിന്ന് *നസറേത്തിലെ* കുടിയേറ്റക്കാരനായി എന്ന് ചുരുക്കം. അവിടുന്ന് പ്രവചനങ്ങളെ നിവർത്തിച്ച ദൈവപുത്രനെന്ന് ബോധ്യപ്പെട്ടപ്പോൾ എന്തെങ്കിലും എതിർന്യായം വിളമ്പുകയായിരുന്നില്ല. മറിച്ച് മശിഹായെ ന്യായപ്രമാണത്തിനനുസരണമായി കർത്താവ് എന്ന് സാക്ഷിക്കുവാൻ കഴിഞ്ഞുവെന്നതാണ് ശ്രദ്ധേയം. ഇവിടെ നഥനയേലിന് കരുത്താവുക ന്യായപ്രമാണത്തിന്റെ ഉൾവെളിച്ചം മുറുകെപിടിച്ചു എന്നത് തന്നെ! അറിഞ്ഞ സത്യത്തിന് സാക്ഷ്യം പറയുന്നവരെയാണ് ദൈവരാജ്യത്തിന് ആവശ്യം. ദൈവമൊഴികെ ആരും അറിവിന്റെ സമഗ്രതയായിരുന്നില്ല. സത്യത്തെ അംഗീകരിക്കുകയാണ് നഥനിയേലിന്റെ കരുത്ത്.

6. സ്വത്വബോധം

സാക്ഷാൽ ഇസ്രായേല്ല്യൻ എന്ന് വിശേഷിപ്പിച്ചപ്പോൾ ഇസ്രായേലിന്റെ ദൈവീക അന്തസ്സിനെ കുറിച്ചുള്ള ബോധ്യവും,അതിന്റെ ദൈവദത്തമെന്ന് പറയാവുന്ന സ്വത്വത്തെക്കുറിച്ചുള്ള അഭിമാനവും അതന്വേഷിക്കുവാനുള്ള താൽപ്പര്യവും സൂചിപ്പിക്കപ്പെട്ടിരുന്നു. ഈക്കാലമാത്രയും താൻ തേടിയ ദൈവം വേദവിചാരത്തിന്റെ ഹരിതഛായയിൽ ഞാൻ നിന്നെ അറിഞ്ഞുവെന്ന് പറയുമ്പോഴും അയാളിലെ ആ തികഞ്ഞ ദൈവിക ഭക്തി പ്രശംസിക്കപ്പെടുന്നു.ആ പ്രശംസ ഇസ്രായേല്ല്യൻ എന്ന പദത്തിലൂടെയാണ് വെളിപെടുന്നത്. ദൈവം തന്റെ ജനതയ്ക്ക് നൽകിയ മഹത്വത്തിൽ നിലനിന്ന (സാക്ഷാൽ ഇസ്രായേല്യൻ) എന്ന സാക്ഷ്യം ഗൗരവമാകുന്നു. ■

രണ്ടാം ചരമ വർഷികം, 11-12-2015

ചക്കാലയിൽ
ഷിജോ നിവാസ്
കോട്ടൂർ-കവിയൂർ
സന്തപ്ത കുടുംബാംഗങ്ങൾ

മറിയാമ്മ ജോസഫ്

P.C. Babychen *(Prop.)*
Pulimoottil

Mob : 9497748554
9995217132

PULIMOOTTIL METAL & VESSELS
Palace View
Changancherry - 686 101

Sales and Service All Kinds of Church Goods

അ|നു|സ്|മ|ര|ണം




ദേവലോകത്തെ പിതാക്കന്മാർ

■ ഫാ. എം. കെ. കുര്യൻ
(മാനേജർ, കാതോലിക്കേറ്റ് അരമന)

ദേവലോകം പെരുന്നാൾ ജനുവരി 2 മുതൽ 4 വരെ. 3-ന് വൈകിട്ട് 6-ന് കോട്ടയം കോടിമതയിൽ നിന്നും വി. റാസ. 4-ന് പ. കാതോലിക്കാ ബാവായുടെ മുഖ്യ കാർമികത്വത്തിൽ വി. കുർബ്ബാന.

മനുഷ്യ ഹൃദയങ്ങളിൽ ജ്വലിച്ച് ജീവിക്കുന്ന മഹാരഥന്മാരായ മൂന്നു കാതോലിക്കാമാർ ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ അന്ത്യവിശ്രമം കൊള്ളുന്നു. സഭയെ ദീർഘകാലം സുധീരം നയിച്ച പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ 52-ാം ഓർമ്മപ്പെരുന്നാളും പിൻഗാമിയായ പ. ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവായുടെയും വട്ടക്കുന്നേൽ ബാവ എന്നറിയപ്പെടുന്ന പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെയും 19-ാം ഓർമ്മപ്പെരുന്നാളും സംയുക്തമായി 2016 ജനുവരി 3, 4 തീയതികളിൽ സമുചിതമായി ആചരിക്കുകയാണ്.

വർഷങ്ങൾ കടന്നു പോകുന്നു എങ്കിലും അവരുടെ ജീവിത സംഭാവനകൾ സഭയിലും സഭാമക്കളിലും ശോഭിച്ചു നിൽക്കുന്നു. ഇന്ന് അന്ന്യം നിന്നു പോകുന്ന ജീവിത ചര്യകൾ പുത്തൻ തലമുറയ്ക്ക് മാർഗ്ഗദീപമാകണം. പിതാക്കന്മാരുടെ കബറിടത്തിലെത്തി മദ്ധ്യസ്ഥത യാചിക്കുന്ന പ്രായ ഭേദമെന്യേ, സഭാ വ്യത്യാസം ഇല്ലാതെ, അനേകരാണ്. ദേവലോകം എന്ന പേര് അർത്ഥപൂർണ്ണമാകുന്ന ഈ പിതാക്കന്മാരുടെ സാന്നിധ്യം മലങ്കര സഭയ്ക്ക് വലിയ നിധിയാണ്.

കർമ്മം കൊണ്ട് സഭയെ ദീർഘകാലം നയിക്കുവാൻ ദൈവം വിളിച്ച ഭാഗ്യനിധിയാണ് പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ എന്ന 'കുറിച്ചി ബാവാ'. ജീവിച്ചിരിക്കുമ്പോൾ തന്നെ ജനങ്ങൾ മഹാപരിശുദ്ധനായി കരുതിയ ഈ മുനിശ്രേഷ്ഠൻ സഭയുടെ പ്രതിസന്ധി ഘട്ടങ്ങളിൽ സഭയെയും തന്നെ ഏല്പിച്ച അജഗണങ്ങളെയും കണ്ണിലെ കൃഷ്ണ മണിപോലെ കാത്തുനയിച്ചു. "സത്യം ജയിക്കും, കുരിശിൽ തറച്ച സത്യം മൂന്നാം ദിവസം ഉയിർക്കും" എന്ന് പ്രഘോഷിച്ചു. ആ പിതാവ് തന്റെ സഭയെ സത്യത്തിലും നീതിയിലും പ്രയാസഘട്ടങ്ങളിൽ അടിപതറാതെ നയിച്ചു. പ്രാർത്ഥനയിലും നോമ്പിലും അണുവിട വ്യത്യാസം ഇല്ലാതെ നിഷ്ഠയോടുകൂടിയ ജീവിതം ആത്മശോഭയുള്ളതാക്കി തീർത്തു. ആ ശോഭയുടെ മുൻപിൽ മറ്റ് പ്രഗൽഭന്മാരെല്ലാം നിഷ്പ്രഭരായിരിക്കുന്നു. എത്ര വലിയ ആളുകളായിരുന്നാലും, പ. ബാവായുടെ മുമ്പിൽ വളരെ ഭയത്തോടും ഭക്തിയോടും കൂടി മാത്രമേ സമീപിക്കുകയുള്ളായിരുന്നു.

പണ്ഡിതനും സൗമ്യനുമായിരുന്ന പ. ബസേലിയോസ് ഔഗേൻ ബാവ മുൻഗാമിയിൽ നിന്ന് വളരെ വ്യത്യസ്തനായിരുന്നു. ശാരീരികമായും മാനസികമായും സഭയ്ക്ക് വേണ്ടി പീഡനം സഹിച്ച മറ്റൊരു പിതാവ് ഈ ആധുനിക നൂറ്റാണ്ടിൽ ഇല്ല എന്നുള്ളതാണ് വാസ്തവം. ശീമയിൽ പഠിച്ച് എല്ലാ സത്യങ്ങളും മനസ്സിലാക്കിയ പിതാവ് അന്ത്യോഖ്യൻ പൊള്ളത്തരത്തിനു എതിരെ ഒരു സിംഹമായിരുന്നു. ഇന്ന് നാം കാണുന്ന ആരാധനയുടെ മുഖ്യ ഭാഗങ്ങൾ സുറിയനിയിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നതിൽ തിരുമേനി മുഖ്യ പങ്കു വഹിച്ചു. സൗമ്യനും ശാന്തനുമായിരുന്നുവെങ്കിലും സഭയുടെ അടിസ്ഥാന വിശ്വാസത്തിനും പാരമ്പര്യത്തിനും എതിരായി ഉയർന്നു വന്ന ചിന്തകൾക്ക് എതിരെ സടകുടഞ്ഞെഴുന്നേറ്റ് സിംഹത്തെപ്പോലെ ശക്തനായി നില കൊണ്ടിരുന്നു.

ആധുനിക മലങ്കരസഭയുടെ കരുത്തനായ ശില്പിയും ഭരണകർത്താവും ദാർശനികനും മേധാശക്തിയിൽ അഗ്രഗണ്യനുമായിരുന്നു പ. ബസേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ ബാവാ. താൻ വഹിച്ച സ്ഥാനത്തിന്റെ മഹിമ എന്നും ഉയർത്തി പിടിക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചു. എല്ലാ പ്രതികൂല സാഹചര്യങ്ങളിലും സഭയുടെ ഉയർച്ചയ്ക്കായി അദ്ദേഹം പരിശ്രമിച്ചു. "സഭ ദൈവത്തിന്റെയും എന്റെയുമാണ്" എന്ന ബോധ്യത്തോടെ സഭയെ ഭരിച്ചു. പരുക്കൻ സ്വഭാവം എന്ന് പ്രഥമദൃഷ്ട്യാ തോന്നുമെങ്കിലും ആ ഹൃദയ നൈർമല്യം അദ്ദേഹത്തോട് കൂടുതൽ ഇടപെടുമ്പോൾ ഏവർക്കും ബോധ്യമാകും. കരുതലും സ്നേഹവുമുള്ള ഒരു ഹൃദയത്തിന്റെ ഉടമയായിരുന്നു ഈ പിതാവ്. സഭയുടെ നാനാവിധമായ ഉയർച്ചയ്ക്കും വളർച്ചയ്ക്കും വേണ്ടതായ ധാരാളം സംഭാവനകൾ നൽകിയ പിതാവായിരുന്നു. ഈ സഭ ഇന്ന് ആഗോളസഭയായി, മറ്റു സഭകൾക്കൊപ്പം തല ഉയർത്തി നിൽക്കുവാൻ കഴിയുന്നതിന്റെ കാരണക്കാരൻ ഈ പിതാവാണ്. സഭയുടെ സ്വയശീർഷകത്വം, ഭരണക്രമം, ആരാധന, ചിട്ടവട്ടങ്ങൾ ഒക്കെ തിരുമേനിയുടെ ഭരണകാലഘട്ടത്തിലെ നേട്ടങ്ങളാണ്. ഒരു അൽമായക്കാരനായി തുടങ്ങിയ സഭാ പ്രവർത്തനങ്ങൾ അവസാനം സഭയുടെ പ്രധാന അമരക്കാരനായി മരണം വരെ എന്നും സ്മരിക്കത്തക്ക നേട്ടങ്ങൾ കൊണ്ട് എത്തിക്കുവാൻ കഴിഞ്ഞു. ഈ മൂന്നു പിതാക്കന്മാരുടേയും പ്രാർത്ഥനയും, മദ്ധ്യസ്ഥതയും എന്നും സഭയിലെ പ്രചോദനവും ശക്തിയുമായിരിക്കട്ടെ. ■

വൈദിക ചരമം



ഫാ. എം.സി. ജോർജ് മുണ്ടപ്ലാമൂട്ടിൽ

ചീരഞ്ചിറ: നാലുന്നാക്കൽ മാർ ഗ്രിഗോറിയോസ് പള്ളി വികാരി ഫാ. എം.സി. ജോർജ് മുണ്ടപ്ലാമൂട്ടിൽ. സഭാ മാനേജിംഗ് കമ്മറ്റിയംഗമാണ്. ചീരഞ്ചിറ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം.

സഹധർമ്മിണി: സുജ ജോർജ്. മക്കൾ: അലക്സിൻ ജോർജ്, ഫേബാ ജോർജ്.

മലങ്കരസഭ

ഒറ്റപ്രതി : ₹ 15, ഒരുവർഷം : ₹ 180;
രണ്ട് വർഷം : ₹ 360, 4 വർഷം :₹ 700
വിദേശത്തേക്ക്:
ഒരു വർഷം : ₹ 2000

4th Death Anniversary

Sunday 27th Dec. 2015
In Ever Loving Memory of :
ANNIE MONCY GEORGE
Fondly Remembered by :
Moncy George, Boney, Bini,
Budhanikunnil, Kannelil
Families & Relatives

Annies' Go Wealth Enterprises
& Georgees, Pune - 17.

7-Dhanashree, Pimpri, Pune-17

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

സമ്യഗ് ദർശനം

"ദൈവം പറഞ്ഞു ശത്രുക്കളെ സ്നേഹിക്ക എന്ന്
നാം അത് നന്നായി ചെയ്യുന്നുണ്ട്. നമ്മെത്തന്നെ സ്നേഹിച്ച് കൊണ്ട്"

ഖലീൽ ജിബ്രാന്റെ സുന്ദരമായ എഴുത്താണിത്. ശത്രുക്കളെ സ്നേഹിക്ക എന്ന ദൈവത്തിന്റെ കൽപ്പന നന്നായി നിർവ്വഹിക്കുന്നവരാണ് നമ്മൾ നമ്മെ മാത്രം സ്നേഹിച്ച് കൊണ്ട് എന്നാണ് എഴുത്തുകാരൻ പറയുന്നത് നാം നമ്മുടെ ശത്രുവായി മറ്റുള്ളവരെ പ്രതിഷ്ഠിക്കുകയും അവരുമായി നിരന്തരം പ്രതിരോധത്തിലേർപ്പെടുകയും ചെയ്യുകയാണ് ജീവിതത്തിൽ ഒരു നല്ല സമയം ശത്രുവിനെ പ്രതിരോധിക്കാനായി ചിലവിടുകയും ചെയ്യുന്നുണ്ട്.

നാം നമ്മെ സ്നേഹിക്കുന്നതാണ് ഏറ്റവും വലിയ അപകടം എന്ന് ഓർമ്മപ്പെടുത്തുകയാണ്. നമ്മുടെ മതം, നമ്മുടെ വർഗ്ഗം, നമ്മുടെ ഭാഷ, നമ്മുടെ രാജ്യം, നമ്മുടെ വീട് എന്നിങ്ങനെ നമ്മുടെ സ്നേഹത്തിന്റെ വിതാനത്തിന് അതിരുകൾ സൃഷ്ടിക്കപ്പെടുകയാണ് അതിരുകൾ സൃഷ്ടിക്കപ്പെട്ടിടത്താണ് സംഘർഷങ്ങൾ ഉണ്ടായത്; അവനവന്റെ അതിരുകൾക്കകത്ത് മാത്രം സ്നേഹം തടയപ്പെട്ടത്. സ്നേഹം ഒരു നിതാന്തമായ ഒഴുക്കാണ് അതിനെ തടയണ കെട്ടി ഒരു ചെറിയ ലോകത്തേക്ക് ചുരുക്കാനാണ് നാം ശ്രമിക്കുന്നത്. എല്ലാ ബന്ധനങ്ങളും ഭേദിച്ച് മാനവകുലത്തെ മുഴുവൻ അതിന്റെ പരിധിയിലാക്കാനാണ് ദൈവം ജനിച്ചത് എല്ലാ അതിരുകളും ഭേദിക്കപ്പെട്ടുകൊണ്ടിരിക്കുന്നിടത്ത് ദൈവം വീണ്ടും വീണ്ടും പിറന്ന് കൊണ്ടിരിക്കും അതിരുകൾ സൃഷ്ടിക്കപ്പെടുന്നയിടമെല്ലാം ദൈവം നിരന്തരം മരിച്ച് വീഴുകയാണ്. ദൈവം മരിച്ച് വീണിടത്ത് വീണ്ടും ദൈവത്തിന് വേണ്ടി പടവെട്ടി മരിക്കുന്ന മൂഢതയാണ് ഇന്ന് നാം ലോകത്തിൽ ദർശിക്കുക. മനുഷ്യ പ്രവർത്തിയാൽ ചോര പൊടിയുന്നയിടവും ജീവൻ പൊലിയുന്നയിടവും ദൈവം മരിക്കുന്നയിടമായി മാറുകയാണ്. ജീവൻ പങ്കിടുന്നയിടത്തെല്ലാം ദൈവം പിറവി കൊള്ളുന്നുണ്ട് എന്നത് മറന്ന് പോകരുത്.

നമ്മുടെ ജഢത്തെ സ്നേഹിക്കുന്നത് ആത്മാവിന്റെ ശത്രുത്വം എന്ന് തന്നെയാണ് എല്ലാ മതഗ്രന്ഥങ്ങളും സാക്ഷിക്കുന്നത്. "ജീവനെ സംരക്ഷിക്കാൻ നിരന്തര പരിശ്രമം ചെയ്യുന്നവൻ അതിനെ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കും" എന്നാണ് വചനം പറയുന്നത്. ജഢത്തെ പോഷിപ്പിച്ച് കൊണ്ട് നാം നടത്തുന്ന എല്ലാ പരിശ്രമങ്ങളും നമ്മുടെ മരണത്തെക്കൂടെ പോഷിപ്പിക്കുകയാണ്.

നമ്മുടെ ശത്രു നാം തന്നെയാണ് എന്ന ഓർമ്മിപ്പിക്കൽ ഇവിടെയുണ്ട് ശത്രുവിനെത്തേടി ഒരുപാട് നാം യാത്ര ചെയ്യേണ്ടതില്ല ശത്രുവിനെ പ്രതിരോധിക്കാൻ ഒരു പാട് പടയൊരുക്കം നടത്തേണ്ടതില്ല. നമ്മുടെ അകത്തെ ശത്രുവിനെത്തന്നെ തോൽപ്പിക്കാനുള്ള ഉത്തരവാദിത്വത്തിലേക്ക് നാം മടങ്ങണം എന്ന് വചനം ഓർമ്മിപ്പിക്കുന്നുണ്ട്. "സർവ്വലോകവും നേടിയിട്ട് ആത്മാവിനെ നഷ്ടമാക്കിയത്" നമുക്കെതിരെയുള്ള ശത്രുത്വം എന്നതാണ് വചനം പറയുക. ജഢത്തിന്റെ ആസ്വാദനങ്ങളിൽ കുടുങ്ങിക്കിടക്കുന്നിടത്തെല്ലാം നാം ആത്മാവിൽ മരിച്ചു വീഴുകയാണ് എന്ന് കൂടി പറഞ്ഞ് വയ്ക്കുന്നുണ്ട്.

സഹോദരനെതിരെ തിരിയുന്നയിടത്തെല്ലാം നാം നമുക്കെതിരെ തിരിയുകയാണ്. നമ്മെ പ്രതിരോധിക്കുന്നവർക്കെതിരെ തിരിഞ്ഞ് നാം സുരക്ഷിതരാവാൻ ആഗ്രഹിക്കുന്നയിടത്തെല്ലാം നമ്മുടെ അരക്ഷിതാവസ്ഥ കൂടുകയാണ് രാഷ്ട്രങ്ങൾ സുരക്ഷയ്ക്ക് വേണ്ടിയാണ് ആയുധങ്ങൾ കരുതിയത്; ശേഖരിച്ചത്. ആയുധങ്ങൾ കൂടിയത് കൊണ്ട് ഓരോ രാഷ്ട്രങ്ങളുടെയും അരക്ഷിതാവസ്ഥ കൂടിയിട്ടേയുള്ളൂ. അപരനെ സ്നേഹിച്ച് ദൈവത്തെ കാണാൻപഠിപ്പിച്ചയിടത്ത് അവനവനെ സ്നേഹിച്ച് ദൈവത്തിലേക്കുള്ള കാഴ്ച നഷ്ടപ്പെടുകയാണ്. നമ്മുടെ ജഢവും ആസക്തിയും നമ്മുടെ ആത്മീയ ജീവനെ നഷ്ടപ്പെടുത്തുമ്പോഴാണ് നാം നമ്മുടെ ശത്രുവായി മാറുക. അന്യന്റെ അന്നത്തിന്റെ ഭാണ്ഡങ്ങൾ നമ്മുടെ തോളിലേറ്റി നടക്കുന്നിടത്താണ് നാം നമ്മുടെ ശത്രുവായി മാറുക". "നാം കരുതിവച്ച ധനത്തിലും നാം കരുതി വച്ച ആയുധത്തിലും നമ്മുടെ കൂടെ മരണത്തിനുള്ള വകയുണ്ടെന്ന് ആരറിയുന്നു. എന്നിട്ടും നാം നമ്മെ മാത്രം സ്നേഹിച്ച് നമ്മുടെ സുരക്ഷയ്ക്കായി ഭാരപ്പെട്ട് ജീവിക്കുകയാണ് ".

E-mail: fr.thirumangalam@gmail.com

വേർപാടിന്റെ നാലാം വർഷം 25.12.2015



സി. ഇ. എബ്രഹാം (അവറാച്ചൻ)

വാഴൂർ ചുങ്കത്തിൽപറമ്പിൽ, ചങ്ങനാശേരി

കെസിയ തങ്കം മാത്യു, അടുതല

(02-02-1993 - 10-12-2002)

ക്രിസ്തുവിൽ ജീവിക്കുന്നു

"നിന്റെ മഹത്വമുദിക്കുന്നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

പ്രാർത്ഥനയോടെ,

കുടുംബാംഗങ്ങൾ,

7TH DEATH ANNIVERSARY
17-11-2015



K. J. KURIAN (SYRIAC)

3RD DEATH ANNIVERSARY
14-12-2015

PENNAMMA KURIAN

Kuruppancheril (Palathinkal)

Chozhiyacadu, Channanicadu p.o.
Kottayam

By Sorrowing family

മഹാനായ ദിവന്നാസിയോസ്

■ ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ

ചരിത്രഗതിയിൽ യുഗപുരുഷനായിരുന്നു മാർ തോമ്മാ ദിവന്നാസിയോസ് എന്ന ആദ്ധ്യാത്മിക ജ്യോതിസ്സ്. 1886 ജൂൺ 16-ന് മാവേലിക്കര പൂവത്തൂർ കല്ലുംമ്പുറത്ത് കുടുംബത്തിൽ ജന്മമെടുത്ത ഈ മഹാശയൻ, മലങ്കര സഭയ്ക്ക് സുസ്ഥിരനേതൃത്വം നൽകി. മഹാപുരോഹിതനായും സമൂഹ നവോത്ഥാനത്തിനായി വിദ്യാഭ്യാസ മേഖലയിലും മിഷൻ മേഖലയിലും തനതായ സംഭാവനകൾ നൽകിയ സാമൂഹിക പരിഷ്കർത്താവായും, മലങ്കര സഭയിൽ പൗരസ്ത്യ സന്യാസ പ്രസ്ഥാനത്തിന് കരുത്തേകിയ രാജേർഷിയായും, 'കാട്ടുപത്തനാപുരത്തെ' 'നാട്ടുപത്തനാപുരമായി' പരിവർത്തനം ചെയ്ത സാംസ്കാരിക നേതാവായും വളർന്നു. 1972 ഡിസംബർ 3-ന് പത്തനാപുരത്തെ താബോർ ദയറായിൽ തന്നെ അന്ത്യവിശ്രമം.

1971 ജൂലൈ 15-ാം തീയതി കേവലം 15 വയസ്സ് മാത്രം അന്നു പ്രായമുണ്ടായി രുന്ന എന്നെ, പത്തനാപുരം താബോർ ദയറായിലേയ്ക്ക് ഉപനയനം ചെയ്ത് അംഗമായി ചേർത്തത് ആ പുണ്യപിതാവായിരുന്നു. ഇന്ന് ദയറായിലുള്ള വൈദികരിൽ അദ്ദേഹത്താൽ ചേർക്കപ്പെട്ട അവസാനത്തെ വൈദികനും ഞാൻ തന്നെയാണ്. 1972 ഡിസംബർ 3-ാം തീയതി കാലം ചെയ്യുന്നതുവരെ അദ്ദേഹത്തിന്റെ പാദപീഠത്തിൽ ഇരുന്ന് ശുശ്രൂഷിക്കുവാൻ സാധിച്ചത് വലിയ പുണ്യമായി കരുതുന്നു. ബലഹീനനായ ഞാൻ മേല്പട്ടസ്ഥാനത്തേയ്ക്ക് അവരോധിക്കപ്പെട്ടപ്പോൾ 'ദിവന്നാസിയോസ്' എന്ന എപ്പിസ്കോപ്പൽ നാമം ലഭിച്ചതും ദൈവനിയോഗമായി കരുതി സന്തോഷിക്കുന്നു. ആ മഹാവ്യക്തിത്വത്തിൽ നിന്നും അടുത്തും അകലെയുമായി ഞാൻ വായിച്ചെടുത്ത നന്മകളുടെ ചില വർണ്ണചിത്രങ്ങളാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം.

താബോർ ഗിരിപോലുന്നതൻ

വിശുദ്ധ നഗരമായ യെരുശലേമിനെ വലയം ചെയ്ത് അനേകം പർവ്വതങ്ങളുണ്ട് എന്ന് വി. വേദപുസ്തകം സാക്ഷിക്കുന്നു. (സങ്കീ. "പർവ്വതങ്ങൾ യെരുശലേമിനെ ചുറ്റിയിരിക്കുന്നു"). ഈ പർവ്വതനിരകളിൽ ഏറ്റവും ഉയർന്ന പർവ്വതമാണ് താബോർ. ആ ഉന്നതമായ താബോറിൽ വച്ചാണ് കർത്താവ് രൂപാന്തരപ്പെട്ടത്. പത്തനാപുരത്ത് ദയറാ സ്ഥാപിച്ചപ്പോൾ 'താബോർ ദയറാ' എന്ന് അദ്ദേഹം നാമകരണം ചെയ്തത്, ആരാധനയുടെയും ജീവിത വിശുദ്ധിയുടെയും ഉന്നതാവസ്ഥയിൽ രൂപാന്തരീകരണം പ്രാപിക്കുന്ന ഇടമായി ദയറാ എക്കാലവും നിലനില്ക്കണം എന്നുള്ള ചിന്തയിലായിരുന്നു. താബോർ ഗിരിയുടെ ഔന്നത്യം തന്റെ ജീവിതത്തിൽ എല്ലാതലങ്ങളിലും നിലനിർത്തിയിരുന്ന ആത്മീയപിതാവായിരുന്നു തിരുമേനി. ഉള്ളിൽ വിളങ്ങിയിരുന്ന ദൈവാംശത്തിന്റെ തേജസ്സ് ആ മുഖത്ത് വിളങ്ങി ശോഭിച്ചിരുന്നു. ആറടി പൊക്കവും, ആനയുടെ മസ്തകം പോലെയുള്ള നെറ്റിത്തടവും അതിൽ രാജലക്ഷണമായ ചന്ദ്രക്കലയും, സൂര്യശോഭയുള്ള മുഖശ്രീയും ദീർഘങ്ങളായ ഹസ്തങ്ങളും എല്ലാം തിരുമേനിയുടെ കായിക ഔന്നത്യലക്ഷണങ്ങളായിരുന്നു. ഇതോടൊപ്പം മനസ്സിന്റെ വിശാലതയും, ധാർമ്മിക-നീതി ബോധത്തിന്റെ ഔന്നത്യവും, ഇടപെടലുകളുടെ ഉന്നതനിലവാരവും എല്ലാം ഒരുമിച്ചു ഒത്തിണങ്ങിയപ്പോൾ അത് തിരുമേനിയുടെ വ്യക്തിത്വത്തെ കൂടുതൽ ആകൃഷ്ടമാക്കി.

കൊടുക്കുന്നതിൽ മടിയില്ലാത്ത സഹൃദയൻ.

'നിന്റെ വലംകൈയ്യ് ചെയ്യുന്നത് ഇടംകൈയ്യ് അറിയരുത്' എന്നുള്ള കർത്തൃവചനം പൂർണ്ണമായി ജീവിതത്തിലൂടെ സാംശീകരിച്ച പിതാവായിരുന്നു അദ്ദേഹം. ബഡ്ജറ്റുകളുടെയും, വ്യക്തമായ കണക്കുകൂട്ടലുകളുടെയും അടിസ്ഥാനത്തിൽ മാത്രം 'ദാനങ്ങൾ' ചെയ്യുന്ന സാധാരണ മനുഷ്യ രിൽ നിന്ന് തിരുമേനി വ്യത്യസ്തനായിരുന്നു. കബളിപ്പിക്കപ്പെടുകയാണ് എന്ന് ബോദ്ധ്യമുള്ള പ്പോഴും ചോദിക്കുന്നവർക്ക് അതിരുകളില്ലാതെ, വാരിക്കോരി കൊടുക്കുവാൻ അദ്ദേഹത്തിന് ഒരു മടിയും ഇല്ലായിരുന്നു. ഒരിക്കൽ അനർഹനായ ഒരു വ്യക്തിക്ക് തിരുമേനി ധാരാളം പണം കൊടുത്തു. അയാൾ കബളിപ്പിക്കു കയായിരുന്നു എന്ന് കൂടെ നിന്നിരുന്ന വൈദികർ ചൂണ്ടിക്കാട്ടിയപ്പോൾ, തിരുമേനിയുടെ പ്രതികരണം ഇങ്ങനെ ആയിരുന്നു. 'ഞാൻ ഒരു വലിയ തെണ്ടി, അവൻ ഒരു ചെറിയ തെണ്ടി; ചോദിക്കാൻ അവന് നാണമില്ലെങ്കിൽ, കൊടുക്കാൻ ഞാൻ എന്തിന് മടിക്കണം.' ദാനധർമ്മത്തെക്കുറിച്ചുള്ള തിരുമേനിയുടെ വലിയ ദർശനമായിരുന്നു ഈ പ്രസ്താവന.

കാലങ്ങൾക്ക് മുമ്പേ സഞ്ചരിച്ച വിശ്വമഹാത്മാവ്

'ദർശനം' (Vision) എന്നത്, ആയിരിക്കുന്ന അവസ്ഥയ്ക്കും കാലത്തിനും അതീതമായി ചിന്തിക്കുവാനും മുൻകൂട്ടി കാണുവാനും വിഭാവനം ചെയ്യുവാനുമുള്ള സർഗ്ഗശേഷിയാണ്. മാർതോമ്മാ ദിവന്നാസിയോസ് തിരുമേനി അസാമാന്യ ദർശനം ഉള്ള വ്യക്തിയായിരുന്നു. പത്തനാപുരത്ത് തന്റെ ആസ്ഥാനമുറപ്പിക്കുമ്പോഴും, സന്യാസാശ്രമങ്ങൾക്ക് അടിസ്ഥാന മിടുമ്പോഴും, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ശ്രൃഖല സമാരംഭിക്കുമ്പോഴും, എന്തിനേറെ ആശ്രമാംഗ ങ്ങളെ തിരഞ്ഞെടുക്കുമ്പോഴും അതിന്റെ പിന്നിലെല്ലാം ദർശനാത്മക വീക്ഷണമുണ്ടായിരുന്നു. 'മൗണ്ട് താബോർ' എന്ന് ദയറാ സമൂഹങ്ങൾക്ക് പേരിട്ടത്, പത്തനാപുരത്ത് തന്റെ കാലത്ത് വലിയ ദേവാലയം പണിയാതെ പിൻഗാമിക്ക് ദേവാലയ നിർമ്മിതി വിട്ടുകൊടുത്തത്, മാലൂർ ഗ്രാമത്തിൽ 100 ഏക്കർ സ്ഥലം കോളേജിനുവേണ്ടി വാങ്ങി അതു ഭാവിയിൽ റൂറൽ യൂണിവേഴ്സിറ്റി ആക്കണം എന്ന് ആഗ്രഹിച്ചത്,



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
കുന്നംകുളം ഭദ്രാസനം
സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി
പനംകുറ്റി പള്ളി
Ph: 94968 97730

വി. ദേവാലയ കൂദാശ
2016 ജനുവരി 11,12 (തിങ്കൾ, ചൊവ്വ)

കർത്താവിൽ പ്രിയരെ,

1977 ൽ സ്ഥാപിതമായ പനംകുറ്റി സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി, പുതിയ ദേവാലയത്തിൽ ആരാധന അർപ്പിച്ച് ദൈവത്തെ മഹത്വപ്പെടുത്തുവാൻ സർവ്വശക്തൻ കൃപ ചൊരിഞ്ഞിരിക്കുന്നു. വി. ദേവാലയ കൂദാശ കർമ്മം 2016 ജനുവരി 11,12 (തിങ്കൾ, ചൊവ്വ) തീയതികളിൽ **പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിലും അഭിവന്ദ്യ ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്തായുടെ സഹകാർമ്മികത്വത്തിലും** നടത്തപ്പെടുന്നു. തുടർന്ന് പൊതുസമ്മേളനം സംസ്ഥാനമനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ **ജസ്റ്റിസ് ജെ. ബി. കോശി** ഉദ്ഘാടനം നിർവ്വഹിക്കുന്നു. പുതിയ ദേവാലയം എന്ന ആശയത്തിന് ബീജാവാപം നൽകിയവർ, സാമ്പത്തികമായും, കായികമായും കൈത്താങ്ങിയവർ, പ്രാർത്ഥനയിൽ നെഞ്ചോടു ചേർത്തവർ, പണിയുടെ പുരോഗതിക്കും പൂർത്തീകരണത്തിനും അഹോരാത്രം പണിയെടുത്തവർ, ഇടവകയ്ക്കുവേണ്ടി വിശ്രമം അറിയാതെ അദ്ധ്വാനിച്ചവർ - എല്ലാവരേയും കൃതജ്ഞതയോടെ ദൈവസന്നിധിയിൽ സമർപ്പിക്കുന്നു.

എല്ലാറ്റിനും ഉപരി അളവറ്റ ദൈവകൃപയ്ക്കു മുമ്പിൽ ശിരസു നമിക്കുന്നു.

വിശുദ്ധ ദേവാലയ കൂദാശയിലേക്കും അനുബന്ധമായി നടക്കുന്ന എല്ലാ പരിപാടിയിലേക്കും ഏവരുടേയും സാന്നിദ്ധ്യവും സഹകരണവും പ്രാർത്ഥനയും പ്രതീക്ഷിച്ചുകൊള്ളുന്നു.

എന്ന്,

ഫാ. ഗീവർഗ്ഗീസ് വെട്ടിക്കുന്നേൽ പനയമ്പാല
(വികാരി) 9400229595

- സ്വീകരണ ഘോഷയാത്ര
- പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ സപ്തതി മന്ദിര സമർപ്പണം
- കൽകുരിശ്, കൊടിമരം എന്നിവയുടെ കൂദാശകൾ
- പൊതു സമ്മേളനം
- സ്നേഹ വിരുന്ന്

കൈസ്ഥാനി



ജോസ് മുളക്കുളം

സെക്രട്ടറി

ജയിംസ് മാടപ്പിള്ളി

കമ്മറ്റി അംഗങ്ങൾ



ബാബു കല്ലോലിക്കൽ



ബെന്നി കല്ലോലിക്കൽ



ഏലിയാസ് ചെമ്മനം

പ്രിൻസ് വട്ടക്കടുപ്പിൽ



ബിപിൻ നാങ്കുളം

ഓഡിറ്റേഴ്സ്



എബി നമ്പേലിൽ

ജാൻസി വട്ടക്കടുപ്പിൽ (സൺഡേ സ്കൂൾ)

ലീല കല്ലോലിക്കൽ (മർത്തമറിയം സമാജം)



ഷിനു പാണ്ട്യാൻകട്ടയിൽ (യുവജനപ്രസ്ഥാനം)

മാവേലിക്കര പുതിയകാവ് പള്ളിയിൽ 5-ാം തുബ്ദേൻ വായിച്ച തോമസ് എന്ന യുവാവിൽ ദയറായിൽ തന്റെ പിൻഗാമിയേയും മലങ്കരയുടെ കാതോലിക്കയെയും ദർശിച്ചത് തുടങ്ങിയവ തിരുമേനിയുടെ ദർശനാത്മകമായ വീക്ഷണത്തിന്റെ ചില ഉത്തമ ഉദാഹ രണങ്ങൾ ആണ്.

കലർപ്പില്ലാത്ത ഭക്തിയുടെ മാതൃക.

ഭക്തി, കേവലം വികാരപരവും, ബുദ്ധിപരവും, ബാഹ്യജാഡകളിലും അവതരണത്തിലും ഒതുങ്ങുന്ന അപ്രീയമായ ഒരു സ്ഥിതിവിശേഷം എല്ലാ മതപശ്ചാത്തലത്തിലും ഇന്നു വർദ്ധി ക്കുന്നുണ്ട്. ഭക്തി അനുഭവപരവും, സഭാപരവും വ്യക്തിജീവിതത്തിന്റെ സമസ്തതലങ്ങളെയും ഗുണപരമായ പരിവർത്തനത്തിന് വിധേയമാക്കുന്നതുമായിരിക്കണം. ഇപ്രകാരമുളള ഭക്തിയാണ് സുസ്തിരവും കാതലായിട്ടുളളതും. അല്ലാതുളളതിന് ദീർഘായുസ്സ് കാണുകയില്ല. വലിയ തിരുമേനിയുടെ ഭക്തി ഒരിക്കലും അവതരണപരമായ ബാഹ്യതലത്തിൽ ആയിരുന്നില്ല. രാത്രിയാമങ്ങളിൽ ഉണർന്നിരുന്ന് കണ്ണീരൊഴുക്കി ദൈവസംസർഗ്ഗം ചെയ്യുന്ന അനുഭവങ്ങൾക്ക് ശിഷ്യഗണം സാക്ഷിയാണ്. പരിശുദ്ധ പരുമല തിരുമേനിയിൽ നിന്നും തന്റെ ഗുരുവായ കല്ലാശ്ശേരി ബാവായിൽ നിന്നും ലഭിച്ച കൗദാശികവും യോഗാത്മകവും ആയ ആന്തരീക ഭക്തിഭാവം തിരുമേനിയിൽ അതിശക്തിയായി നിലനിന്നിരുന്നു. തിരുമേനിയുടെ ഭൗതിക ജീവിതകാലത്തു തന്നെ തിരുമേനിയുടെ പ്രാർത്ഥനയാൽ സൗഖ്യവും അനുഗ്രഹവും ലഭിച്ചവർ അനേകരുണ്ട്. ഇന്നും അദ്ദേഹത്തിന്റെ കബറിങ്കൽ നിന്ന് അനേകർക്ക് ആശ്വാസം ലഭിക്കുന്നു എന്നത് വാസ്തവമാണ്. ഈ ലേഖകന് ധാരാളം അനുഭവസാക്ഷ്യം പറയാനുണ്ട് എങ്കിലും വിസ്തരഭയത്താൽ അതിന് മുതിരുന്നില്ല.

പ്രശ്നങ്ങളെയും പ്രതിസന്ധികളേയും ദൈവാശ്രയത്തോടെ നേരിട്ട വിശ്വാസ വീരൻ

പ്രശ്നങ്ങളും പ്രതിസന്ധികളും ദൈവമക്കൾക്ക് പിൻമാറ്റത്തിനുള്ള അവസരമല്ല, മറിച്ച് ദൈവാശ്രയത്തോടെ നേരിടുവാനുള്ള വലിയ അവസരങ്ങളാണ്. തിരുമേനിയുടെ ജീവിതത്തിൽ സാമ്പത്തീക, സാമുദായിക, സാമൂഹിക വിദ്യാ ഭ്യാസ-സ്ഥാപനവൽക്കരണ മേഖലകളിൽ അനുഭവിച്ച പ്രശ്നങ്ങൾ നിരത്തിയാൽ അതുതന്നെ ഒരു പുസ്തക രചനയ്ക്കുള്ള വിഷയം ആയിതീരും എന്ന് കരുതുന്നു. എന്നാൽ ഇതെല്ലാം തികഞ്ഞ ദൈവാശ്രയത്തോടെ, പരിപക്വതയോടെ ദൈവം കൊടുത്ത ബുദ്ധിയുടെയും യുക്തിയുടെയും പിൻബലത്തോടെ അതിജീവിച്ച ചരിത്രമാണ് തിരുമേനിയുടെത്. സാമ്പത്തിക കടബാദ്ധ്യ തകളും, കോടതി വ്യവഹാരങ്ങളും തിരുമേനിയുടെ കാലത്തുതന്നെ ഏറെക്കുറെ പരിഹരിച്ചുവെങ്കിലും ശേഷിച്ചിരുന്നത് തന്റെ പിൻഗാമിയായി വന്ന പരി. ദിദിമോസ് ബാവായാണ് ഏറ്റെടുത്ത് വിരാമമിട്ടത്.

സന്യസ്തർക്കെന്നും അനുപമ മാതൃക

പൗരസ്ത്യവും പാശ്ചാത്യവും ആയ സന്യാസ പാരമ്പര്യങ്ങളെ സമ്യക്കായി സമന്വയിപ്പിച്ചുകൊണ്ട് ശക്തമായ സന്യാസ പ്രസ്ഥാനം മലങ്കരസഭയിൽ ആരംഭിച്ച് വിജയിപ്പിച്ച പിതാവായിരുന്നു വലിയ തിരുമേനി. ഓക്സ്ഫോർഡിൽ B. Lit-ന് പഠിക്കുമ്പോൾ തിരുമേനി താമസിച്ചത് ഇംഗ്ലണ്ടിലെ ആംഗ്ളിക്കൻ ഹൈചർച്ചിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന 'കൗളി ഫാദേർസ്' സന്യാസ സമൂഹത്തോടൊപ്പമാണ്. അവിടെ നിന്ന് ലഭിച്ച അക്കാഡമിക് ക്രിയാത്മക ജീവിത വീക്ഷണവും മലങ്കര സഭയിലെ വിശുദ്ധന്മാരായ തന്റെ പിതാക്കന്മാരിൽ നിന്ന് ലഭിച്ച ധ്യാനാത്മക സന്യാസ വീക്ഷണവും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സന്യാസ ജീവിത ശൈലിയാണ് പത്തനാപുരത്ത് താബോറിൽ തിരുമേനി നടപ്പാക്കിയത്. പകൽ സ്വർഗ്ഗരാജ്യ സമാശ്വാസ പ്രവർത്തനവും രാത്രികാലങ്ങളിൽ പിതാവുമായി സംസർഗ്ഗത്തിലും കഴിച്ചു കൂട്ടിയ മശിഹാ തമ്പുരാന്റെ ഉദാത്തമാതൃകയും തിരുമേനിയുടെ സന്യാസ ജീവിതശൈലിയിൽ പ്രധാന ഇടം പിടിച്ചു എന്നതാണ് വാസ്തവം. 'Transfer - transform - transfigure - translate' എന്ന നാലു വാക്കുകളിലൂടെ സന്യാസ ജീവിതത്തിന്റെ അന്തസ്സത്ത, തിരുമേനിതന്നെ രചിച്ച 'Mount Tabor' എന്ന പുസ്തകത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. ദൈവശാസ്ത്രപരമായ തിരുമേനിയുടെ ഈ വീക്ഷണം കൂടുതൽ പഠനത്തിനും ഗവേഷണത്തിനും വിധേയമാക്കേണ്ടവയാണ്. ആയിരം റമ്പാന്മാർ (പ്രൊഫഷൻ ലഭിച്ച പൂർണ്ണസന്യാ

സാധാരണയായി ചില ദേവാലയങ്ങളിൽ വാങ്ങിപ്പോയവരുടെ പേരുകൾ എഴുതുന്ന പുസ്തകങ്ങളാണ് "സ്പർഹായേ" എന്നറിയപ്പെടുന്നത്. രണ്ടു സുറിയാനി വാക്കുകൾ ചേർന്നുണ്ടായ പദമാണിത്. 'സ്പർ' എന്നതിന് ബുക്ക്, ദിനവൃത്താന്തം (Chroincle), റിക്കോർഡുകൾ (Records) എന്നൊക്കെയാണർത്ഥം. 'ജീവൻ'എന്നാണ് 'ഹായേ' അർത്ഥമാക്കുന്നത്. ജീവന്റെ പുസ്തകം എന്നാണ് 'സ്പർഹായേ' എന്ന സംയുക്തവാക്കിന്റെ അർത്ഥം.

ക്രിസ്തീയ പാരമ്പര്യത്തിൽ വി.വേദപുസ്തകത്തെ സൂചിപ്പിക്കാനാണ് ഈ വാക്ക് ഉപയോഗിക്കുന്നെങ്കിലും കുറെക്കൂടി പ്രവിശാലമായ അർത്ഥങ്ങൾ ഇതിനുണ്ട്. വിശുദ്ധന്മാരുടെ പേരുകൾ ഉൾപ്പെടുത്തിയ തുബ്ദേനുകൾക്കും 'സ്പർഹായേ' എന്ന വാക്കാണ് ഉപയോഗിക്കുന്നത്. പുരാതന സുറിയാനി പാരമ്പര്യത്തിൽ വിശുദ്ധ കുർബ്ബാനയിൽ സമാധാന ചുംബനത്തിനുശേഷം സാധാരണ തുബ്ദേനുകൾക്കു പകരമായി വാങ്ങിപ്പോയ സഹദേന്മാർ, വിശുദ്ധന്മാർ, താപസന്മാർ തുടങ്ങിയ വിശ്വാസവീരന്മാരുടെ പേരുകൾ ഓർക്കുന്ന പതിവുണ്ടായിരുന്നു. ഈ പേരുകൾ ഉൾപ്പെടുത്തിയ പുസ്തകത്തെ ജീവന്റെ പുസ്തകം എന്നാണ് വിളിച്ചിരുന്നത്. വിശ്വാസികളായ വാങ്ങിപ്പോയവരെ വി.ബലിയിൽ അനുസ്മരിക്കുന്നതിനായി തയ്യാറാക്കിയിരിക്കുന്ന പുസ്തകത്തെയും ഈ പേരിൽ വിളിച്ചിരുന്നു. 11-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മൂശാബർക്കീപ്പായുടെ വി.കുർബ്ബാന വ്യാഖ്യാനത്തിൽ ഇതിനെപ്പറ്റി സൂചിപ്പിക്കുന്നുണ്ട്.

വി.മാമോദീസാ കൂദാശയിൽ കാർമ്മികൻ ഈ ദാസന്റെ (ദാസിയുടെ) നാമം നിന്റെ ജീവഗ്രന്ഥത്തിൽ ചേർക്കേണമേയെന്ന് സ്നാനാർത്ഥിക്കുവേണ്ടി രഹസ്യമായി പ്രാർത്ഥിക്കുന്നുണ്ട്. ഇത് മാമൂദീസാ വഴിയായി വിശുദ്ധന്മാരുടെ ഗണത്തിലേക്ക് ചേർക്കപ്പെടുന്നുവെന്ന് വ്യക്തമാക്കുന്നു. ജീവപുസ്തകത്തിൽ പേരുള്ളവരല്ലാതെ ആരും ദൈവരാജ്യ പ്രവേശനത്തിലേക്ക് അടുത്തുവരുന്നില്ല എന്ന് (വെളി 21 : 27) വേദപുസ്തകവും സാക്ഷിക്കുന്നു. ആ അർത്ഥതലത്തിൽ ക്രൈസ്തവ ജീവിതം 'സ്പർഹായേയിൽ' നാമം ചേർക്കപ്പെട്ട ജീവിതമാണ്.

ഫാ. മാത്യു വർഗീസ്, റോം

I[ST] DEATH ANNIVERSARY

02-12-2015

VALSAMMA MATHEW

NARIYAPURAM

(Bible Auntie to the Malankara Sabha Readers)

RESTS IN HEAVENLY ABODE AFTER
A LIFE FULL OF PRAYERS AND SERVICE
TO HER MASTER

Inserted by:
Thamaravelil Family

5TH BIRTHDAY IN HEAVEN

20-12-2015



GEORGE KOSHY K. (DAIE)

KALLUNKAL HOUSE
KOTTAYAM

Inserted by

Beena Koshy (Wife)
Nidhi Ann Koshy (Daughter)
Dhanya Mary Koshy (Daughter)

5th Death Anniversary

In Everloving Memory of

ABRAHAM T. T.

WANOWRIE, PUNE

DOB: 25 May 1960 DOD-31 Dec 2010

"I have fought the good fight
I have finished the race
and kept the faith" (2 Tim. 4,7)

Jancy Abraham
Kochurani Abraham
Jeevan Abraham
Benny Jose

ശിശുക്ഷേമ രംഗത്തെ സമഗ്ര സംഭാവനക്ക് കേന്ദ്ര വനിതാ-ശിശുക്ഷേമ മന്ത്രാലയത്തിന്റെ 2015-ലെ രാജീവ് ഗാന്ധി മാനവസേവ അവാർഡിന് സാമൂഹ്യ പ്രവർത്തകനും സൈക്കോളജിസ്റ്റുമായ ഡോ. സന്തോഷ് ജി. തോമസിന് രാഷ്ട്രപതി ഡോ. പ്രണബ് മുഖർജി അവാർഡ് സമ്മാനിക്കുന്നു. രണ്ടു പതിറ്റാണ്ടിലേറെയായി ശിശുക്ഷേമ രംഗത്ത് നടത്തി വരുന്ന പ്രവർത്തനങ്ങൾക്കാണ് ഡോ. സന്തോഷിനെ അവാർഡിന് അർഹനാക്കിയത്. ഒരു ലക്ഷം രൂപയും വെള്ളി ഫലകവും പ്രശംസാ പത്രവുമാണ് പുരസ്കാരം.

'നിത്യാനന്ദ്' എന്ന പേരിൽ നിരവധി ഹ്രസ്വ ചിത്രങ്ങൾ നിർമ്മിക്കുകയും സംവിധാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. പത്തനാപുരം വാഴത്തോപ്പ് സെ. മേരീസ് ഇടവക സൺഡേ സ്ക്കൂൾ ഹെഡ് മാസ്റ്ററും ഡിസ്ട്രിക്ട് സൺ ഡേസ്ക്കൂൾ സെക്രട്ടറിയുമാണ്. ISRO ശാസ്ത്രജ്ഞ ഗിഫ്ടി ബഞ്ചമിനാണ് സഹധർമ്മിണി.

ഡയറക്ടർ

സൺഡേസ്ക്കൂൾ ഇടുക്കി ഭദ്രാസന ഡയറക്ടറായി നിയമിതനായ സി. കെ. ജേക്കബ് കൊച്ചേരിൽ. മലങ്കര ഓർത്തഡോക്സ് സഭയുടെ മുൻ മാനേജിംഗ് കമ്മറ്റി അംഗമാണ്.

സികൾ) ഒരുമിച്ച് നിന്ന് നമസ്കരിക്കുന്ന വലിയ സന്യാസ സമൂഹങ്ങൾ തിരുമേനിയുടെ വലിയ സ്വപ്നമായിരുന്നു. പുരുഷന്മാർക്കും സ്ത്രീകൾക്കുമായി തിരുമേനി സമാരംഭിച്ച സന്യാസഭവനങ്ങൾ ഇന്നും മലങ്കര സഭയിലെ ഏറ്റവും വലിയ സന്യാസ പ്രസ്ഥാനങ്ങളാണ്. പത്തനാപുരം താബോർ ദയറായിൽ നിന്ന് ഒരു കാതോലിക്കാ ബാവാ ഉൾപ്പെടെ ആറ് മെത്രാപ്പോലീത്ത ന്മാരെ സഭയ്ക്ക് ലഭിച്ചു എന്നുള്ളതിൽ തന്നെ താബോറിന്റെ ശ്രേഷ്ഠത വെളിപ്പെടുന്നുണ്ടല്ലോ.

പ്രഭാഷണമേഖലയിലെ അദ്വിതീയ വ്യക്തിത്വം.

ശ്രോതാക്കളെ സ്വയം മറവിയിലേക്ക് നയിക്കുവാനും അവരെ തന്നിലേയ്ക്ക് ആകർഷിക്കുവാനും കഴിയുന്ന ഉന്നത പ്രഭാഷകൻ ആയിരുന്നു തിരുമേനി. കൺവൻഷൻ വേദികളിൽ 'കുണ്ടറ ശെമ്മാശ്ശൻ' എന്ന പേരിൽ പ്രസിദ്ധനായിരുന്നു. ഭാഷാശുദ്ധി, വാക്കുകളുടെ പക്വമായ പ്രയോഗം, ശബ്ദഗാംഭീര്യം എന്നിവയുടെ അകമ്പടിയോടെ ആഴമായ വിശ്വാസസത്യങ്ങളും, വേദപുസ്തക സന്ദേശങ്ങളും ദൈവശാസ്ത്രമർമ്മങ്ങളും ലളിതമായും അനർഗ്ഗളമായും മണിക്കുറുകളോളം പ്രസംഗിക്കുവാൻ അദ്ദേഹത്തിന് സാധിക്കുമായിരുന്നു.

ഉപസംഹാരം

ആകാരം കൊണ്ടും, വചനം കൊണ്ടും, കർമ്മം കൊണ്ടും തിരുമേനി ഉന്നതനായിരുന്നു. തിരുമേനിയുടെ സ്നേഹിതൻമാർ സാധാരണക്കാർ മുതൽ ഉന്നതർവരെ ഉണ്ടായിരുന്നു. ഇന്ത്യയുടെ രാഷ്ട്രപതിയായിരുന്ന ഡോ.എസ്. രാധാകൃഷ്ണൻ ഓക്സ്ഫോർഡിൽ തിരുമേനിയുടെ സതീർത്ഥനും സ്നേഹിതനുമായിരുന്നു. രണ്ടാം ലോകമഹായുദ്ധകാലത്ത് 'മിലിട്ടറി ചാപ്ലയിൻ' ആയും തിരുമേനി പ്രവർത്തിച്ചിട്ടുണ്ട്. പൗരസ്ത്യ ക്രൈസ്തവ സംസ്കാരത്തിന്റെ ശോഭ അദ്ദേഹം ഭാരതമണ്ണിൽ പരത്തി; സന്യാസജീവിതത്തിൽ യതിവര്യനായി; വിജ്ഞാനമേഖലകളിൽ പാരംഗതനായി; ഏലിയാവിന്റെ ആത്മാവിൽ ദീർഘദൃഷ്ടിയോടെ പ്രവർത്തിച്ചു; മോശയെപ്പോലെ പൗരോഹിത്യത്തിൽ ഉന്നതശീർഷനായ അജപാലകനായി; എന്നും എക്കാലവും പത്തനാപുരം പ്രദേശക്കാരുടെ 'വലിയ തിരുമേനിയായി'; സമൂഹത്തിൽ ഔന്നത്യമുള്ള ജനനായകനായി. 'മഹാനായ ദിവന്നാസിയോസ്' എന്ന അപരനാമത്തിന് തിരുമേനി തികച്ചും അർഹനാണ്. ■

ഡോക്ട്രേറ്റ്

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നിന്ന് എൻവയോൺമെന്റൽ മൈക്രോബയോളജി & ബയോ ടെക്നോളജിയിൽ ഡോക്ട്രേറ്റ് നേടിയ സെറിൻ സാറാ ജോൺ. പത്തനംതിട്ട കുറ്റിമണ്ണിൽ പരേതനായ ഡോ. കെ. സി. ജോണിന്റെയും ആനിയുടേയും മകളും ഇടപ്പള്ളി സജി ഭവനിൽ കോശി ജോണിന്റെ (അസി. പബ്ലിക് റിലേഷൻസ് ഓഫീസർ, അഡ്വക്കേറ്റ് ജനറൽ ഓഫീസ് & ഭദ്രാസന സെക്രട്ടറി, യുവജനപ്രസ്ഥാനം അങ്കമാലി) ഭാര്യയുമാണ്. ആലുവ യു.സി. കോളജ് ബയോടെക്നോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ. കളമശ്ശേരി സെ. ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം.

33rd Death Anniversary

O.V. VARGHESE

Olickel, Vayalathala

Inserted By:

Annamma George & Family
O.V. Thomas & Family,
Aleyamma George & Family,
O.V. John & Family,
Annamma Samuel & Family,
O.V. Mathew & Family,
Omana Varghese, E.V. Varghese, Vinod Varghese, Blessy, Janis, Mariyam, Iona, & Adv. Vivek Varghese,
Edamurickel, Noorommave, Mallappally.

BRIDE GROOM WANTED

Orthodox priest invites proposals for their daughter B.Tech (26/156 cm) from parents of employed professional boys. Decons are also preferred.

Contact :
9497800699
8547554090

BRIDE WANTED

Orthodox parents invites proposals for their only Son, 29, fair, handsome, 168cm, B.Sc Nurse, MOH Kuwait.

Contact :
M4 ID: 4108785
9496909544

BRIDE GROOM WANTED

Orthodox parents invite proposals for their daughter 24/149, MSc. Maths, doing BEd, from parents of professionally qualified employed boys.

Contact :
9495392453, 8547249325, 9447415166
josethomasktym@gmail.com

BRIDE WANTED

അബുദാബിയിൽ എഞ്ചിനീയർ, സുമുഖനായ ഓർത്തഡോക്സ് യുവാവ് B.Tech, MBA (27, 185 cm) ഉൽക്കൃഷ്ട കുടുംബം, ഉയർന്ന സാമ്പത്തികം. ജനുവരി 1-ന് അവധിക്കു വരുന്നു. ഇടതുകയ്യിലെ ചില വിരലുകൾക്ക് ജന്മനാ നീളം കുറവാണ്. ജോലിയുള്ളതോ, അഭ്യസ്ഥവിദ്യരോ ആയ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് ആലോചന ക്ഷണിക്കുന്നു.

Contact : **M4 ID: 4083621, Mob. 8111842825**

For Favours Received

Prof. C. J. Samuel, C.A. Santhosh Cherian
Vinu Varghese

Anisha An
Abraham

BRIDE GROOM WANTED

പുരാതന ഓർത്തഡോക്സ് കുടുംബത്തിലെ സ്വഭാവശുദ്ധിയുള്ള പെൺകുട്ടിക്ക് അനുയോജ്യനായ വരനെ ആവശ്യമുണ്ട്. വയസ്സ്- 29, വിദ്യാഭ്യാസം- MBA. HR, ഉയരം-5'4", ഭാരം-54 kg, വെള്ളനിറം. ഇപ്പോൾ മുംബയിൽ ജോലി. ആസ്ട്രേലിയയിലാണ് MBA ക്ക് പഠിച്ചത്. താല്പര്യമുള്ളവർ ബന്ധപ്പെടുക.

09820318027 (Mrs. മറിയാമ്മ)
08108449626 (Mr. കുര്യൻ)

In Everloving Memory of



Rev. Fr Samuel Mattathil
(22-01-1892 to 05-01-1960)
(S/o Sri. Varghese Kurien,
(Former Managing Committe Member from Cheriapalli, Kottayam) &
Smt. Annamma, Pothanickal, Manarcaud
Mattathil, Thazhathangadi, Kottayam,
Founder Vicar of Orthodox Syrian Church, Calicut

A dedicated missionary priest who was instrumental in establishing several Churches in Malabar and Wynad regions, and who also served as Vicar at different Churches at Pathanapuram, Vadasserikkara and Kottayam. a scholar of Syriac and Church Sacraments and who was well versed in 13 other languages including.
English, French, Latin Greek, Hebrew and Arabic Former faculty member at Old Seminary. Kottayam. Translated Hudaya Canon into Malayalam and several other Theological books from Syriac to Malayalam.



Mrs. Mariamma Samuel
(17-11-1909 to 25-04-1990)
D/o Sri. Pavoonni Master, Chowalloor House
& Kunnamkulam Panakkal Smt. Achamma,
(Maliekkal), Thozhiyur, Kunnamkulam

Inserted By:
Children, Grand Children and
Great Grand Children, Mattathil
Family, a branch of
Adangappuram, Kallooppara
Mob. 9447456938, 0481-2570759

പുസ്തകശാല

മതം ശാസ്ത്രം ദർശനം
പൗലോസ് മാർ ഗ്രീഗോറിയോസ്

പാശ്ചാത്യ-പൗരസ്ത്യ-ഭാരതീയ ദർശനങ്ങൾ വിശദീകരിക്കുന്ന 19 ദാർശനിക പ്രബന്ധങ്ങളുടെ സമാഹാരം. 1954 മുതൽ1996 വരെ എഴുതിയ പ്രധാന രചനകൾ. സോഫിയാ ബുക്സ്, കോട്ടയം, പേജ്-272, വില-150.

വിശുദ്ധ വേദപുസ്തകം
പി.റ്റി. മാത്യു

വി. ബൈബിളിലെ ഓരോ പുസ്തകത്തിന്റെയും ഇതിവൃത്തം ജനഹൃദയങ്ങളിൽ സ്വാധീനിക്കത്തക്കവിധം സംഗ്രഹിച്ചിരിക്കുന്നു. അപ്പോക്രിഫാ രചനകൾ ഉൾപ്പെടെ 73 പുസ്തകങ്ങളുടെ സാരം ഹൃദ്യമായി ആവിഷ്ക്കരിച്ചിരിക്കുന്നു. അവതാരിക: ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, പൂന്തുരുത്തിൽ കാനാവിൽ, കിടങ്ങന്നൂർ, 689514, പേജ്-304, വില:150.

Godly Virtues
O.C. Cherian



This book is a collection of 26 articles begining with 'attitude' and ending with 'Zebra Line' in the alphabetical Order. Each article is highly informative sprinkled with biblical verses. Public speakers can make use of these articles to enrich their thoughts. Forword: Fr. Dr. K.T. Mathews. For books contact: 9446285784

കുറിയേലായിസോൻ
ഫാ. രാജൻ ജോർജ്



മരണമുഖത്തു നിന്നും ജീവനിലേക്ക് ദൈവം വിളിച്ചു ചേർത്ത ഫാ. രാജൻ ജോർജ് രോഗാവസ്ഥയിൽ ദൈവത്തോട് നടത്തിയ 1001 അപേക്ഷകൾ. കരൾമാറ്റ ശസ്ത്രക്രിയയുടെ അനുഭവങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. അവതാരിക: കുര്യാക്കോസ് മാർ ക്ലീമീസ് മെത്രാപ്പോലീത്ത. മാർ ഗ്രിഗോറിയോസ് ശാന്തി സദനം, മാക്കാംകുന്ന്, പത്തനംതിട്ട, പേജ്-64.



സ്മരണ

സമാനതകളില്ലാത്ത സമുന്നത കൊച്ചച്ചൻ

കെ. വി. മാമ്മൻ

ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാംപാദത്തിൽ രൂപം കൊണ്ട മലബാർ ഭദ്രാസനത്തിനുവേണ്ടി ജീവിതം സമർപ്പിച്ച് മലപ്പുറം, പാലക്കാടു ജില്ലകളിലെ മലമടക്കുകളിലും കുഗ്രാമങ്ങളിലും കാൽനടയായി സഞ്ചരിച്ച് 20-ൽ അധികം പള്ളികൾ സ്ഥാപിക്കുകയും 30-ഓളം പള്ളികളിൽ വികാരിയായിരിക്കുകയും ചെയ്ത ഫാ. എം.എം. ഏബ്രഹാം നവംബർ 5-നു അന്തരിച്ചു. എന്റെ കനിഷ്ഠ സഹോദരസ്ഥാനീയനും ഉത്തമ സുഹൃത്തുമായിരുന്ന ഫാ. ഏബ്രഹാം സമാനതകൾ ഇല്ലാത്ത ഒരു "സമുന്നത കൊച്ചു വൈദികനാ"യിരുന്നു.

ബാല്യത്തിൽ തന്നെ സഭാ സേവന രംഗത്തു കടക്കാൻ സ്വയം തീരുമാനിച്ചു. പിതാവിന്റെ ജന്മദേശമായ നിരണത്തും മാതാവിന്റെ ജന്മനാടായ മല്ലപ്പള്ളിയിലും കോളജുകൾ ഇല്ലാതിരുന്നതുകൊണ്ട് കോഴിക്കോട്ടെ ദേവഗിരി കോളജിൽ ചേർന്നു സ്കോളർഷിപ്പോടെ ബി.എസ്.സി. പാസ്സായി. പത്രോസ് മാർ ഒസ്താത്തിയോസ് മലബാർ ഭദ്രാസനത്തിന്റെ വിവിധ ഭാഗങ്ങളിലെ ചെറിയ പള്ളികൾ പുനരുദ്ധരിച്ചുകൊണ്ടിരുന്ന കാലഘട്ടം. അങ്ങനെയിരിക്കെ തന്റെ പ്രവർത്തനങ്ങളിൽ കൂട്ടുവേലക്കാരായിവന്ന രണ്ടു പ്രമുഖ വൈദികരായിരുന്നു വികാരി ജനറാൾ ആനിക്കാട്ടു ഫാ. വി.ഐ. തോമസും, ഫാ. എം.എം. ഏബ്രഹാമും. കുടിയേറ്റക്കാർക്കുവേണ്ടി പള്ളികളും സെമിത്തേരികളും ആരംഭിച്ചപ്പോൾ, റീത്തുകാർ നമ്മുടെ സഭാംഗങ്ങളെ വലവീശിയെടുക്കാനും ശ്രമിച്ചിരുന്നു. നേരത്തെ കുടിയേറിയ പലരും വൈദികരുടെ "മണ്ണോടു മണ്ണു ചേരുക" എന്ന പ്രാർത്ഥന ലഭിക്കാതെ സെമിത്തേരികൾ ഇല്ലാത്ത സ്ഥലങ്ങളിലാണു സംസ്ക്കരിക്കപ്പെട്ടത്.

ഓർത്തഡോക്സുകാർക്കുവേണ്ടി പള്ളികളും സെമിത്തേരികളും ഉണ്ടാക്കുക, റീത്തുകാരുടെ കടന്നാക്രമണങ്ങളെ ചെറുക്കുക എന്നീ ദ്വിമുഖ പ്രവർത്തനത്തിലാണു അഞ്ചടി രണ്ടിഞ്ചു പൊക്കമുള്ള ഫാ. ഏബ്രഹാം മുഖ്യമായും ശ്രദ്ധിച്ചത്. ഇതിന്റെ ഫലമായിട്ടാണു വടക്ക് ഇരുപതിൽപരം പള്ളികൾ അതിവേഗം രൂപം കൊണ്ടത്. പള്ളികൾ ഉണ്ടായതോടെ നമ്മുടെ സഭാംഗങ്ങളായ കുടിയേറ്റക്കാർ ആരും തന്നെ 1970ലെ ഭിന്നിപ്പിനു ശേഷവും നവീകരണ-റീത്തു വിഭാഗങ്ങളിലേക്കു പോയിട്ടില്ല.

മുപ്പതിൽപരം പള്ളികളിൽ ഹ്രസ്വകാല വികാരിയായിരുന്ന ഘട്ടത്തിൽ തന്നെ അച്ചൻ ഭദ്രാസനത്തിനു വേണ്ടി തച്ചമ്പാറയിലും എളമ്പുലാശ്ശേരിയിലും കുറെ സ്ഥലം സമ്പാദിച്ചിരുന്നു റിട്ടയർ ചെയ്ത ശേഷം. ഏതാനും വർഷം തന്റെ സഹപാഠിയും പ്രവാസിയും ആയ ഒരു സുഹൃത്തിന്റെ കല്ലടിക്കോട്ടുള്ള നാലേക്കർ സ്ഥലത്തെ വീട്ടിൽ താമസിച്ചുകൊണ്ടു ചരിത്രം, സാമൂഹ്യ ശാസ്ത്രം, രാഷ്ട്രമീമാംസ എന്നീ വിഷയങ്ങളിൽ മൂന്നു എംഎ ബിരുദം നേടി. ചെറുപ്പം മുതലേ ഒരു വായന പ്രിയനായിരുന്നു അച്ചൻ എന്നു പലപ്പോഴും കല്ലടിക്കോട്ടുള്ള അച്ചന്റെ തൽക്കാലിക വസതിയിൽ രാപാർത്തിട്ടുള്ള എനിക്കു തറപ്പിച്ചു പറയാനാവും.

നേരത്തെ കോയമ്പത്തൂർ തടാകം ക്രിസ്തുശിഷ്യാശ്രമത്തിലും പിന്നീടു യാച്ചാരം ബാലഗ്രാമിലും സേവനം ചെയ്ത ശേഷമാണു ഫാ. ഏബ്രഹാം ജീവിത സായാഹ്നത്തിൽ ബാംഗ്ലൂർ നാംസ് സ്നേഹസദനത്തിൽ ചാപ്ലെയിനായും വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ബാഹ്യകേരള വൈദികനായും നല്ല സേവനം ചെയ്തത്.

അരശതാബ്ദം മലബാറിൽ സേവനം ചെയ്ത ഫാ. ഏബ്രഹാമിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി 2010 നവംബർ 20-നു കല്ലടിക്കോട്ടു വച്ച് അച്ചൻ സ്ഥാപിച്ച 20 പള്ളികൾ ചേർന്നു കൊണ്ടാടി.

പാവപ്പെട്ടവരോടുള്ള കരുണ, അദമ്യമായ സഭാ സ്നേഹം, ഗ്രന്ഥപാരായണാസക്തി എന്നിവയായിരുന്നു അച്ചന്റെ മുഖമുദ്ര.

(അച്ചനെപ്പറ്റി കൂടുതൽ അറിയാൻ താല്പര്യമുള്ളവർക്കു കെ.വി. മാമ്മൻ എഴുതിയ നിസ്വാർത്ഥ സഭാ സ്നേഹത്തിന്റെ നിർമ്മല പ്രതീകം എന്ന പുസ്തകം വായിച്ചു മനസ്സിലാക്കാവുന്നതാണ്).

Holy Baptism

Holy Baptism of Nohaan Jacob (Thomas) Kollemkunnel Puthupally at St. George Orthodox Cathedral. Chief Celebrant Fr. Mathew Varghese (Vicar). God Father-Mohan Jacob. Maternal Grand Father-Adv. (Dr.) Issac Pampady. (General Secretary, Ardra, Treasurer, MGOCSM)

വി. മാർത്തോമ്മ ശ്ലീഹായാൽ AD 54-ൽ സ്ഥാപിതവും
വിശുദ്ധന്റെ തിരുശേഷിപ്പിടവും മാർത്തോമ്മൻ
തീർത്ഥാടന കേന്ദ്രവുമായ
നിരണം പള്ളിയിൽ
വി. മാർത്തോമ്മ ശ്ലീഹായുടെ പെരുന്നാൾ
2015 ഡിസംബർ
13 മുതൽ 21 വരെ
പരിശുദ്ധകാതോലിക്ക ബാവാതിരുമേനിയും
അഭി. തിരുമേനിമാരും കാർമ്മികത്വം വഹിക്കുന്നു
പെരുന്നാൾ വിളംബര റാലി * കൊടിഘോഷ യാത്ര * കൊടിയേറ്റ് * പരിസ്ഥിതി സമ്മേളനം
* അനുഗ്രഹ സംഗമം * തിരുവചന ശുശ്രൂഷ * ഭദ്രാസന മർത്തമറിയം സമ്മേളനം
* ബാലിക ബാലസമാജം സമ്മേളനം * സുവിശേഷ സംഘം ധ്യാനം
* വൈദിക സംഗമം * കുടുംബ സംഗമം * ഭക്തിനിർഭരമായ പ്രദക്ഷിണം
* ശ്ലൈഹിക വാഴ്‌വ് * വി. അഞ്ചിന്മേൽ കുർബാന * വെച്ചൂട്ട്
St. Marys Orthodox Church, Niranam P.O, Thiruvalla • Tel: 0469 2711 510

THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004
Published on 10/December/2015

RNI No. 3076/57, Reg. No. KL/KTM/39/2015-17
License No. KL/CR/KTM/WPP-36/2015-17
Licensed to Post Without Pre-Payment

PRINTED AND PUBLISHED BY FR. DEEPU PHILIP, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, CHIEF EDITOR FR. DR. JOHN THOMAS KARINGATTIL